കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, 1881

## (1881-ലെ 26-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനു വേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

വില :

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, 1881

(1881-ലെ 26-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

# കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, 1881

## വകുപ്പുകളുടെ വിന്യാസം


ആമുഖം

അദ്ധ്യായം I

പ്രാരംഭികം

1. ചുരുക്കപ്പേര്.
തദ്ദേശവ്യാപ്തി, ഹുണ്ടിക മുതലായവയെ സംബന്ധിക്കുന്ന വഴക്കങ്ങളെ ഒഴിവാക്കൽ.
പ്രാരംഭം.
2. [റദ്ദാക്കപ്പെട്ടു].
3. വ്യാഖ്യാനഖണ്ഡം.
"ബാങ്കർ".

അദ്ധ്യായം II

പ്രോനോട്ടുകളേയും വിനിമയപത്രങ്ങളേയും ചെക്കുകളേയും കുറിച്ച്

4. "പ്രോനോട്ട്".
5. "വിനിമയപത്രം".
6. "ചെക്ക്".
7. "ഡ്രായർ".
"ആവശ്യാർത്ഥമുള്ള ഡ്രായി".
"പ്രതിഗൃഹീതാവ്".
"ആദരണാർത്ഥപ്രതിഗൃഹീതാവ്".
"ആദാതാവ്".
8. "ധാരകൻ".
9. "മുറയ്ക്കുള്ള ധാരകൻ".
10. "മുറയ്ക്കുള്ള പണം കൊടുക്കൽ".
11. അന്തർദേശീയ പ്രമാണം.
12. വിദേശീയ പ്രമാണം.
13. "കൈമാറാവുന്ന പ്രമാണം".

14. ‘‘കൈമാററൽ’’.

15. എൻഡോഴ്സ് ചെയ്യൽ.

16. ‘‘ബ്ലാങ്ക് എൻഡോഴ്സ്മെൻറ്’’.
‘‘പൂർണ്ണ എൻഡോഴ്സ്മെൻറ്’’.
‘‘എൻഡോഴ്സി’’.

17. സന്ദിഗ്ദ്ധാർത്ഥകമായ പ്രമാണങ്ങൾ.

18. തുക അക്കങ്ങളിലും വാക്കുകളിലും വ്യത്യസ്തമായി പറഞ്ഞിരിക്കുന്നിടത്ത്.

19. ആവശ്യപ്പെടുമ്പോൾ പണം കൊടുക്കേണ്ട പ്രമാണങ്ങൾ.

20. സ്ററാമ്പ് പതിച്ച അപൂർണ്ണ പ്രമാണങ്ങൾ.

21. ‘‘കാണുമ്പോൾ’’.
‘‘പ്രസൻറ് ചെയ്യുമ്പോൾ’’.
‘‘കണ്ടതിനുശേഷം’’.

22. ‘‘കാലം എത്തൽ’’.
സൗജന്യനാളുകൾ.

23. പ്രമാണത്തീയതിക്കോ കണ്ടതിനോ ശേഷം ഇത്ര മാസങ്ങൾ കഴിഞ്ഞ് പണം കൊടുക്കേണ്ട വിനിമയപത്രത്തിൻേറയോ പ്രോനോട്ടിൻേറയോ കാലം എത്തൽ കണക്കാക്കുന്നത്.

24. പ്രമാണത്തീയതിക്കോ കണ്ടതിനോ ശേഷം ഇത്ര ദിവസങ്ങൾ കഴിഞ്ഞ് പണം കൊടുക്കേണ്ട വിനിമയപത്രത്തിൻേറയോ നോട്ടിൻേറയോ കാലമെത്തൽ കണക്കാക്കുന്നത്.

25. കാലമെത്തുന്ന ദിവസം ഒഴിവുദിവസമാകുമ്പോൾ.


## അദ്ധ്യായം III

## പ്രോനോട്ടുകളിലേയും വിനിമയപത്രങ്ങളിലേയും ചെക്കുകളിലേയും കക്ഷികൾ


26. പ്രോനോട്ടുകൾ മുതലായവ എഴുതി കൊടുക്കുന്നതിനും മററുമുള്ള സമർത്ഥത.
മൈനർ.

27. ഏജൻസി.

28. ഒപ്പിടുന്ന ഏജൻറിൻെറ ബാദ്ധ്യത.

29. ഒപ്പിടുന്ന നിയമാനുസൃതപ്രതിനിധിയുടെ ബാദ്ധ്യത.

30. ഡ്രായറുടെ ബാദ്ധ്യത.

31. ചെക്കിൻെറ ഡ്രായിയുടെ ബാദ്ധ്യത.

32. പ്രോനോട്ട് എഴുതി കൊടുക്കുന്ന ആളുടേയും വിനിമയപത്രം പ്രതിഗ്രഹിക്കുന്ന ആളുടേയും ബാദ്ധ്യത.

33. ആവശ്യമായി വന്നാലോ അല്ലെങ്കിൽ ആദരണാർത്ഥമോ ഒഴികെ ഡ്രായിക്കുമാത്രമേ പ്രതിഗൃഹീതാവ് ആകാവൂ.

34. പങ്കാളികളല്ലാത്ത പല ഡ്രായികൾ പ്രതിഗൃഹിക്കുന്നത്.

35. എൻഡോഴ്സറുടെ ബാദ്ധ്യത.

36. മുറയ്ക്കുള്ള ധാരകനോട് മുൻകക്ഷികൾക്കുള്ള ബാദ്ധ്യത.

37. എഴുതിക്കൊടുക്കുന്നവനും ഡ്രായറും പ്രതിഗൃഹീതാവും മൂല അധമർണ്ണൻമാർ.

38. മുൻകക്ഷി ഓരോ പിൻകക്ഷിയെ സംബന്ധിച്ചും മൂല അധമർണ്ണൻ.

39. ജാമ്യം.

40. എൻഡോഴ്സറുടെ ബാദ്ധ്യത വിടുത്തുന്നത്.

41. എൻഡോഴ്സ്മെൻറ് വ്യാജനിർമ്മിതം എങ്കിലും പ്രതിഗൃഹീതാവ് ബാദ്ധ്യസ്ഥനാണ്.

42. കല്പിതമായ പേരിൽ ഡ്രാ ചെയ്ത വിനിമയപത്രത്തിൻെറ പ്രതിഗ്രഹണം.

43. പ്രതിഫലം കൂടാതെ എഴുതിക്കൊടുത്തതോ മററോ ആയ കൈമാററം ചെയ്യാവുന്ന പ്രമാണം.

44. പണമായ പ്രതിഫലം ഭാഗികമായി ഇല്ലാതിരിക്കുകയോ വ്യർത്ഥമാവുകയോ ചെയ്യുന്നത്.

45. പണമല്ലാത്ത പ്രതിഫലം ഭാഗികമായി വ്യർത്ഥമാകുന്നത്.

45 ക. നഷ്ടപ്പെട്ട വിനിമയപത്രത്തിൻെറ ഡ്യൂപ്ലിക്കേററിന് ധാരകനുള്ള അവകാശം.


## അദ്ധ്യായം IV

## കൈമാററം ചെയ്യലിനെക്കുറിച്ച്


46. ഡെലിവറി.

47. ഡെലിവറിവഴി കൈമാറുന്നത്.

48. എൻഡോഴ്സ്മെൻറുവഴി കൈമാറുന്നത്.

49. ബ്ലാങ്ക് എൻഡോഴ സ്മെൻറ് പൂർണ്ണ എൻഡോഴ്സ്മെൻറായി മാററുന്നത്.

50. എൻഡോഴ്സ്മെൻറിൻെറ പ്രഭാവം.

51. ആർക്ക് കൈമാറാമെന്ന്.

52. തൻെറ സ്വന്തം ബാദ്ധ്യത ഒഴിച്ചുനിറുത്തുകയോ അത് സോപാധികമാക്കുകയോ ചെയ്യുന്ന എൻഡോഴ്സർ

53. മുറയ്ക്കുള്ള ധാരകനിൽനിന്ന് ഉടമാവകാശം സിദ്ധിക്കുന്ന ധാരകൻ.

54. ബ്ലാങ്കായി എൻഡോഴ്സ് ചെയ്ത പ്രമാണം.

55. ബ്ലാങ്ക് എൻഡോഴ്സ്മെൻറ് പൂർണ്ണ എൻഡോഴ്സ്മെൻറായി മാററുന്നത്.

56. കൊടുക്കേണ്ട തുകയുടെ ഭാഗത്തിന് എൻഡോഴ്സ് ചെയ്യുന്നത്.
57. നിയമാനുസൃത പ്രതിനിധിക്ക് മരിച്ചുപോയ ആരം എൻഡോഴ്സ് ചെയ്ത പ്രമാണം ഡെലിവറിവഴി മാത്രം കൈമാററം ചെയ്യാവുന്നതല്ല.
58. നിയമവിരുദ്ധമായ മാർഗ്ഗത്തിലൂടെയോ നിയമവിരുദ്ധമായ പ്രതിഫലത്തിൻമേലോ നേടിയ പ്രമാണം.
59. അനാദരണത്തിനുശേഷമോ കാലാവധിയെത്തൽ കഴിഞ്ഞിരിക്കുമ്പോഴോ ആർജ്ജിച്ച പ്രമാണം. സൗകര്യത്തിനുവേണ്ടിയുള്ള പ്രോനോട്ടോ വിനിമയപത്രമോ.
60. പണം കൊടുക്കുകയോ ഇടപാടു തീർക്കുകയോ ചെയ്യുന്നതുവരെ പ്രമാണം കൈമാററം ചെയ്യാമെന്ന്.

## അദ്ധ്യായം V

## പ്രസൻറ് ചെയ്യലിനെക്കുറിച്ച്

61. പ്രതിഗ്രഹണത്തിന് പ്രസൻറ്ചെയ്യൽ.
62. പ്രോനോട്ട് കാണുന്നതിനുവേണ്ടി പ്രസൻറ്ചെയ്യൽ.
63. ഡ്രായിക്ക് ആലോചിക്കാൻ സമയം.
64. പണം കിട്ടുന്നതിനുവേണ്ടി പ്രസൻറ്ചെയ്യൽ.
65. പ്രസൻറ് ചെയ്യുന്നതിനുള്ള മണിക്കൂറുകൾ.
66. പ്രമാണത്തീയതിക്കുശേഷമോ കണ്ടതിനുശേഷമോ പണം കൊടുക്കേണ്ട പ്രമാണം, പണം കിട്ടുന്നതിന് പ്രസൻറ് ചെയ്യുന്നത്.
67. തവണകളായി പണം കൊടുക്കേണ്ട പ്രോനോട്ട് പണം കിട്ടുന്നതിന് പ്രസൻറ് ചെയ്യുന്നത്.
68. ഒരു വിനിർദ്ദിഷ്ടസ്ഥലത്തുവച്ചും മറെറവിടെയുമല്ലാതേയും പണം കൊടുക്കേണ്ട പ്രമാണം പണം കിട്ടുന്നതിന് പ്രസൻറ് ചെയ്യുന്നത്.
69. വിനിർദ്ദിഷ്ടസ്ഥലത്തുവച്ച് പണം കൊടുക്കേണ്ട പ്രമാണം.
70. അനന്യമായ ഒരു സ്ഥലം വിനിർദ്ദേശിച്ചിട്ടില്ലാത്തിടത്ത് പ്രസൻറ് ചെയ്യൽ.
71. രചയിതാവ് മുതലായവർക്ക് അറിയപ്പെടുന്ന ബിസിനസ്സ് സ്ഥലമോ താമസസ്ഥലമോ ഇല്ലാത്തപ്പോരം പ്രസൻറ് ചെയ്യൽ.
72. ചെക്ക് ഡ്രായറെ ബാദ്ധ്യസ്ഥനാക്കുന്നതിന് പ്രസൻറ്ചെയ്യൽ.
73. ചെക്ക് മറേറതെങ്കിലും ആളെ ബാദ്ധ്യസ്ഥനാക്കുന്നതിന് പ്രസൻറ് ചെയ്യൽ.
74. ആവശ്യപ്പെടുമ്പോരം പണം കൊടുക്കേണ്ട പ്രമാണം പ്രസൻറ്ചെയ്യൽ.
75. ഏജൻറ്, മരിച്ചുപോയ ആളുടെ പ്രതിനിധി, നിർദ്ധനൻെറ തീറുകാരൻ എന്നിവരാേ, എന്നിവർക്കോ പ്രസൻറ്ചെയ്യൽ.

75 ക. പ്രതിഗ്രഹണത്തിനോ പണം കിട്ടുന്നതിനോ പ്രസൻറ് ചെയ്യുന്നതിനുള്ള കാലതാമസത്തിന് മാപ്പ്.

76 പ്രസൻറ്ചെയ്യൽ ആവശ്യമില്ലാത്തത് എപ്പോഠ.

77 പണം കിട്ടുന്നതിന് പ്രസൻറ് ചെയ്തിട്ടുള്ള വിനിമയപത്രം ഉപേക്ഷാപൂർവ്വം കൈകാര്യം ചെയ്യുന്ന ബാങ്കറുടെ ബാദ്ധ്യത.

## അദ്ധ്യായം VI

## പണം കൊടുക്കുന്നതിനേയും പലിശയേയും കുറിച്ച്

78 പണം കൊടുക്കുന്നത് ആർക്കായിരിക്കണമെന്ന്.

79 നിരക്ക് വിനിർദ്ദേശിച്ചിട്ടുള്ളപ്പോഠ പലിശ.

80 നിരക്ക് വിനിർദ്ദേശിച്ചിട്ടില്ലാത്തപ്പോഠ പലിശ.

81 പ്രമാണം പണം കൊടുക്കുമ്പോഠ ഡെലിവർ ചെയ്യുന്നത് അല്ലെങ്കിൽ നഷ്ടപ്പെടുന്ന സംഗതിയിൽ നഷ്ടോത്തരവാദം ചെയ്യുന്നത്.

## അദ്ധ്യായം VII

## പ്രോനോട്ടുകഠ, വിനിമയപത്രങ്ങഠ ചെക്കുകഠ എന്നിവയിൻ മേലുള്ള ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നതിനെക്കുറിച്ച്

82 ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കൽ—

(ക) വെട്ടിക്കളയൽവഴി.

(ഖ) ബാദ്ധ്യത വിടുത്തുന്നതുവഴി.

(ഗ) പണം കൊടുക്കുന്നതുവഴി.

83 പ്രതിഗ്രഹിക്കാൻ ഡ്രായിക്ക് നാല്പത്തെട്ടു മണിക്കൂറിലധികം സമയം അനുവദിക്കുന്നതുവഴി ബാദ്ധ്യത ഒഴിവാക്കൽ.

84 ചെക്കു മുറയ്ക്ക് പ്രസൻറു ചെയ്യാതിരിക്കുകയും ഡ്രായർക്ക് അതുവഴി നഷ്ടം ഉണ്ടാവുകയും ചെയ്യുമ്പോഠ.

85 ആർഡർക്ക് പണം കൊടുക്കേണ്ട ചെക്ക്.

85 ക. ബാങ്കിൻെറ ഒരു ശാഖയിൽനിന്ന് മററൊരു ശാഖയിലേക്ക് ആർഡർക്കു പണംകൊടുക്കേണ്ടതായി ഡ്രാചെയ്ത ഡ്രാഫ്ററുകഠ.

86 വിശേഷിതമോ പരിക്ലിപ്തമോ ആയ പ്രതിഗ്രഹണത്താൽ സമ്മതിക്കാത്ത കക്ഷികഠ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നത്.

87 സാരമായ ഭേദപ്പെടുത്തലിൻെറ പ്രഭാവം. എൻഡോഴ്സിയാലുള്ള ഭേദപ്പെടുത്തൽ.

88 മുൻഭേദപ്പെടുത്തൽ ഉണ്ടായിരുന്നാൽ തന്നെയും പ്രതിഗൃഹീതാവോ എൻഡോഴ്സറോ ബദ്ധരാണെന്ന്.

89 ഭേദപ്പെടുത്തൽ ദൃശ്യമല്ലാത്ത പ്രമാണത്തിലെ പണം കൊടുക്കൽ.

90 പ്രതിഗൃഹീതാവിൻെറ കയ്യിലുള്ള വിനിമയപത്രത്തിൻമേൽ നടപടിയെടുക്കുവാനുള്ള അവകാശങ്ങഠ ഇല്ലാതാകൽ.

## അദ്ധ്യായം VIII

## അനാദരണത്തിൻെറ നോട്ടീസിനെക്കുറിച്ച്

91 പ്രതിഗ്രഹിക്കാത്തതിനാലുള്ള അനാദരണം.
92 പണം കൊടുക്കാത്തതിനാലുള്ള അനാദരണം.
93 നോട്ടീസ് ആര്, ആർക്ക് നല്കേണ്ടതാണെന്ന്.
94 നോട്ടീസ് നല്കാവുന്ന സമ്പ്രദായം.
95 അനാദരണത്തിൻെറ നോട്ടീസ് ലഭിക്കുന്ന കക്ഷി നോട്ടീസ് നൽകണമെന്ന്.
96 പ്രസൻറ് ചെയ്യുന്നതിനുള്ള ഏജൻറ്.
97 നോട്ടീസ് നല്കപ്പെട്ട കക്ഷി മരിച്ചുപോയിട്ടുള്ളപ്പോഠം.
98 അനാദരണത്തിൻെറ നോട്ടീസ് എപ്പോഠം ആവശ്യമെന്ന്.

## അദ്ധ്യായം IX

## നോട്ടുചെയ്യലിനേയും പ്രൊട്ടസ്ററിനേയും കുറിച്ച്

99 നോട്ടുചെയ്യൽ.
100 പ്രൊട്ടസ്ററ്.
മെച്ചപ്പെട്ട ഈടിനുള്ള പ്രൊട്ടസ്ററ്.
101 പ്രൊട്ടസ്ററിലുള്ള ഉള്ളടക്കം.
102 പ്രൊട്ടസ്ററിൻെറ നോട്ടീസ്.
103 പ്രതിഗ്രഹിക്കാത്തതിനാലുള്ള അനാദരണത്തിനുശേഷം പണം കൊടുക്കാത്തതിനുള്ള പ്രൊട്ടസ്ററ്.
104 വിദേശ വിനിമയ പത്രങ്ങളുടെ പ്രൊട്ടസ്ററ്.
104 ക. നോട്ടുചെയ്യുന്നത് എപ്പോഠം പ്രൊട്ടസ്ററിനു തുല്യമാണെന്ന്.

## അദ്ധ്യായം X

## ന്യായമായ സമയത്തെക്കുറിച്ച്

105 ന്യായമായ സമയം.
106 അനാദരണത്തിൻെറ നോട്ടീസ് നല്കുന്നതിനുള്ള ന്യായമായ സമയം.
107 അങ്ങനെയുള്ള നോട്ടീസ് അയച്ചുകൊടുക്കുന്നതിനുള്ള ന്യായമായ സമയം.

## അദ്ധ്യായം XI

## ആദരണാർത്ഥമുള്ള പ്രതിഗ്രഹണത്തേയും, പണം കൊടുക്കലിനേയും ആവശ്യമായി വന്നാലുള്ള റഫറൻസിനേയും കുറിച്ച്


108 ആദരണാർത്ഥ പ്രതിഗ്രഹണം.

109 ആദരണാർത്ഥ പ്രതിഗ്രഹണം എങ്ങനെ ചെയ്യണമെന്ന്.

110 ആരുടെ ആദരണാർത്ഥമാണ് ചെയ്യുന്നതെന്ന് വിനിർദ്ദേശിക്കാത്ത പ്രതിഗ്രഹണം.

111 ആദരണാർത്ഥ പ്രതിഗൃഹീതാവിൻെറ ബാദ്ധ്യത.

112 ആദരണാർത്ഥ പ്രതിഗൃഹീതാവനെ എപ്പോൾ ബാദ്ധ്യസ്ഥനാക്കാമെന്ന്.

113 ആദരണാർത്ഥം പണം കൊടുക്കൽ.

114 ആദരണാർത്ഥം പണം കൊടുക്കുന്ന ആളുടെ അവകാശം.

115 ആവശ്യമായി വന്നാലുള്ള ഡ്രായി.

116 പ്രൊട്ടസ്ററ് കൂടാതെ പ്രതിഗ്രഹിക്കലും പണം കൊടുക്കലും.


## അദ്ധ്യായം XII

## നഷ്ടപരിഹാരത്തെക്കുറിച്ച്


117 നഷ്ടപരിഹാരം സംബന്ധിച്ച ചട്ടങ്ങൾ.


## അദ്ധ്യായം XIII

## വിശേഷാൽ തെളിവ് ചട്ടങ്ങൾ


118 കൈമാറാവുന്ന പ്രമാണങ്ങൾ സംബന്ധിച്ചുള്ള അനുമാനങ്ങൾ—

(ക) പ്രതിഫലത്തെക്കുറിച്ച്;
(ഖ) തീയതി സംബന്ധിച്ച്;
(ഗ) പ്രതിഗ്രഹണസമയം സംബന്ധിച്ച്;
(ഘ) കൈമാററ സമയം സംബന്ധിച്ച്;
(ങ) എൻഡോഴ്സ് ചെയ്തിട്ടുള്ള ക്രമം സംബന്ധിച്ച്;
(ച) സ്ററാമ്പ് സംബന്ധിച്ച്;
(ഛ) ധാരകൻ മുറയ്ക്കുള്ള ധാരകനാണെന്ന്.

119 പ്രൊട്ടസ്ററ് തെളിയിച്ചാലുള്ള അനുമാനം.

120 പ്രമാണത്തിൻെറ ആദ്യ സാധുത്വം നിഷേധിക്കുന്നതിന് എതിരായുള്ള വാദതടസ്സം.

121 എൻഡോഴ്സ് ചെയ്യാനുള്ള ആദാതാവിൻെറ സമർത്ഥത നിഷേധിക്കുന്നതിനെതിരായുള്ള വാദതടസ്സം.

122 മുൻകക്ഷിയുടെ ഒപ്പോ, സമർത്ഥതയോ നിഷേധിക്കുന്നതിനെതിരായുള്ള വാദതടസ്സം.

## അദ്ധ്യായം XIV

### ക്രാസ് ചെയ്ത ചെക്കുകളെക്കുറിച്ച്


123 സാമാന്യമായി ക്രാസ് ചെയ്ത ചെക്ക്.

124 വിശേഷാൽ ക്രാസ് ചെയ്ത ചെക്ക്.

125 എഴുതിക്കൊടുത്തതിനുശേഷം ക്രാസ് ചെയ്യൽ.

126 സാമാന്യമായി ക്രാസ് ചെയ്ത ചെക്കിന്റെ പണം കൊടുക്കൽ വിശേഷാൽ ക്രാസ് ചെയ്ത ചെക്കിന്റെ പണം കൊടുക്കൽ.

127 ഒന്നിലധികം പ്രാവശ്യം വിശേഷാൽ ക്രാസ് ചെയ്ത ചെക്കിന്റെ പണം കൊടുക്കൽ.

128 ക്രാസ് ചെയ്ത ചെക്കിന്റെ മുറപ്രകാരമുള്ള പണം കൊടുക്കൽ.

129 ക്രാസ് ചെയ്ത ചെക്കിന് മുറപ്രകാരമല്ലാത്ത പണം കൊടുക്കൽ.

130 "കൈമാററം ചെയ്യാവുന്നതല്ല" എന്ന് വഹിക്കുന്ന ചെക്ക്.

131 ചെക്കിന്റെ പണം വാങ്ങുന്ന ബാങ്കറുടെ ബാദ്ധ്യതയില്ലായ്മ.

131 ക. ഡ്രാഫ്ററുകൾക്ക് അദ്ധ്യായം ബാധകമാക്കൽ.


## അദ്ധ്യായം XV

### സെററുകളായ വിനിമയ പത്രങ്ങളെക്കുറിച്ച്


132 വിനിമയ പത്രങ്ങളുടെ സെററ്.

133 ആദ്യം ആർജ്ജിക്കപ്പെട്ട ഭാഗത്തിന്റെ ധാരകന് എല്ലാററിനും അവകാശമുണ്ടെന്ന്.


## അദ്ധ്യായം XVI

### അന്താരാഷ്ട്ര നിയമത്തെക്കുറിച്ച്


134 വിദേശപ്രമാണത്തിന്റെ രചയിതാവിന്റേയോ പ്രതിഗൃഹീതാവിന്റേയോ എൻഡോഴ്സറുടേയോ ബാദ്ധ്യത അനുശാസിക്കുന്ന നിയമം.

135 അനാദരണം പണം കൊടുക്കേണ്ട സ്ഥലത്തെ നിയമത്താൽ അനുശാസിക്കപ്പെടുന്നു.

136 ഇൻഡ്യയ്ക്കു വെളിയിൽവച്ചും എന്നാൽ ഇൻഡ്യയിലെ നിയമം അനുസരിച്ചും ഉണ്ടാക്കുകയും മററും ചെയ്ത പ്രമാണം.

137 വിദേശ നിയമത്തെക്കുറിച്ചുള്ള അനുമാനം.


## അദ്ധ്യായം XVII

### നോട്ടറി പബ്ലിക്ക്


138 [റദ്ദാക്കപ്പെട്ടു]

139 [റദ്ദാക്കപ്പെട്ടു]

പട്ടിക—[റദ്ദാക്കപ്പെട്ടു]

# കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, 1881
## (1881—ലെ 26—ാം നമ്പർ ആക്റ്റ്)

[1881 ഡിസംബർ, 9.]

### പ്രോനോട്ടുകളും വിനിമയപത്രങ്ങളും ചെക്കുകളും സംബന്ധിച്ച നിയമം നിർവ്വചിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമുള്ള ആക്റ്റ്

ആമുഖം:—പ്രോനോട്ടുകളും വിനിമയപത്രങ്ങളും ചെക്കുകളും സംബന്ധിച്ച നിയമം നിർവ്വചിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യേണ്ടത് സമീചീനമാകയാൽ; ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേര്.— ഈ ആക്റ്റിന് കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, 1881 എന്ന് പേർ പറയാവുന്നതാണ്.

തദ്ദേശവ്യാപ്തി, ഹുണ്ടിക മുതലായവയെ സംബന്ധിക്കുന്ന വഴക്കങ്ങളെ ഒഴിവാക്കൽ, പ്രാരംഭം.—ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു:

എന്നാൽ ഇതിൽ അടങ്ങിയ യാതൊന്നും ഇൻഡ്യൻ പേപ്പർ കറൻസി ആക്റ്റ്, 1871 (1871-ലെ 3)-ലെ 21-ാംവകുപ്പിനെ ബാധിക്കുകയോ, അല്ലെങ്കിൽ ഒരു പൗരസ്ത്യ ഭാഷയിലെ ഏതെങ്കിലും പ്രമാണത്തെ സംബന്ധിക്കുന്ന ഏതെങ്കിലും തദ്ദേശ വഴക്കത്തെ ബാധിക്കുകയോ ചെയ്യുന്നതല്ല:

എന്നാൽ, അങ്ങനെയുള്ള വഴക്കങ്ങൾ പ്രമാണത്തിന്റെ ഉൾഭാഗത്തുള്ളതും അതിലെ കക്ഷികളുടെ നിയമപരമായ ബന്ധങ്ങൾ ഈ ആക്റ്റിനാൽ അനുശാസിതമാണെന്നുള്ള ഉദ്ദേശ്യം ചൂണ്ടിക്കാണിക്കുന്നതുമായ ഏതെങ്കിലും വാക്കുകളാൽ ഒഴിവാക്കാവുന്നതാണ്; ഇത് 1882 മാർച്ച് ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

2. അധിനിയമങ്ങളുടെ റദ്ദാക്കൽ ഭേദഗതി ആക്റ്റ്, 1891 (1891-ലെ 12)-നാൽ റദ്ദാക്കപ്പെട്ടു.

3. വ്യാഖ്യാനഖണ്ഡം.—ഈ ആക്റ്റിൽ—

"ബാങ്കർ"—"ബാങ്കർ"എന്നതിൽ ബാങ്കറായി പ്രവർത്തിക്കുന്ന ഏതെങ്കിലും ആളോ, പോസ്റ്റാഫീസ് സേവിങ്ങ്സ് ബാങ്കോ ഉൾപ്പെടുന്നതാകുന്നു.

3/2625/V.

## അദ്ധ്യായം II

# പ്രോനോട്ടുകളേയും വിനിമയ പത്രങ്ങളേയും ചെക്കുകളേയും കുറിച്ച്

4. "പ്രോനോട്ട്":—"പ്രോനോട്ട്" നിശ്ചിതനായ ഒരാൾക്കോ അയാളുടെ ആർഡർക്കോ, അല്ലെങ്കിൽ പ്രമാണത്തിന്റെ ബെയറർക്കോ പണം മാത്രമായ ഒരു നിശ്ചിത തുക കൊടുക്കാമെന്നുള്ള നിരുപാധികമായ ഒരു ഏല്പ്കൽ അടങ്ങുന്നതും എഴുതി കൊടുക്കുന്ന ആൾ ഒപ്പിട്ടതുമായ രേഖ മൂലമായ ഒരു പ്രമാണം [ബാങ്കുനോട്ടോ കറൻസി നോട്ടോ അല്ലാത്തത്] ആകുന്നു.

### ദൃഷ്ടാന്തങ്ങൾ

ക താഴെ പറയുന്ന വാക്കുകളിലുള്ള പ്രമാണങ്ങളിൽ ഒപ്പുവയ്ക്കുന്നു:—

(ക) "ഞാൻ ഖ യ്ക്കോ ആർഡർക്കോ 500 രൂപ കൊടുത്തുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു".

(ഖ) "ഞാൻ പ്രതിഫലം ബോദ്ധ്യപ്പെട്ടതിന് ഖ യോട്, ആവശ്യപ്പെടുമ്പോൾ കൊടുത്തുതീർക്കേണ്ടതായ 1,000 രൂപയുടെ കടബാദ്ധ്യതയുണ്ടെന്ന് സമ്മതിക്കുന്നു".

(ഗ) "മിസ്റ്റർ ഖ, ഞാൻ നിങ്ങൾക്ക് 1,000 രൂപ തരാനുണ്ട്" (ഐ. ഒ. യു.)

(ഘ) "ഖ യ്ക്കു 500 രൂപയും, അയാൾക്ക് ചെല്ലേണ്ടുന്ന മറ്റെല്ലാ തുകകളും കൊടുത്തുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു".

(ങ) "ഞാൻ ഖ യ്ക്ക് 500 രൂപ, അതിൽനിന്ന്, അയാൾ എനിക്ക് തരാനുണ്ടായേക്കാവുന്ന ഏതെങ്കിലും പണം ആദ്യമായി കുറച്ച്, ബാക്കി, കൊടുത്തുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു."

(ച) "ഞാൻ ഗ യുമായുള്ള എന്റെ വിവാഹത്തിനുശേഷം ഏഴുദിവസം കഴിഞ്ഞ്, ഖ യ്ക്ക് 500 രൂപ കൊടുത്തുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു."

(ഛ) "അഞ്ഞൂറു രൂപ, ആ തുക കൊടുക്കുന്നതിന് മതിയായത് എനിക്ക് ഘ നീക്കിവയ്ക്കുന്നപക്ഷം ഘ മരിച്ചാൽ ഖ യ്ക്കും കൊടുത്തുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു."

(ജ) "ഞാൻ ഖ യ്ക്ക് 500 രൂപ കൊടുക്കുകയും, അടുത്ത ജനുവരി 1-ാം തീയതി എന്റെ കറുത്ത കുതിരയെ ഡെലിവർ ചെയ്യുകയും ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുന്നു."

(ക) എന്നും (ഖ) എന്നും യഥാക്രമം അടയാളപ്പെടുത്തിയിട്ടുള്ള പ്രമാണങ്ങൾ പ്രോനോട്ടുകൾ ആകുന്നു. (ഗ), (ഘ), (ങ), (ച), (ഛ), (ജ) എന്നിങ്ങനെ യഥാക്രമം അടയാളപ്പെടുത്തിയ പ്രമാണങ്ങൾ പ്രോനോട്ടുകൾ അല്ല.

5. "വിനിമയപത്രം"—"വിനിമയപത്രം" നിശ്ചിതനായ ഒരാൾക്കോ അയാളുടെ ആർഡർക്കോ അല്ലെങ്കിൽ പ്രമാണത്തിന്റെ ബെയറർക്കോ പണം മാത്രമായ ഒരു നിശ്ചിത തുക കൊടുക്കണമെന്ന് നിശ്ചിതനായ ഒരാൾക്ക് നിർദ്ദേശം നല്കിക്കൊണ്ടുള്ള നിരുപാധികമായ ഒരു ആർഡർ അടങ്ങുന്നതും എഴുതിക്കൊടുക്കുന്ന ആൾ ഒപ്പിട്ടതുമായ രേഖാമൂലമായ ഒരു പ്രമാണമാകുന്നു.

മനുഷ്യന്റെ സാധാരണ പ്രതീക്ഷയനുസരിച്ച് സംഭവിക്കുമെന്ന് തീർച്ചയുള്ള ഒരു വിനിർദ്ദിഷ്ട സംഭവം, അത് സംഭവിക്കുന്ന സമയം അനിശ്ചിതമായേക്കാമെങ്കിലും, നടന്നതിനുശേഷം ഒരു നിശ്ചിതകാലം കഴിയുമ്പോഴോ ആണ് തുകയോ അതിന്റെ ഏതെങ്കിലും ഗഡുവോ കൊടുക്കേണ്ട സമയമായി പറഞ്ഞിരിക്കുന്നത് എന്ന കാരണത്താൽ, പണം കൊടുക്കുന്നതിനുള്ള ഒരു വാഗ്ദാനമോ ആർഡറോ ഈ വകുപ്പിന്റെയും 4-ാം വകുപ്പിന്റെയും അർത്ഥത്തിൽ "സോപാധികമല്ല".

കൊടുക്കേണ്ട തുക, അതിൽ മേലാൽ പലിശ ഉൾക്കൊള്ളുകയോ, അത് ഒരു സൂചിതവിനിമയ നിരക്കിൽ കൊടുക്കേണ്ടതായിരിക്കുകയോ വിനിമയ മുറ അനുസരിച്ചുള്ളതായിരിക്കുകയോ ചെയ്യുന്നുണ്ടെന്നിരിക്കിലും ഒരു ഗഡു കൊടുക്കുന്നത് വീഴ്ചവരുത്തിയാൽ കൊടുത്തുതീർക്കുവാനുള്ള ബാക്കി അപ്പോൾ കൊടുക്കേണ്ടതാകുമെന്ന് പ്രമാണം വ്യവസ്ഥ ചെയ്യുന്നുണ്ടെന്നിരിക്കിലും, ഈ വകുപ്പിന്റെയും 4-ാം വകുപ്പിന്റെയും അർത്ഥത്തിൽ "നിശ്ചിത"മാകാവുന്നതാണ്.

ഈ വകുപ്പിന്റെയും 4-ാം വകുപ്പിന്റെയും അർത്ഥത്തിൽ നിദ്ദേശം നല്കപ്പെട്ട ആളോ, ആർക്കാണോ പണം കൊടുക്കേണ്ടത്, അയാളോ ആരാണെന്ന് സ്പഷ്ടമാണെങ്കിൽ അയാൾ, അയാളുടെ പേർ തെറ്റായിട്ടാണ് പറയപ്പെട്ടിട്ടുള്ളത്, അല്ലെങ്കിൽ അയാൾ വിവരണം കൊണ്ടുമാത്രമാണ് നിദേശിക്കപ്പെട്ടിട്ടുള്ളതെന്നിരിക്കിലും, "നിശ്ചിതനായ ഒരാൾ" ആകാവുന്നതാണ്.

6. "ചെക്ക്"—"ചെക്ക്" വിനിർദ്ദിഷ്ടനായ ഒരു ബാങ്കറുടെ പേർക്ക് ഡ്രാ ചെയ്യുന്നതും ആവശ്യപ്പെടുമ്പോൾ കൊടുക്കാൻ അല്ലാതെ മറ്റു വിധത്തിൽ കൊടുക്കേണ്ടതായി പറയാത്തതുമായ ഒരു വിനിമയപത്രം ആകുന്നു.

7. "ഡ്രായർ"—വിനിമയപത്രമോ ചെക്കോ എഴുതിക്കൊടുക്കുന്ന ആൾക്ക് "ഡ്രായർ" എന്നും, അതിൻപ്രകാരം ആരോടാണോ പണം കൊടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്, ആ ആൾക്ക് "ഡ്രായി" എന്നും പേർ പറയുന്നു.

"ആവശ്യാർത്ഥമുള്ള ഡ്രായി"—ഏതെങ്കിലും ആളുടെ പേർ "ഡ്രായി"ക്ക് പുറമെ ആവശ്യമായ വന്നാൽ ഉപയോഗപ്പെടുത്തുന്നതിനായി വിനിമയപത്രത്തിലോ അതിൻമേലുള്ള ഏതെങ്കിലും എൻഡോഴ്സ്മെന്റിലോ കൊടുത്തിട്ടുള്ളപ്പോൾ അങ്ങനെയുള്ള ആളെ "ആവശ്യമായി വന്നാലുള്ള ഡ്രായി" എന്നു പേർ പറയുന്നു.

"പ്രതിഗൃഹീതാവ്"—വിനിമയപത്രത്തിലോ, അതിന് ഒന്നിൽ കൂടുതൽ ഭാഗങ്ങളുണ്ടെങ്കിൽ ആ ഭാഗങ്ങളിൽ ഒന്നിലോ, അതിലെ "ഡ്രായി" തന്റെ സമ്മതം കാണിച്ച് ഒപ്പിടുകയും അതിന്റെ ധാരകനോ അയാൾക്കുവേണ്ടി മറ്റെങ്കിലും ആൾക്കോ അത് ഡെലിവർ ചെയ്യുകയോ അങ്ങനെ ഒപ്പിട്ടതായി നോട്ടീസ് കൊടുക്കുകയോ ചെയ്തുകഴിഞ്ഞാൽ, അയാൾക്ക് "പ്രതിഗൃഹീതാവ്" എന്നു പേർ പറയുന്നു.

"ആദരണാർത്ഥ പ്രതിഗൃഹീതാവ്".—പ്രതിഗ്രഹിക്കാത്തതിനോ അല്ലെങ്കിൽ കൂടുതൽ നല്ല ഈടിനുവേണ്ടിയോ ഒരു വിനിമയപത്രം നോട്ടു ചെയ്യപ്പെടുകയോ അല്ലെങ്കിൽ പ്രൊട്ടസ്റ്റ് ചെയ്യപ്പെടുകയോ ചെയ്യുകയും ഏതെങ്കിലും ആൾ ഡ്രായറുടെയോ എൻഡോഴ്സറുടെയോ ആദരണാർത്ഥം അത് സുപ്രാ പ്രൊട്ടസ്റ്റായി പ്രതിഗ്രഹിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള ആൾക്ക് "ആദരണാർത്ഥ പ്രതിഗൃഹീതാവ്" എന്നു പേർ പറയുന്നു.

"ആദാതാവ്".—ഏതൊരാൾക്കോ അയാളുടെ ആർഡർക്കോ പണം കൊടുക്കാൻ പ്രമാണം നിർദേശിക്കുന്നതായിട്ടാണ് പ്രമാണത്തിൽ പേര് പറഞ്ഞിട്ടുള്ളത്, ആ ആൾക്ക് "ആദാതാവ്" എന്നു പേർ പറയുന്നു.

8. "ധാരകൻ".—പ്രോനോട്ടിന്റേയോ, വിനിമയപത്രത്തിന്റേയോ ചെക്കിന്റേയോ "ധാരകൻ" എന്നാൽ സ്വന്തം പേരിൽ അതിന്റെ കൈവശത്തിനും അതിലെ കക്ഷികളിൽനിന്നും അതിൻമേൽ വരാനുള്ള തുക സ്വീകരിക്കുകയോ വസൂലാക്കുകയോ ചെയ്യുന്നതിനും അവകാശമുള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു.

പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ നഷ്ടപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യുന്നിടത്ത്, അപ്രകാരം നഷ്ടപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്ത സമയത്ത്, അതിന് അവകാശമുണ്ടായിരുന്ന ആളാണ് അതിന്റെ ധാരകൻ.

9. "മുറയ്ക്കുള്ള ധാരകൻ"—"മുറയ്ക്കുള്ള ധാരകൻ" എന്നാൽ ആരാണോ ഒരു പ്രോനോട്ടിലോ, വിനിമയപത്രത്തിലോ, ചെക്കിലോ പറഞ്ഞിട്ടുള്ള തുക കൊടുക്കാറാകുന്നതിനുമുമ്പും പ്രതിഫലത്തിൻമേലും തനിക്ക് അവകാശം സിദ്ധിച്ചത് ആരിൽനിന്നാണോ അയാളുടെ അവകാശത്തിന് ഏതെങ്കിലും ന്യൂനത ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കാൻ മതിയായ കാരണം കൂടാതേയും,

അത് ബെയററർക്ക് പണം കൊടുക്കേണ്ടതാണെങ്കിൽ അതിന്റെ കൈവശക്കാരനോ,

ആർഡർക്ക് പണം കൊടുക്കേണ്ടതാണെങ്കിൽ ആദാതാവോ എൻഡോഴ്സിയോ,

ആയിത്തീർന്നിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആൾ എന്ന് അർത്ഥമാകുന്നു.

10. "മുറയ്ക്കുള്ള പണം കൊടുക്കൽ".—"മുറയ്ക്കുള്ള പണം കൊടുക്കൽ" എന്നാൽ പ്രമാണത്തിന്റെ പ്രത്യക്ഷത്തിലുള്ള ഉദ്ദേശ്യമനുസരിച്ച് ഉത്തമവിശ്വാസത്തിലും ഉപേക്ഷകൂടാതെയും അത് കൈവശമുള്ള ഏതെങ്കിലും ആൾക്ക് അതിൽ പറഞ്ഞിട്ടുള്ള തുക വാങ്ങുവാൻ അയാൾക്ക് അവകാശമില്ലെന്ന് വിശ്വസിക്കുന്നതിന് ന്യായമായ കാരണം നല്കാത്ത പരിതസ്ഥിതികളിൽ പണം കൊടുക്കുന്നത് എന്നർത്ഥമാകുന്നു.

11. അന്തർദേശീയ പ്രമാണം.—ഇൻഡ്യയിൽവച്ച് ഡ്രാ ചെയ്യുകയോ എഴുതിക്കൊടുക്കുകയോ ചെയ്തതും ഇൻഡ്യയിൽവച്ച് പണം കൊടുക്കേണ്ടതാക്കിയതോ അല്ലെങ്കിൽ ഇൻഡ്യയിൽ താമസക്കാരനായ ഏതെങ്കിലും ആളുടെ പേർക്ക് ഡ്രാ ചെയ്തതോ ആയതും ആയ പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ അന്തർദേശീയ പ്രമാണമായി കരുതപ്പെടുന്നതാകുന്നു.

12. വിദേശീയ പ്രമാണം.—അപ്രകാരം ഡ്രാ ചെയ്യുകയോ എഴുതിക്കൊടുക്കുകയോ പണം കൊടുക്കേണ്ടതാക്കുകയോ ചെയ്തിട്ടുള്ളതല്ലാത്ത ഏതെങ്കിലും പ്രമാണം വിദേശീയ പ്രമാണമായി കരുതപ്പെടുന്നതാകുന്നു.

13. "കൈമാറാവുന്ന പ്രമാണം".—(1) "കൈമാറാവുന്ന പ്രമാണം" എന്നാൽ ആർഡർക്കോ ബെയററർക്കോ പണം കൊടുക്കേണ്ടതായ പ്രോനോട്ടോ വിനിമയ പത്രമോ, ചെക്കോ എന്നർത്ഥമാകുന്നു.

വിശദീകരണം.(i)—ആർഡർക്ക് പണം കൊടുക്കേണ്ടതായി പറഞ്ഞിട്ടുള്ളതോ അല്ലെങ്കിൽ ഒരു പ്രത്യേക ആൾക്ക് പണം കൊടുക്കേണ്ടതായി പറയുന്നതും കൈമാററം നിരോധിക്കുന്നതോ കൈമാററം ചെയ്യപ്പെടാവുന്നതല്ലെന്നുള്ള ഒരു ഉദ്ദേശ്യം കുറിക്കുന്നതോ ആയ വാക്കുകൾ ഉൾക്കൊള്ളാത്തതുമായതോ ആയ ഒരു പ്രോനോട്ടോ വിനിമയ പത്രമോ, ചെക്കോ ആർഡർക്ക് പണം കൊടുക്കേണ്ട ഒന്നാണ്.

വിശദീകരണം(ii).— ഏത് പ്രോനോട്ടിലോ വിനിമയ പത്രത്തിലോ ചെക്കിലോ ആണോ ബെയററർക്ക് പണം കൊടുക്കേണ്ടതാണെന്ന് പറയുകയോ അല്ലെങ്കിൽ അതിൻമേലുള്ള ഒരേയൊരു, അല്ലെങ്കിൽ അവസാനത്തെ എൻഡോഴ്സ്മെൻറ് ബ്ലാൻക് എൻഡോഴ്സ്മെൻറ് ആയിരിക്കുകയോ ചെയ്യുന്നത്, അത് ബെയററർക്ക് പണം കൊടുക്കേണ്ട കൈമാറാവുന്ന ഒന്നാകുന്നു.

വിശദീകരണം(iii).—ഒരു പ്രോനോട്ടോ, വിനിമയ പത്രമോ ചെക്കോ ആദ്യമായോ എൻഡോഴ്സ്മെൻറിനാലോ വിനിർദ്ദിഷ്ടനായ ഒരാൾക്കോ അയാളുടെ ആർഡർക്കോ എന്നല്ലാതെ ആർഡർക്ക് പണം കൊടുക്കേണ്ടതാണെന്ന് പറഞ്ഞിട്ടുള്ളിടത്ത്, അത് അയാളുടെ ഇച്ഛാനുസരണം അയാൾക്കോ അയാളുടെ ആർഡർക്കോ പണം കൊടുക്കേണ്ട ഒന്നാകുന്നു.

(2) ഒരു കൈമാററം ചെയ്യാവുന്ന പ്രമാണം, രണ്ടോ അതിലധികമോ ആദാതാക്കൾക്ക് കൂട്ടായി പണം കൊടുക്കേണ്ടതോ അല്ലെങ്കിൽ രണ്ട് ആദാതാക്കളിൽ ഒരാൾക്ക് വൈകല്പികമായോ അല്ലെങ്കിൽ പല ആദാതാക്കളിൽ ഒരാൾക്കോ ചിലർക്കോ പണം കൊടുക്കേണ്ടതോ ആകാവുന്നതാണ്.

14. <u>കൈമാറൽ.</u>—പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ, ഏതെങ്കിലും ആൾക്ക്, ആ ആളെ അതിന്റെ ധാരകനാകത്തക്കവിധം കൈമാററം ചെയ്യുമ്പോൾ ആ പ്രമാണം കൈമാറുന്നതായി പറയപ്പെടുന്നു.

15. <u>എൻഡോഴ്സ് ചെയ്യൽ.</u>—കൈമാറാവുന്ന ഒരു പ്രമാണം എഴുതി കൊടുക്കുന്നവനോ അല്ലെങ്കിൽ അതിന്റെ ധാരകനോ, കൈമാറുന്ന ആവശ്യത്തിലേക്ക് അതിന്റെ പുറത്തോ മുൻവശത്തോ അല്ലെങ്കിൽ അതിനോട് കൂട്ടിച്ചേർത്തിട്ടുള്ള ഒരു കടലാസ് തുണ്ടിലോ, എഴുതി കൊടുക്കുന്ന ആളായല്ലാതെ അതിൽ ഒപ്പിടുമ്പോഴോ, അതേ ആവശ്യത്തിലേയ്ക്ക് ഒരു കൈമാറാവുന്ന പ്രമാണമായി പൂർത്തിയാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സ്ററാമ്പ് പേപ്പറിൽ അപ്രകാരം ഒപ്പിടുമ്പോഴോ, അയാൾ അത് എൻഡോഴ്സ് ചെയ്യുന്നതായി പറയപ്പെടുകയും അയാളെ "എൻഡോഴ്സർ" എന്നു പറയുകയും ചെയ്യുന്നു.

16. <u>"ബ്ലാങ്ക്" എൻഡോഴ്സ്മെൻറ്, "പൂർണ്ണ" എൻഡോഴ്സ്മെൻറ്, "എൻഡോഴ്സി".</u>—(1) എൻഡോഴ്സർ, തന്റെ പേരുവച്ച് ഒപ്പിടുകമാത്രം ചെയ്യുന്നുവെങ്കിൽ, എൻഡോഴ്സ്മെൻറിന് "ബ്ലാങ്ക്" എൻഡോഴ്സ്മെൻറ് എന്ന് പറയുകയും പ്രമാണത്തിൽ പരാമർശിച്ചിട്ടുള്ള തുക വിനിർദ്ദിഷ്ടനായ ഒരാൾക്കോ അയാളുടെ ആർഡർക്കോ കൊടുക്കാനുള്ള ഒരു നിദേശം അയാൾ കൂട്ടിച്ചേർക്കുന്നുവെങ്കിൽ, എൻഡോഴ്സ്മെൻറിനെ "പൂർണ്ണ"മായത് എന്ന് പറയുകയും അപ്രകാരം വിനിർദ്ദിഷ്ടനായ ആൾക്ക് പ്രമാണത്തിന്റെ "എൻഡോഴ്സി" എന്ന് പേർ പറയുകയും ചെയ്യുന്നു.

(2) ആദാതാവിനെ സംബന്ധിക്കുന്ന ഈ ആക്ററിലെ വ്യവസ്ഥകൾ ആവശ്യകമായ രൂപഭേദങ്ങളോടുകൂടി എൻഡോഴ്സിക്ക് ബാധകമാകുന്നതാണ്.

17. സന്ദിഗ്ദ്ധാർത്ഥകമായ പ്രമാണങ്ങൾ.—ഒരു പ്രമാണത്തിന് ഒരു പ്രോനോട്ടായോ അല്ലെങ്കിൽ വിനിമയപത്രമായോ അർത്ഥം കല്പിക്കാമെന്നുള്ളിടത്ത്, ധാരകന് ഐച്ഛികമായി അതിനെ രണ്ടിൽ ഏതെങ്കിലും ഒന്നായി പരിഗണിക്കാവുന്നതും, അതുമുതൽ പ്രമാണം അതനുസരിച്ച് പരിഗണിക്കപ്പെടുന്നതും ആകുന്നു.

18. തുക അക്കങ്ങളിലും വാക്കുകളിലും വ്യത്യസ്തമായി പറഞ്ഞിരിക്കുന്നിടത്ത്.—കൊടുക്കാമെന്ന് ഏറ്റിട്ടുള്ളതോ കൊടുക്കണമെന്ന് ആർഡർ ചെയ്തിട്ടുള്ളതോ ആയ തുക, അക്കങ്ങളിലും വാക്കുകളിലും വ്യത്യസ്തമായി പറഞ്ഞിരിക്കുകയാണെങ്കിൽ, കൊടുക്കാമെന്ന് ഏറ്റിട്ടുള്ളതോ കൊടുക്കണമെന്നുള്ള ആർഡർ ചെയ്തിട്ടുള്ളതോ ആയ തുക വാക്കുകളിൽ പറഞ്ഞിട്ടുള്ള തുകയാകുന്നു.

19. ആവശ്യപ്പെടുമ്പോൾ പണം കൊടുക്കേണ്ട പ്രമാണങ്ങൾ.—ചെക്കു പണം, കൊടുക്കേണ്ട സമയം വിനിർദ്ദിഷ്ടമാക്കിയിട്ടില്ലാത്ത പ്രോനോട്ടും അല്ലെങ്കിൽ വിനിമയപത്രവും, ആവശ്യപ്പെടുമ്പോൾ പണം കൊടുക്കേണ്ടവയാകുന്നു.

20. സ്റ്റാമ്പ് പതിച്ച അപൂർണ്ണ പ്രമാണങ്ങൾ.—കൈമാറ്റം ചെയ്യപ്പെട്ട പ്രമാണത്തെ സംബന്ധിച്ച് അപ്പോൾ ഇൻഡ്യയിൽ പ്രാബല്യത്തിലുള്ള നിയമമനുസരിച്ച് സ്റ്റാമ്പ് പതിച്ചതും, മുഴുവൻ ബ്ലാങ്കായതോ മുഴുമിക്കാത്ത ഒരു കൈമാറാവുന്ന പ്രമാണം അതിൻമേൽ എഴുതിയതോ ആയതും ആയ ഒരു കടലാസ് ഒരാൾ ഒപ്പിടുകയും മറ്റൊരാൾക്ക് ഡെലിവർ ചെയ്യുകയും ചെയ്യുന്നിടത്ത്, അയാൾ അതിൽ വിനിർദ്ദിഷ്ടമാക്കിയതും സ്റ്റാമ്പ് ഏതു സംഖ്യയ്ക്കു വരെ മതിയാകുമോ അതിൽ കവിയാത്തതുമായ ഏതെങ്കിലും തുകയ്ക്ക് അതിൻമേൽ ഒരു കൈമാറാവുന്ന പ്രമാണം, അതത് സംഗതി പോലെ, എഴുതിക്കൊടുക്കാനോ മുഴുമിക്കുവാനോ അതിന്റെ ധാരകന് അതിനാൽ പ്രഥമദൃഷ്ട്യാ പ്രാധികാരം നല്കുന്നു. അപ്രകാരം ഒപ്പിടുന്ന ആൾ, ഏതുനിലയിലാണോ അയാൾ അതിൽ ഒപ്പിട്ടത്, ആ നിലയിൽ, അങ്ങനെയുള്ള പ്രമാണത്തിൻമേൽ അതിന്റെ ഏതെങ്കിലും മുറയ്ക്കുള്ള ധാരകന് അങ്ങനെയുള്ള സംഖ്യയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാകുന്നു, എന്നാൽ മുറയ്ക്കുള്ള ധാരകൻ അല്ലാത്ത മറ്റ് യാതൊരാൾക്കും, പ്രമാണം ഡെലിവർ ചെയ്യുന്ന ആളിൽ നിന്ന് അതിൻ കീഴിൽ കൊടുക്കുവാൻ അയാൾ ഉദ്ദേശിച്ചിരുന്ന തുകയിൽ കവിഞ്ഞുള്ള യാതൊന്നും വസൂലാക്കുവാൻ പാടുള്ളതല്ല.

21. “കാണുമ്പോൾ”, “പ്രസന്റ് ചെയ്യുമ്പോൾ” “കണ്ടതിനുശേഷം”.—പ്രോനോട്ടിലോ വിനിമയപത്രത്തിലോ “കാണുമ്പോൾ”, “പ്രസന്റ് ചെയ്യുമ്പോൾ” എന്നീ പദങ്ങൾക്ക് ആവശ്യപ്പെടുമ്പോൾ എന്നർത്ഥമാകുന്നു. “കണ്ടതിനുശേഷം” എന്ന പദത്തിന് പ്രോനോട്ടിൽ കാണുന്നതിനുവേണ്ടി ഹാജരാക്കിയതിനുശേഷം എന്നും, വിനിമയപത്രത്തിൽ പ്രതിഗ്രഹണത്തിനോ പ്രതിഗ്രഹിക്കാത്തതിനുള്ള നോട്ടിങ്ങിനോ പ്രതിഗ്രഹിക്കാത്തതിനുള്ള പ്രൊട്ടസ്റ്റിനോ ശേഷം എന്നും അർത്ഥമാകുന്നു.

22. “കാലം” എത്തൽ”.—പ്രോനോട്ടിന്റേയോ വിനിമയപത്രത്തിന്റേയോ കാലമെത്തൽ, അതിന്റെ പണം കൊടുക്കേണ്ട സമയം എത്തിയ തീയതിയാകുന്നു.

സൗജന്യ നാളുകൾ.—ആവശ്യപ്പെടുമ്പോഴോ, കാണുമ്പോഴോ ഹാജരാക്കുമ്പോഴോ പണം നല്കേണ്ടതാണെന്ന് പറഞ്ഞിട്ടില്ലാത്ത ഓരോ പ്രോനോട്ടും, വിനിമയപത്രവും പണം കൊടുക്കേണ്ടതാണെന്ന് അതിൽ പറഞ്ഞിട്ടുള്ള ദിവസത്തിനുശേഷം മൂന്നാമത്തെ ദിവസം കാലം എത്തുന്നതാകുന്നു.

23. പ്രമാണത്തീയതിക്കോ കണ്ടതിനോ ശേഷം ഇത്രമാസങ്ങൾ കഴിഞ്ഞ് പണം കൊടുക്കേണ്ട വിനിമയ പത്രത്തിന്റെയോ പ്രോനോട്ടിന്റെയോ കാലം എത്തൽ കണക്കാക്കുന്നത്.—പ്രമാണത്തീയതിക്കുശേഷമോ കണ്ടതിനുശേഷമോ ഒരു നിശ്ചിത സംഭവത്തിനുശേഷമോ പ്രസ്താവിത സംഖ്യയോളമുള്ള മാസങ്ങൾ കഴിഞ്ഞ് പണം കൊടുക്കേണ്ടതാക്കിയിട്ടുള്ള പ്രോനോട്ടോ വിനിമയ പത്രമോ കാലം എത്തുന്ന തീയതി കണക്കാക്കുന്നതിൽ പ്രസ്താവിത കാലാവധി, ആ മാസത്തിലെ, പ്രമാണത്തിന് തീയതി വച്ചതോ അല്ലെങ്കിൽ പ്രമാണം പ്രതിഗ്രഹിക്കുന്നതിനോ കാണുന്നതിനോ ഹാജരാക്കിയതോ, അല്ലെങ്കിൽ പ്രതിഗ്രഹിക്കാത്തതിന് നോട്ടു ചെയ്തതോ പ്രതിഗ്രഹിക്കാത്തതിന് പ്രൊട്ടസ്റ്റ് ചെയ്തതോ അല്ലെങ്കിൽ സംഭവം നടന്നതോ ആയ ദിവസത്തിനോ അല്ലെങ്കിൽ പ്രമാണം കണ്ടതിനുശേഷം പ്രസ്താവിത സംഖ്യയോളമുള്ള മാസങ്ങൾക്കു ശേഷം പണം കൊടുക്കേണ്ടതും, ആദരണാർത്ഥം പ്രതിഗ്രഹിക്കപ്പെട്ടിട്ടുള്ളതുമായ വിനിമയപത്രം, ആയിട്ടുള്ളിടത്ത്, അപ്രകാരം പ്രതിഗ്രഹിച്ച ദിവസത്തിനോ തൽസ്ഥാനത്തുള്ള ദിവസം പര്യവസാനിക്കുന്നതായി കണക്കാക്കുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) 1878 ജനുവരി 29-ാം തീയതി വച്ച ഒരു വിനിമയപത്രം പ്രമാണത്തീയതിക്കുശേഷം ഒരു മാസം കഴിഞ്ഞ് പണം കൊടുക്കേണ്ടതാക്കിയിരിക്കുന്നു. പ്രമാണം 1878 ഫെബ്രുവരി 28-ാം തീയതിക്കു ശേഷം മൂന്നാം ദിവസം കാലം എത്തുന്നു.

(ഖ) 1878 ആഗസ്റ്റ് 30-ാം തീയതിയുള്ള ഒരു വിനിമയപത്രം പ്രമാണത്തീയതിക്കുശേഷം മൂന്നു മാസം കഴിഞ്ഞ് പണം കൊടുക്കേണ്ടതാക്കിയിരിക്കുന്നു. പ്രമാണം 1878 ഡിസംബർ 3-ാം തീയതി കാലമെത്തുന്നു.

(ഗ) 1878 ആഗസ്റ്റ് 31-ാം തീയതി വച്ച ഒരു പ്രോനോട്ടോ വിനിമയ പത്രമോ പ്രമാണത്തീയതിക്കുശേഷം മൂന്നു മാസം കഴിഞ്ഞ് പണം കൊടുക്കേണ്ടതാക്കിയിരിക്കുന്നു. പ്രമാണം 1878 ഡിസംബർ 3-ാം തീയതി കാലമെത്തുന്നു.

24. പ്രമാണത്തീയതിക്കോ കണ്ടതിനോ ശേഷം ഇത്ര ദിവസങ്ങൾ കഴിഞ്ഞ് പണം കൊടുക്കേണ്ട വിനിമയപത്രത്തിന്റെയോ നോട്ടിന്റെയോ കാലമെത്തൽ കണക്കാക്കുന്നത്.—പ്രമാണത്തീയതിക്കുശേഷമോ കണ്ടതിനുശേഷമോ ഒരു നിശ്ചിത സംഭവത്തിനു ശേഷമോ പ്രസ്താവിത സംഖ്യയോളമുള്ള ദിവസങ്ങൾ കഴിഞ്ഞ് പണം കൊടുക്കേണ്ടതാക്കിയിട്ടുള്ള പ്രോനോട്ടോ വിനിമയ പത്രമോ കാലമെത്തുന്ന തീയതി കണക്കാക്കുന്നതിൽ, പ്രമാണത്തീയതിയുടെയോ പ്രതിഗ്രഹിക്കുന്നതിനോ കാണുന്നതിനോ ആയി ഹാജരാക്കിയതിന്റെയോ അല്ലെങ്കിൽ പ്രതിഗ്രഹിക്കാത്തതിന് പ്രൊട്ടസ്റ്റ് ചെയ്തതിന്റെയോ അല്ലെങ്കിൽ സംഭവം നടന്നതിന്റെയോ ദിവസം ഒഴിവാക്കപ്പെടുന്നതാകുന്നു.

25. കാലമെത്തുന്ന ദിവസം ഒഴിവ് ദിവസമാകുമ്പോൾ.—പ്രോനോട്ടോ വിനിമയപത്രമോ കാലമെത്തുന്ന, ദിവസം ഒരു പൊതു ഒഴിവു ദിവസമാണെങ്കിൽ, പ്രമാണം തൊട്ടു മുമ്പിലത്തെ പ്രവൃത്തി ദിവസം പണം കൊടുക്കേണ്ടന്നായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം.—"പൊതു ഒഴിവു ദിവസം" എന്ന പദത്തിൽ ഞായറാഴ്ചകളും, കേന്ദ്രഗവൺമെന്റ് പൊതു ഒഴിവു ദിവസമായി ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കുന്ന മറേറതെങ്കിലുംദിവസവും ഉൾപ്പെടുന്നു.

## അദ്ധ്യായം III

## പ്രോനോട്ടുകളിലേയും വിനിമയപത്രങ്ങളിലേയും ചെക്കുകളിലേയും കക്ഷികൾ

26. പ്രോനോട്ടുകൾ മുതലായവ എഴുതിക്കൊടുക്കുന്നതിനും മററുമുള്ള സമർത്ഥത.—താൻ ഏതു് നിയമത്തിനാണോ വിധേയനായിട്ടുള്ളതു്, ആ നിയമപ്രകാരം കോൺട്രാക്ററു് ചെയ്യുവാൻ സമർത്ഥതയുള്ള ഏതൊരാളും ഒരു പ്രോനോട്ടോ, വിനിമയ പത്രമോ, ചെക്കോ, എഴുതിക്കൊടുക്കുകയും ഡ്രാ ചെയ്യുകയും പ്രതിഗ്രഹിക്കുകയും എൻഡോഴ്സ്സ് ചെയ്യുകയും ഡെലിവർ ചെയ്യുകയും കൈമാറുകയും ചെയ്യുന്നതുവഴി സ്വയം ബാദ്ധ്യസ്ഥനാകാവുന്നതും ബാദ്ധ്യസ്ഥനാക്കപ്പെടാവുന്നതും ആകുന്നു.

മൈനർ.—മൈനർക്കു് അങ്ങനെയുള്ള പ്രമാണങ്ങൾ താൻ ഒഴികെയുള്ള എല്ലാ കക്ഷികളേയും ബാദ്ധ്യസ്ഥരാക്കത്തക്കവിധം ഡ്രാ ചെയ്യുകയും എൻഡോഴ്സ്സ് ചെയ്യുകയും ഡെലിവർ ചെയ്യുകയും കൈമാറുകയും ചെയ്യാവുന്നതാണു്.

ഇതിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള പ്രമാണങ്ങൾ എഴുതിക്കൊടുക്കുവാനോ, എൻഡോഴ്സ്സ് ചെയ്യുവാനോ, പ്രതിഗ്രഹിക്കുവാനോ ഒരു ഏകാംഗയോഗത്തെ അധികാരപ്പെടുത്തുന്നതായി, തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമത്തിൻകീഴിൽ അപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള സംഗതികളിലൊഴികെ, കരുതാൻ പാടുള്ളതല്ല.

27. ഏജൻസി.—26-ാം വകുപ്പിൽ പറഞ്ഞപ്രകാരം സ്വയം ബാദ്ധ്യസ്ഥനാകുവാനോ ബാദ്ധ്യസ്ഥനാക്കപ്പെടുവാനോ സമർത്ഥതയുള്ള ഏതൊരാളും, തന്റെ പേരിൽ യഥാവിധി പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ഒരു ഏജൻറു് പ്രവർത്തിക്കുന്നതുവഴി അപ്രകാരം ബാദ്ധ്യസ്ഥനാകാവുന്നതോ ബാദ്ധ്യസ്ഥനാക്കപ്പെടാവുന്നതോ ആകുന്നു.

ബിസിനസ്സ് നടത്തുന്നതിനും കടങ്ങൾ സ്വീകരിക്കുകയും കടബാദ്ധ്യത തീർക്കുകയും ചെയ്യുന്നതിനുമുള്ള സാമാന്യപ്രാധികാരം, ഏജൻറിനു് തന്റെ പ്രിൻസിപ്പലിനെ ബാദ്ധ്യസ്ഥനാക്കത്തക്കവിധം വിനിമയ പത്രങ്ങൾ പ്രതിഗ്രഹിക്കുന്നതിനോ എൻഡോഴ്സ്സ് ചെയ്യുന്നതിനോ ഉള്ള അധികാരം നല്കുന്നില്ല.

വിനമയപത്രങ്ങൾ ഡ്രാ ചെയ്യുന്നതിനുള്ള പ്രാധികാരത്തിൽനിന്നു മാത്രം എൻഡോഴ്സ്സ് ചെയ്യുന്നതിനുള്ള പ്രാധികാരം വ്യംഗ്യമാകുന്നില്ല.

28. ഒപ്പിടുന്ന ഏജൻറിന്റെ ബാദ്ധ്യത.—ഒരു പ്രോനോട്ടിലോ, വിനിമയ പത്രത്തിലോ, ചെക്കിലോ, അതിൽ താൻ ഒരു ഏജൻറു് ആയിട്ടാണു് ഒപ്പിടുന്നതു് എന്നോ, അല്ലെങ്കിൽ ഒപ്പിടുന്നതുവഴി താൻ സ്വന്തം നിലയ്ക്കു് ഉത്തരവാദിയാകാന ഉദ്ദേശിക്കുന്നില്ലെന്നോ കാണിക്കാതെ തന്റെ പേരുവച്ചു് ഒപ്പിടുന്ന ഒരു ഏജൻറു് പ്രിൻസിപ്പലിനെ മാത്രമേ ബാദ്ധ്യസ്ഥനായി കണക്കാക്കുകയുള്ളു എന്ന വിശ്വാസത്തിൻമേൽ ഒപ്പിടാൻ തന്നെ പ്രചോദിപ്പിച്ച ആളുകളോടു് ഒഴികെ, ആ പ്രമാണത്തിൻമേൽ സ്വന്തം നിലയ്ക്കു് ബാദ്ധ്യതയുള്ളവനായിരിക്കുന്നതാണു്.

29. ഒപ്പിടുന്ന നിയമാനുസൃത പ്രതിനിധിയുടെ ബാദ്ധ്യത.—ഒരു പ്രോനോട്ടിലോ വിനിമയ പത്രത്തിലോ ചെക്കിലോ തന്റെ പേരുവച്ചു് ഒപ്പിടുന്ന, മരിച്ചുപോയ ഒരാളുടെ നിയമാനുസൃത പ്രതിനിധി, ആ നിലയ്ക്കു്

തനിക്ക് ലഭിച്ച ആസ്തികളുടെ വ്യാപ്തിയോളം തന്റെ ബാദ്ധ്യത പ്രകടമായി പരിമിതിപ്പെടുത്താത്തപക്ഷം, അതിൻമേൽ സ്വന്തം നിലയ്ക്ക് ബാദ്ധ്യതയുള്ളവനായിരിക്കുന്നതാണ്.

30. ഡ്രായറുടെ ബാദ്ധ്യത.—ഒരു വിനിമയപത്രത്തിന്റെയോ ചെക്കിന്റെയോ, ഡ്രായർ, അത് ഡ്രായിയോ പ്രതിഗൃഹീതാവോ അനാദരിക്കുന്ന സംഗതിയിൽ, ധാരകന് നഷ്ടപരിഹാരം ചെയ്യാൻ, ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളവിധം അനാദരണത്തിന്റെ യഥാവിധിയുള്ള നോട്ടീസ് ഡ്രായർക്കു നല്കുകയോ ലഭിക്കുകയോ ചെയ്തിട്ടുള്ളപക്ഷം ബാദ്ധ്യസ്ഥനാകുന്നു.

31. ചെക്കിന്റെ ഡ്രായിയുടെ ബാദ്ധ്യത.—ചെക്കിന്റെ പണം കൊടുക്കുന്നതിന് ശരിയായി ഉപയോഗിക്കാവുന്ന, ഡ്രായറുടെ വേണ്ടത്ര പണം തന്റെ കൈയിലുള്ള ഡ്രായി, അങ്ങനെ പണം കൊടുക്കാൻ യഥാവിധി ആവശ്യപ്പെടുമ്പോൾ ചെക്കിന്റെ പണം കൊടുക്കേണ്ടതും അങ്ങനെ പണം കൊടുക്കുന്നതിന് വീഴ്ചവരുത്തിയാൽ, അങ്ങനെയുള്ള വീഴ്ചയാലുണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ നാശനഷ്ടത്തിനോ ഡ്രായർക്ക് നഷ്ടപരിഹാരം ചെയ്യേണ്ടതും ആകുന്നു.

32. പ്രോനോട്ട് എഴുതിക്കൊടുക്കുന്ന ആളുടേയും വിനിമയപത്രം പ്രതിഗ്രഹിക്കുന്ന ആളുടേയും ബാദ്ധ്യത.—വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, പ്രോനോട്ട് എഴുതിക്കൊടുക്കുന്ന ആളും ഒരു വിനിമയപത്രത്തിന്റെ കാലമെത്തലിന് മുമ്പുള്ള പ്രതിഗൃഹീതാവും കാലം എത്തുമ്പോൾ അതിന്റെ പണം യഥാക്രമം നോട്ടിന്റെയോ പ്രതിഗ്രഹണത്തിന്റെയോ പ്രത്യക്ഷത്തിലുള്ള ഉദ്ദേശ്യമനുസരിച്ച് കൊടുക്കുവാൻ ബാദ്ധ്യസ്ഥരും, വിനിമയപത്രത്തിന്റെ കാലമെത്തുമ്പോഴോ കാലം എത്തിയതിനുശേഷമോ ഉള്ള പ്രതിഗൃഹീതാവ്, ധാരകന് അതിന്റെ പണം ആവശ്യപ്പെടുമ്പോൾ കൊടുക്കുവാൻ ബാദ്ധ്യസ്ഥനും ആണ്.

മുൻപറഞ്ഞതുപോലെ പണം കൊടുക്കുന്നതിന് വീഴ്ചവരുത്തിയാൽ, അങ്ങനെയുള്ള എഴുതിക്കൊടുക്കുന്ന ആളോ പ്രതിഗൃഹീതാവോ പ്രോനോട്ടിന്റെയോ വിനിമയപത്രത്തിന്റെയോ ഏതെങ്കിലും കക്ഷിക്ക് അങ്ങനെയുള്ള വീഴ്ചയാൽ അയാൾക്ക് നേരിടുന്ന ഏതെങ്കിലും നഷ്ടത്തിനോ നാശത്തിനോ നഷ്ടപരിഹാരം ചെയ്യാൻ ബാദ്ധ്യസ്ഥനാകുന്നു.

33. ആവശ്യമായി വന്നാലോ അല്ലെങ്കിൽ ആദരണാർത്ഥമോ ഒഴികെ ഡ്രായിക്കു മാത്രമെ പ്രതിഗൃഹീതാവ് ആകാവൂ.—ഒരു വിനിമയപത്രത്തിന്റെ ഡ്രായിക്കോ പല ഡ്രായികളിൽ എല്ലാവർക്കും അല്ലെങ്കിൽ ചിലർക്കുമോ, അല്ലെങ്കിൽ ആവശ്യമായി വന്നാലുള്ള ഡ്രായിയായി അതിൽ പേർ പറയുന്ന ആൾക്കോ, അല്ലെങ്കിൽ ആദരണാർത്ഥ പ്രതിഗൃഹീതാവിനോ ഒഴികെ ആർക്കും പ്രതിഗ്രഹണംവഴി സ്വയം ബന്ധിക്കാവുന്നതല്ല.

34. പങ്കാളികളല്ലാത്ത പല ഡ്രായികൾ പ്രതിഗ്രഹിക്കുന്നത്.—ഒരു വിനിമയപത്രത്തിന്, പങ്കാളികളല്ലാത്ത പല ഡ്രായികളുള്ളപ്പോൾ, അവരിൽ ഓരോരുത്തനും തനിക്കുവേണ്ടി അത് പ്രതിഗ്രഹിക്കാം ; എന്നാൽ അവരിൽ യാതൊരാൾക്കും മറ്റൊരാൾക്കുവേണ്ടി അയാളുടെ പ്രാധികാരം കൂടാതെ അത് പ്രതിഗ്രഹിക്കാവുന്നതല്ല.

35. എൻഡോഴ്സറുടെ ബാദ്ധ്യത,—വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, കാലം എത്തലിനുമുമ്പ് കൈമാറാവുന്ന ഒരു പ്രമാണം, എൻഡോഴ്സ്മെന്റിൽ തന്റെ സ്വന്തം ബാദ്ധ്യത പ്രകടമായി ഒഴിവാക്കുകയോ

സോപാധികമാക്കുകയോ ചെയ്യാതെ എൻഡോഴ്സുചെയ്യുകയും ഡെലിവർ ചെയ്യുകയും ചെയ്യുന്ന ഏതൊരാളും, അതുവഴി പിന്നീടുള്ള ഏത് ധാരകനും, ഡ്രായിയോ പ്രതിഗൃഹീതാവോ, എഴുതിക്കൊടുക്കുന്ന ആളോ അനാദരിക്കുന്ന സംഗതിയിൽ, അങ്ങനെയുള്ള അനാദരണത്താൽ അങ്ങനെയുള്ള ധാരകന് അയാൾക്ക് ഉണ്ടാവുന്ന ഏതെങ്കിലും നഷ്ടത്തിനോ നാശനഷ്ടത്തിനോ നഷ്ടപരിഹാരം ചെയ്യാൻ, അങ്ങനെയുള്ള എൻഡോഴ്സർക്ക് ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ള വിധം അനാദരണത്തിന്റെ യഥാവിധിയുള്ള നോട്ടീസ് കൊടുക്കുകയോ ലഭിക്കുകയോ ചെയ്തിട്ടുള്ളപക്ഷം, ബാദ്ധ്യസ്ഥൻ ആകുന്നു.

അനാദരണത്തിന് ശേഷമുള്ള ഏതൊരു എൻഡോഴ്സറും ആവശ്യപ്പെടുമ്പോൾ പണം കൊടുക്കേണ്ട ഒരു പ്രമാണത്തിൻമേൽ എന്നപോലെ ബാദ്ധ്യസ്ഥൻ ആകുന്നു.

36. മുറയ്ക്കുള്ള ധാരകനോട് മുൻ കക്ഷികൾക്കുള്ള ബാദ്ധ്യത.—കൈമാറാവുന്ന ഒരു പ്രമാണത്തിന്റെ ഏതൊരു മുൻകക്ഷിയും മുറപ്രകാരം പ്രമാണബാദ്ധ്യത തീർക്കുന്നതുവരെ മുറയ്ക്കുള്ള ധാരകനോട് അതിൻമേൽ ബാദ്ധ്യസ്ഥനാകുന്നു.

37. എഴുതിക്കൊടുക്കുന്നവനും ഡ്രായറും പ്രതിഗൃഹീതാവും മൂല അധമർണ്ണർമാർ.—പ്രോനോട്ടോ ചെക്കോ എഴുതിക്കൊടുക്കുന്ന ആളും പ്രതിഗ്രഹണം വരെ വിനിമയപത്രത്തിന്റെ ഡ്രായറും, പ്രതിഗൃഹീതാവും, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, യഥാക്രമം അതിൻമേൽ മൂല അധമർണ്ണരെന്ന നിലയിൽ ബാദ്ധ്യതയുള്ളവർ ആയിരിക്കുന്നതും, അതിലെ മററു കക്ഷികൾ, അതതുസംഗതിപോലെ, എഴുതിക്കൊടുക്കുന്നവർക്കോ ഡ്രായർക്കോ പ്രതിഗൃഹീതാവിനോ വേണ്ടി അതിൻമേൽ ജാമ്യക്കാർ എന്ന നിലയിൽ ബാദ്ധ്യതയുള്ളവർ ആയിരിക്കുന്നതും ആകുന്നു.

38. മുൻ കക്ഷി ഓരോ പിൻകക്ഷിയെ സംബന്ധിച്ചും മൂല അധമർണ്ണൻ.—ജാമ്യക്കാരെന്ന നിലയിൽ ബാദ്ധ്യതയുള്ള കക്ഷികൾ തമ്മിൽ തമ്മിൽ, ഏതൊരു മുൻകക്ഷിയും, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, ഓരോ പിൻകക്ഷിയെ സംബന്ധിച്ചും അതിൻമേൽ ഒരു മൂല അധമർണ്ണൻ എന്ന നിലയിൽ ബാദ്ധ്യതയുള്ളവൻകൂടി ആയിരിക്കുന്നതാണ്.

### ദൃഷ്ടാന്തം

ക തന്റെ സ്വന്തം ആർഡർക്ക് പണം കൊടുക്കേണ്ടതായ ഒരു വിനിമയപത്രം ഖ യുടെ മേൽ ഡ്രാ ചെയ്യുകയും അയാൾ പ്രതിഗ്രഹിക്കുകയും ചെയ്യുന്നു. പിന്നീട് ക ആ വിനിമയപത്രം ഗ യ്ക്കും, ഗ ഘ-യ്ക്കും ഘ ങ-യ്ക്കും എൻഡോഴ്സ് ചെയ്യുന്നു. ങ-യും ഖ-യും തമ്മിൽ തമ്മിൽ മൂല അധമർണ്ണനും ക-യും, ഗ-യും, ഘ-യും അയാളുടെ ജാമ്യക്കാരും ആകുന്നു. ങ-യും ക-യും തമ്മിൽ ക മൂല അധമർണ്ണനും ഗ-യും ഘ-യും അയാളുടെ ജാമ്യക്കാരും ആകുന്നു. ങ-യും ഗ-യും തമ്മിൽ ഗ മൂല അധമർണ്ണനും ഘ അയാളുടെ ജാമ്യക്കാരനും ആകുന്നു.

39. ജാമ്യം.—പ്രതിഗ്രഹിക്കപ്പെട്ട ഒരു വിനിമയപത്രത്തിന്റെ ധാരകൻ പ്രതിഗൃഹീതാവുമായി, ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ് 1872 (1872-ലെ 9) 134-ാം വകുപ്പിന്റെയോ, 135-ാം വകുപ്പിന്റെയോ കീഴിൽ മററ് കക്ഷികളുടെ ബാദ്ധ്യത വിടുത്തുന്നതായ ഏതെങ്കിലും കാൺട്രാക്ററിൽ ഏർപ്പെടുമ്പോൾ ധാരകൻ മററ് കക്ഷികളെ ബാദ്ധ്യതയുള്ളവരാക്കാൻ തനിക്ക് ഉള്ള അവകാശം പ്രകടമായി തനിക്ക് നീക്കിവയ്ക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ അവരുടെ ബാദ്ധ്യത വിടുത്തപ്പെടുന്നതല്ലാത്തതും ആകുന്നു.

40. എൻഡോഴ്സറുടെ ബാദ്ധ്യത വിടുത്തുന്നത്.—കൈമാറാവുന്ന ഒരു പ്രമാണത്തിന്റെ ധാരകൻ, എൻഡോഴ്സറുടെ സമ്മതം കൂടാതെ ഒരു മുൻ കക്ഷിക്ക് എതിരായ എൻഡോഴ്സർക്കുള്ള നിവൃത്തി നശിപ്പിക്കുകയോ ക്ഷയിപ്പിക്കുകയോ ചെയ്യുന്നിടത്ത്, പ്രമാണത്തിലെ പണം കാലമെത്തുമ്പോൾ കൊടുത്തിരുന്നാലെന്നപോലെ അത്രത്തോളം എൻഡോഴ്സർ ധാരകനോടുള്ള ബാദ്ധ്യതയിൽനിന്ന് വിടുത്തപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തം

ക, ഖ യുടെ ആർഡർക്ക് പണം കൊടുക്കേണ്ടതും താഴെ പറയുന്ന ബ്ലാങ്ക് എൻഡോഴ്സ്മെന്റുകൾ അടങ്ങിയതും ആയ ഒരു വിനിമയ പത്രത്തിന്റെ ധാരകനാണ്. ഒന്നാമത്തെ എൻഡോഴ്സ്മെന്റ് "ഖ" രണ്ടാമത്തെ എൻഡോഴ്സ്മെന്റ് "പീററർ വില്യംസ്" മൂന്നാമത്തെ എൻഡോഴ്സ്മെന്റ് "റൈററ് ആൻഡ് കോ" നാലാമത്തെ എൻഡോഴ്സ്മെന്റ് "ജോൺ റോസറിയോ".

ക ഈ വിനിമയ പത്രത്തിൻമേൽ ജോൺ റോസറിയോയ്ക്ക് എതിരായി വ്യവഹാരം കൊടുക്കുകയും ജോൺ റോസറിയോവിന്റെ സമ്മതം കൂടാതെ പീററർ വില്യംസിന്റേയും റൈററ് ആൻഡ് കോയുടേയും എൻഡോഴ്സ്മെന്റുകൾ വെട്ടിക്കളയുകയും ചെയ്യുന്നു. ക-യ്ക്ക് ജോൺ റോസറിയോയിൽനിന്ന് യാതൊന്നും വസൂലാക്കുവാൻ അവകാശമില്ല.

41. എൻഡോഴ്സ്മെന്റ് വ്യാജനിർമ്മിതം എങ്കിലും പ്രതിഗൃഹീതാവ് ബാദ്ധ്യസ്ഥനാണ്.— എൻഡോഴ്സ് ചെയ്തുകഴിഞ്ഞ ഒരു വിനിമയ പത്രത്തിന്റെ പ്രതിഗൃഹീതാവ്, അങ്ങനെയുള്ള എൻഡോഴ്സ്മെന്റ് വ്യാജനിർമ്മിതം ആണെന്ന കാരണത്താൽ, ആ വിനിമയപത്രം പ്രതിഗ്രഹിച്ചപ്പോൾ എൻഡോഴ്സ്മെന്റ് വ്യാജനിർമ്മിതം ആണെന്ന് അയാൾ അറിയുകയോ അയാൾക്ക് വിശ്വസിക്കുവാൻ കാരണം ഉണ്ടാകുകയോ ചെയ്തിരുന്നുവെങ്കിൽ, ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല.

42. കല്പിതമായ പേരിൽ ഡ്രാ ചെയ്ത വിനിമയപത്രത്തിന്റെ പ്രതിഗ്രഹണം.—കല്പിതമായ പേരിൽ ഡ്രാ ചെയ്തിട്ടുള്ളതും ഡ്രായറുടെ ആർഡർക്ക് പണംകൊടുക്കേണ്ടതുമായ ഒരു വിനിമയപത്രത്തിന്റെ പ്രതിഗൃഹീതാവ് അങ്ങനെയുള്ള പേര് കല്പിതമാണെന്ന കാരണത്താൽ ഡ്രായറുടെ ഒപ്പിന്റെ അതേ കൈയക്ഷരത്തിലുള്ളതും ഡ്രായർ ചെയ്തതാണെന്നു കരുതാവുന്നതുമായ ഒരു എൻഡോഴ്സ്മെന്റ് പ്രകാരം ഏതെങ്കിലും മുറയ്ക്കുള്ള ധാരകനോടുള്ള ബാദ്ധ്യതയിൽനിന്നും വിടുത്തപ്പെടുന്നില്ല.

43. പ്രതിഫലം കൂടാതെ എഴുതിക്കൊടുത്തതോ മറേറാ ആയ കൈമാററം ചെയ്യാവുന്ന പ്രമാണം.—പ്രതിഫലം കൂടാതെയോ വ്യർത്ഥമായിത്തീരുന്ന പ്രതിഫലത്തിനോ, എഴുതിക്കൊടുത്തതോ ഡ്രാ ചെയ്തതോ പ്രതിഗ്രഹിച്ചതോ എൻഡോഴ്സ് ചെയ്തതോ കൈമാററം ചെയ്തതോ ആയ ഒരു കൈമാറാവുന്ന പ്രമാണം ആ ഇടപാടിലെ കക്ഷികൾ തമ്മിൽ പണം കൊടുക്കാനുള്ള യാതൊരു കടപ്പാടും സൃഷ്ടിക്കുന്നില്ല. എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും കക്ഷി പ്രമാണം എൻഡോഴ്സ്മെന്റിനോടുകൂടിയോ കൂടാതെയോ ഒരു ധാരകന് പ്രതിഫലത്തിൻമേൽ കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ

അങ്ങനെയുള്ള ധാരകനും അയാളിൽനിന്ന് ഉടമാവകാശം സിദ്ധിക്കുന്ന പിന്നീടുള്ള ഓരോ ധാരകനും പ്രമാണത്തിൻമേൽ കിട്ടേണ്ട തുക പ്രതിഫലത്തിന് കൈമാററം ചെയ്ത ആളിൽനിന്നോ അതിലെ ഏതെങ്കിലും മുൻകക്ഷിയിൽ നിന്നോ വസൂലാക്കാവുന്നതാണ്.

അപവാദം 1.—ആരുടെ സൗകര്യത്തിനുവേണ്ടിയാണോ ഒരു കൈമാററം ചെയ്യാവുന്ന പ്രമാണം എഴുതിക്കൊടുക്കുകയോ, ഡ്രാ ചെയ്യുകയോ പ്രതിഗ്രഹിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള യാതൊരു കക്ഷിക്കും അതിലെ തുക അയാൾ കൊടുത്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള തുക അയാളുടെ സൗകര്യത്തിനുവേണ്ടി അങ്ങനെയുള്ള പ്രമാണത്തിൽ കക്ഷിയായിട്ടുള്ള ഏതെങ്കിലും ആളിൽനിന്ന് അതിൻമേൽ വസൂലാക്കാവുന്നതല്ല.

അപവാദം 2.— ഏത് പ്രതിഫലം പൂർണ്ണമായി കൊടുക്കുന്നതിലോ നിർവഹിക്കുന്നതിലോ ആണ് താൻ വീഴ്ച വരുത്തിയിട്ടുള്ളത്, ആ പ്രതിഫലത്തിനു തനിക്ക് പ്രമാണം എഴുതിക്കൊടുക്കുകയോ ഡ്രാ ചെയ്യുകയോ, പതിഗ്രഹിക്കുകയോ, എൻഡോഴ്സ് ചെയ്യുകയോ, കൈമാററം ചെയ്യുകയോ ചെയ്യാൻ മറെറതെങ്കിലും കക്ഷിയെ പ്രചോദിപ്പിച്ചിട്ടുള്ള അതിലെ യാതൊരു കക്ഷിക്കും അയാൾ യഥാർത്ഥത്തിൽ കൊടുക്കുകയോ നിർവ്വഹിക്കുകയോ ചെയ്തിട്ടുള്ള പ്രതിഫലത്തിന്റെ (വല്ലതും ഉണ്ടെങ്കിൽ) മൂല്യത്തിൽ കവിഞ്ഞതുക വസൂലാക്കാൻ പാടുള്ളതല്ല.

44. പണമായ പ്രതിഫലം ഭാഗികമായി ഇല്ലാതിരിക്കുകയോ വ്യർത്ഥമാവുകയോ ചെയ്യുന്നത്.—ഒരാൾ ഒരു പ്രോനോട്ടോ വിനിമയ പത്രമോ ചെക്കോ ഒപ്പിട്ടിട്ടുള്ളതിന്റെ പ്രതിഫലം പണമായിരിക്കുകയും അത് ആദ്യമേതന്നെ ഭാഗികമായി ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ പിന്നീട് ഭാഗികമായി വ്യർത്ഥമാവുകയോ ചെയ്യുമ്പോൾ, 'അങ്ങനെഒപ്പിട്ടആളുമായി തൊട്ടടുത്ത, ബന്ധപ്പെട്ടുനില്ക്കുന്ന ധാരകന്, അയാളിൽനിന്നും കിട്ടുവാൻ അവകാശമുള്ള തുക ആനുപാതികമായി കുറയുന്നതാകുന്നു.

വിശദീകരണം.—വിനിമയപത്രം ഡ്രാ ചെയ്യുന്ന ആൾ പ്രതിഗൃഹീതാവുമായി തൊട്ടടുത്തു ബന്ധപ്പെട്ടുനില്ക്കുന്നു. പ്രോനോട്ടോ, വിനിമയ പത്രമോ. ചെക്കോ എഴുതിക്കൊടുക്കുന്ന ആൾ ആദാതാവുമായും, എൻഡോഴ്സർ അയാളുടെ എൻഡോഴ്സിയുമായും തൊട്ടടുത്തുബന്ധപ്പെട്ടുനില്ക്കുന്നു. ഒപ്പിടുന്ന മററാളുകൾക്ക് കരാർവഴി ധാരകനുമായി തൊട്ടടുത്തുബന്ധപ്പെട്ടുനില്ക്കാവുന്നതാണ്.

### ദൃഷ്ടാന്തം

ക ഖ യുടെ മേൽ 500 രൂപയ്ക്ക് ക യുടെ ആർഡർക്ക് പണം കൊടുക്കേണ്ട ഒരു വിനിമയപത്രം ഡ്രാ ചെയ്യുന്നു. ഖ വിനിമയപത്രം പ്രതിഗ്രഹിക്കുന്നു. എന്നാൽ പിന്നീട് പണം കൊടുക്കാതിരിക്കുന്നതുവഴി അതിനെ അനാദരിക്കുന്നു. ക വിനിമയ പത്രത്തിൻമേൽ ഖ യ്ക്കെതിരെ വ്യവഹാരം കൊടുക്കുന്നു 400 രൂപയെ സംബന്ധിച്ച് മൂല്യത്തിനും, ബാക്കിയെ സംബന്ധിച്ച് വാദിയുടെ സൗകര്യത്തിനുമായാണ് അത് പ്രതിഗ്രഹിക്കപ്പെട്ടതെന്ന് ഖ തെളിയിക്കുന്നു.

'ക' യ്ക്ക് 400 രൂപ മാത്രമേ വസൂലാക്കാൻ ആവുകയുള്ളു.

45. പണമല്ലാത്ത പ്രതിഫലം ഭാഗികമായി വ്യർത്ഥമാകുന്നത്.—ഒരാൾ ഒരു പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ ഒപ്പിട്ടിട്ടുള്ളതിന്റെ പ്രതിഫലത്തിന്റെ ഒരു ഭാഗം പണമല്ലെങ്കിലും, ആനുഷംഗികമായ അന്വേഷണവിചാരണ കൂടാതെ പണമായി തിട്ടപ്പെടുത്താവുന്നതാവുകയും, ആ ഭാഗം വ്യർത്ഥമാവുകയും ചെയ്യുമ്പോൾ അങ്ങനെ ഒപ്പിടുന്ന ആളുമായി തൊട്ടടുത്ത ബന്ധപ്പെട്ടു നില്ക്കുന്ന ധാരകന് അയാളിൽനിന്ന് കിട്ടാൻ അവകാശമുള്ള പണം ആനുപാതികമായി കുറയുന്നതാകുന്നു.

45 ക. നഷ്ടപ്പെട്ട വിനിമയപത്രത്തിന്റെ ഡ്യൂപ്ലിക്കേററിന് ധാരകനുള്ള അവകാശം.—ഒരു വിനിമയപത്രം കാലമെത്തൽ കഴിയുന്നതിനു മുൻപ് നഷ്ടപ്പെട്ടിട്ടുള്ളിടത്ത്, അതിന്റെ ധാരകൻ ആയിരുന്ന ആൾക്ക്, നഷ്ടപ്പെട്ടതായി പറയുന്ന വിനിമയപത്രം വീണ്ടും കണ്ടെത്തിയാൽ എല്ലാ ആളുകൾക്കും എതിരായി, അവർ ആരായിരുന്നാലും, നഷ്ടോത്തരവാദം ചെയ്തുകൊള്ളാമെന്ന്, ഡ്രായർക്ക്, ആവശ്യപ്പെടുന്നുവെങ്കിൽ ജാമ്യം നല്കിക്കൊണ്ട്, അതേ താത്പര്യത്തോടുകൂടിയ മറെറാരു വിനിമയപത്രം തനിക്ക് നല്കാൻ ഡ്രായറോട് അപേക്ഷിക്കാവുന്നതാണ്.

മേല്പറഞ്ഞ പ്രകാരമുള്ള അപേക്ഷയിൻമേൽ വിനിമയപത്രത്തിന്റെ ഡ്യൂപ്ലിക്കേററ് നല്കാൻ ഡ്രായർ വിസമ്മതിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യാൻ അയാളെ നിർബന്ധിക്കാവുന്നതാണ്.

## അദ്ധ്യായം IV

## കൈമാററം ചെയ്യലിനെക്കുറിച്ച്

46. ഡെലിവറി.—ഒരു പ്രോനോട്ടിന്റേയോ, വിനിമയപത്രത്തിന്റേയോ ചെക്കിന്റേയോ എഴുതിക്കൊടുക്കലോ പ്രതിഗ്രഹണമോ എൻഡോഴ്സ്മെന്റോ യഥാർത്ഥമോ അനുമേയമോ ആയ ഡെലിവറിയാൽ പൂർത്തിയാകുന്നു.

തൊട്ടടുത്ത ബന്ധത്തിൽ നില്ക്കുന്ന കക്ഷികൾ തമ്മിൽ ഡെലിവറി ഫലപ്രദമാകുന്നതിന് ആ പ്രമാണം എഴുതിക്കൊടുക്കുകയോ പ്രതിഗ്രഹിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ ചെയ്യുന്ന കക്ഷിയോ അയാൾ അതിലേക്ക് പ്രാധികാരം നല്കുന്ന ആളോ ചെയ്യേണ്ടതാകുന്നു.

അങ്ങനെയുള്ള കക്ഷികളും പ്രമാണത്തിന്റെ മുറയ്ക്കുള്ള ധാരകനല്ലാത്ത ഏതെങ്കിലും ധാരകനും തമ്മിൽ, പ്രമാണം ഡെലിവർ ചെയ്തത് സോപാധികമായോ പ്രത്യേക ആവശ്യത്തിനോ മാത്രമായോ ആയിരുന്നുവെന്നും, അതിലെ സ്വത്വം പൂർണ്ണാവകാശത്തോടെ മുഴുവനായും കൈമാററം ചെയ്യുന്ന ആവശ്യത്തിനായിരുന്നില്ലെന്നും കാണിക്കാവുന്നതാണ്.

ബെയറർക്ക് പണം കൊടുക്കേണ്ട പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ, അതിന്റെ ഡെലിവറിവഴി കൈമാറാവുന്നതാണ്.

ആർഡർക്ക കൊടുക്കേണ്ട പ്രോനോട്ടോ, വിനിമയപത്രമോ, ചെക്കോ, ധാരകനാൽ അത് എൻഡോഴ്സ് ചെയ്യുകയും ഡെലിവർ ചെയ്യുകയും ചെയ്യുന്നതുവഴി കൈമാറാവുന്നതാണ്.

47. ഡെലിവറിവഴി കൈമാറുന്നത്.—58-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബെയറർക്ക് പണം കൊടുക്കേണ്ട പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ അതിന്റെ ഡെലിവറിവഴി കൈമാറാവുന്നതാണ്.

അപവാദം.—ഒരു നിശ്ചിതസംഭവം ഉണ്ടായാലല്ലാതെ പ്രഭാവത്തിൽ വരുന്നതല്ലെന്ന ഉപാധിയിൻമേൽ ഡെലിവർ ചെയ്തിട്ടുള്ള ഒരു പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ അങ്ങനെയുള്ള സംഭവം ഉണ്ടാകാത്തപക്ഷം (ആ ഉപാധിയെക്കുറിച്ച് നോട്ടീസ് കൂടാതെയും, മൂല്യത്തിൻമേലും ധാരകന്റെ കൈയിലാകുമ്പോഴല്ലാതെ) കൈമാറാവുന്ന ഒന്നല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ബെയറർക്ക് പണം കൊടുക്കേണ്ട കൈമാറാവുന്ന പ്രമാണത്തിന്റെ ധാരകനായ 'ക' അത് 'ഖ' യ്ക്കുവേണ്ടി സൂക്ഷിക്കുന്നതിന് 'ഖ' യുടെ ഏജന്റിന് ഡെലിവർ ചെയ്യുന്നു. പ്രമാണം കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു.

(ഖ) ആ സമയം 'ഖ' യുടെ ബാങ്കർ ആയിട്ടുള്ള തന്റെ ബാങ്കറുടെ കൈയിലുള്ളതും ബെയറർക്ക് പണം കൊടുക്കേണ്ടതുമായ ഒരു കൈമാറാവുന്ന പ്രമാണത്തിന്റെ ധാരകനായ 'ക' പ്രമാണം ബാങ്കർക്ക് 'ഖ' യുമായുള്ള കണക്കിൽ 'ഖ' യുടെ പേർക്ക് വരവ് എന്ന നിലയിൽ മാറ്റാൻ ബാങ്കറെ നിദേശിക്കുന്നു. ബാങ്കർ അപ്രകാരം ചെയ്യുകയും അതനുസരിച്ച് പ്രമാണം ഇപ്പോൾ 'ഖ' യുടെ ഏജന്റ് എന്ന നിലയ്ക്ക് കൈവശം വയ്ക്കുകയും ചെയ്യുന്നു. പ്രമാണം കൈമാറ്റം ചെയ്യപ്പെടുകയും 'ഖ' അതിന്റെ ധാരകൻ ആവുകയും ചെയ്തിരിക്കുന്നു.

48. എൻഡോഴ്സ്മെന്റ്വഴി കൈമാറുന്നത്.—58-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആർഡറിൻമേൽ പണം കൊടുക്കേണ്ട പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ ധാരകനാൽ എൻഡോഴ്സ്മെന്റും ഡെലിവറിയുംവഴി കൈമാറ്റം ചെയ്യപ്പെടാവുന്നതാണ്.

49. ബ്ലാങ്ക് എൻഡോഴ്സ്മെന്റ് പൂർണ്ണ എൻഡോഴ്സ്മെന്റായി മാറുന്നത്.—ബ്ലാങ്കായി എൻഡോഴ്സ് ചെയ്ത, കൈമാറാവുന്ന, പ്രമാണത്തിന്റെ ധാരകന് സ്വന്തം പേരെഴുതി ഒപ്പിടാതെ, എൻഡോഴ്സി എന്ന നിലയ്ക്ക് മറ്റേതെങ്കിലും ആൾക്ക് പണം കൊടുക്കുന്നതിനുള്ള ഒരു നിദേശം, എൻഡോഴ്സറുടെ ഒപ്പിന്റെ മുകളിൽ എഴുതുന്നതുവഴി ബ്ലാങ്ക് എൻഡോഴ്സ്മെന്റ് പൂർണ്ണ എൻഡോഴ്സ്മെന്റായി മാറ്റാവുന്നതും ധാരകന് അതുവഴി ഒരു എൻഡോഴ്സറുടെ ഉത്തരവാദിത്വം നേരിടുന്നതല്ലാത്തതും, ആകുന്നു.

50. എൻഡോഴ്സ്മെന്റിന്റെ പ്രഭാവം.—കൈമാറാവുന്ന പ്രമാണത്തിന്റെ എൻഡോഴ്സ്മെന്റും തുടർന്നുള്ള ഡെലിവറിയും അതിലെ സ്വത്വം വീണ്ടും കൈമാറാനുള്ള അവകാശത്തോടെ എൻഡോഴ്സിക്ക് കൈമാറ്റം ചെയ്യുന്നു; എന്നാൽ എൻഡോഴ്സ്മെന്റിന്, പ്രകടമായ വാക്കുകൾവഴി അങ്ങനെയുള്ള അവകാശം പരിമിതപ്പെടുത്തുകയോ ഒഴിച്ചുനിറുത്തുകയോ ചെയ്യാവുന്നതോ അല്ലെങ്കിൽ എൻഡോഴ്സിയെ പ്രമാണം എൻഡോഴ്സ് ചെയ്യാനോ അല്ലെങ്കിൽ എൻഡോഴ്സർക്കോ വിനിർദ്ദിഷ്ടനായ മറ്റെതെങ്കിലും ആൾക്കോ വേണ്ടി അതിലെ തുക വാങ്ങുന്നതിനോ ഉള്ള വെറും ഏജന്റാക്കാവുന്നതോ ആണ്.

### ദൃഷ്ടാന്തങ്ങൾ

ബെയറർക്ക് പണം കൊടുക്കേണ്ട വ്യത്യസ്തമായ, കൈമാറാവുന്ന പ്രമാണങ്ങളിന്മേലുള്ള താഴെപ്പറയുന്ന എൻഡോഴ്സുമെന്റുകളിൽ 'ഖ' ഒപ്പിടുന്നു :—

(ക) "ഇതിലെ തുക 'ഗ' യ്ക്കു മാത്രം കൊടുക്കുക".

(ഖ) "പണം എന്റെ ഉപയോഗത്തിനായി 'ഗ' യ്ക്കു കൊടുക്കുക".

(ഗ) "'ഖ' യുടെ കണക്കിലേക്കായി 'ഗ' യ്ക്കോ ആർഡറിനോ കൊടുക്കുക".

(ഘ) "ഇതിലെത്തുക 'ഗ' യുടെ പേർക്ക് വരവു വയ്ക്കണം".

ഈ എൻഡോഴ്സ്മെന്റുകൾ 'ഗ' യ്ക്ക് വീണ്ടും കൈമാറാവുന്ന അവകാശം ഒഴിച്ചുനിറുത്തുന്നു.

(ങ) "പണം 'ഗ' യ്ക്കു കൊടുക്കുക".

(ച) "ഇതിലെ പണം ഓറിയന്റൽ ബാങ്കിലെ 'ഗ' യുടെ അക്കൗണ്ടിൽ കൊടുക്കുക".

(ഛ) "'ഗ' എൻഡോഴ്സർക്കും മററുമായി എഴുതിക്കൊടുത്ത ഒരു തീറാധാരത്തിലെ പ്രതിഫലത്തിന്റെ ഭാഗമായി ഇതിലെ തുക 'ഗ' യ്ക്ക് കൊടുക്കുക".

ഈ എൻഡോഴ്സ്മെന്റുകൾ 'ഗ' യ്ക്ക് വീണ്ടും കൈമാറാനുള്ള അവകാശം ഒഴിച്ചുനിറുത്തുന്നില്ല.

51. ആർക്ക് കൈമാറാമെന്ന്.—ഒരു കൈമാറാവുന്ന പ്രമാണത്തിന്റെ രചയിതാവോ ഡ്രോയരോ ആദാതാവോ എൻഡോഴ്സിയോ ആയി ഒരാളെ ഉള്ളുവെങ്കിൽ ആയാൾക്കോ അല്ലെങ്കിൽ കൂട്ടായുള്ള രചയിതാക്കളോ ഡ്രോയർമാരോ ആദാതാക്കളോ എൻഡോഴ്സികളോ ആയി പലരും ഉണ്ടെങ്കിൽ അവർക്കെല്ലാവർക്കുമോ അങ്ങനെയുള്ള പ്രമാണം കൈമാറുന്നത് 50-ാം വകുപ്പിൽ പറഞ്ഞതുപോലെ പരിമിതപ്പെടുത്തുകയോ ഒഴിച്ചുനിറുത്തുകയോ ചെയ്തിട്ടില്ലെങ്കിൽ, അത് എൻഡോഴ്സ് ചെയ്യുകയും കൈമാറുകയും ചെയ്യാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിലുള്ള യാതൊന്നും രചയിതാവിനേയോ ഡ്രോയറേയോ പ്രമാണം എൻഡോഴ്സ് ചെയ്യുവാനോ കൈമാറുവാനോ ആയാൾക്ക്, അതിന്റെ നിയമാനുസൃതമായ കൈവശം ഉണ്ടായിരിക്കുകയോ, അയാൾ അതിന്റെ ധാരകൻ ആയിരിക്കുകയോ ചെയ്യാത്തപക്ഷം, കഴിവുള്ളവനാക്കുകയോ അല്ലെങ്കിൽ ആദാതാവിനേയോ എൻഡോഴ്സിയേയോ പ്രമാണം എൻഡോഴ്സ് ചെയ്യാനോ കൈമാറുവാനോ, അയാൾ അതിന്റെ ധാരകൻ അല്ലാത്തപക്ഷം, കഴിവുള്ളവനാക്കുകയോ ചെയ്യുന്നില്ല.

### ദൃഷ്ടാന്തം

'ക' യ്ക്കോ ആർഡർക്കോ പണം കൊടുക്കേണ്ടതായി ഒരു വിനിമയപത്രം ഡ്രാ ചെയ്യപ്പെടുന്നു. "അല്ലെങ്കിൽ ആർഡർക്കോ" എന്ന വാക്കുകളോ തുല്യമായ വല്ല വാക്കുകളോ അടങ്ങാത്ത എൻഡോഴ്സ്മെന്റോടെ 'ക' അത് 'ഖ' യ്ക്ക് എൻഡോഴ്സ് ചെയ്യുന്നു. 'ഖ' യ്ക്ക് ആ പ്രമാണം കൈമാറാവുന്നതാണ്.

52. <u>തന്റെ സ്വന്തം ബാദ്ധ്യത ഒഴിച്ചുനിറുത്തുകയോ അത് സോപാധികമാക്കുകയോ ചെയ്യുന്ന എൻഡോഴ്സർ.</u>—കൈമാറാവുന്ന ഒരു പ്രമാണത്തിന്റെ എൻഡോഴ്സർക്ക്, എൻഡോഴ്സ്മെന്റിലുള്ള പ്രകടമായ വാക്കുകൾ വഴി, അതിൻമേലുള്ള തന്റെ ബാദ്ധ്യത ഒഴിച്ചുനിറുത്തുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ബാദ്ധ്യതയെയോ, അതിൻമേൽ കിട്ടുവാനുള്ള തുക കിട്ടുവാൻ എൻഡോഴ്സിക്കുള്ള അവകാശത്തേയോ, വിനിർദ്ദിഷ്ടമായ ഒരു സംഭവം ഉണ്ടാകുന്നതിനെ, അങ്ങനെയുള്ള സംഭവം ഒരിക്കലും ഉണ്ടാകുമായിരിക്കയില്ലെങ്കിലും, ആശ്രയിക്കുന്നതാക്കാവുന്നതാണ്.

എൻഡോഴ്സർ തന്റെ ബാദ്ധ്യതയെ അപ്രകാരം ഒഴിച്ചുനിറുത്തുകയും പിന്നീട് പ്രമാണത്തിന്റെ ധാരകനാകുകയും ചെയ്യുന്നിടത്ത് ഇടയ്ക്കുള്ള എല്ലാ എൻഡോഴ്സർമാരും അയാളോട് ബാദ്ധ്യതയുള്ളവരാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) കൈമാറാവുന്ന ഒരു പ്രമാണത്തിന്റെ എൻഡോഴ്സർ "ബാദ്ധ്യത കൂടാതെ" എന്ന വാക്കുകൾ ചേർത്ത് പേരെഴുതി ഒപ്പിടുന്നു.

ഈ എൻഡോഴ്സ്മെന്റിൻമേൽ അയാൾക്ക് യാതൊരു ബാദ്ധ്യതയും നേരിടുന്നില്ല.

(ഖ) 'ഖ' ഒരു കൈമാറാവുന്ന പ്രമാണത്തിന്റെ ആദാതാവും ധാരകനുമാണ്. 'ബാദ്ധ്യത കൂടാതെ' എന്നുള്ള എൻഡോഴ്സ്മെന്റുവഴി സ്വന്തം ബാദ്ധ്യത ഒഴിച്ചുനിറുത്തിക്കൊണ്ട് അയാൾ പ്രമാണം 'ഖ' യ്ക്ക് കൈമാററം ചെയ്യുകയും 'ഖ' അത് 'ഗ' യ്ക്ക് എൻഡോഴ്സ് ചെയ്യുകയും അയാൾ അത് 'ക' യ്ക്ക് എൻഡോഴ്സ് ചെയ്യുകയും ചെയ്യുന്നു. 'ക' യ്ക്ക് തന്റെ മുന്നവകാശങ്ങൾ വീണ്ടുകിട്ടുന്നു. എന്നു മാത്രമല്ല, 'ഖ' യ്ക്കും 'ഗ' യ്ക്കും എതിരായി ഒരു എൻഡോഴ്സിയുടെ അവകാശങ്ങൾകൂടി ഉണ്ടായിരിക്കുന്നതാണ്.

53. <u>മുറയ്ക്കുള്ളധാരകനിൽനിന്ന് ഉടമാവകാശം സിദ്ധിക്കുന്നധാരകൻ.</u>—മുറയ്ക്കുള്ള ധാരകനിൽനിന്ന് ഉടമാവകാശം സിദ്ധിക്കുന്ന കൈമാറാവുന്ന പ്രമാണത്തിന്റെ ധാരകന്, അതിൻമേൽ ആ മുറയ്ക്കുള്ള ധാരകന്റെ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

54. <u>ബ്ലാങ്കായി എൻഡോഴ്സ് ചെയ്ത പ്രമാണം.</u>—ക്രാസ്സ് ചെയ്ത ചെക്കുകൾ സംബന്ധിച്ച് ഇതിനുശേഷം ഇതിലടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ബ്ലാങ്കായി എൻഡോഴ്സ് ചെയ്ത കൈമാറാവുന്ന ഒരു പ്രമാണം ആദ്യം ആർഡർക്ക് പണം കൊടുക്കേണ്ട ഒന്നായിരുന്നാൽകൂടി ധാരകന് പണം കൊടുക്കേണ്ട ഒന്നാണ്.

55. <u>ബ്ലാങ്ക് എൻഡോഴ്സ്മെന്റ് പൂർണ്ണ എൻഡോഴ്സ്മെന്റായി മാററുന്നത്.</u>— കൈമാറാവുന്ന ഒരു പ്രമാണം, ബ്ലാങ്കായി എൻഡോഴ്സ് ചെയ്തതിനുശേഷം, പൂർണ്ണമായി എൻഡോഴ്സ് ചെയ്യുന്നുവെങ്കിൽ, അതിന്റെ തുക അത് ആർക്കാണോ പൂർണ്ണമായി എൻഡോഴ്സ് ചെയ്തു കൊടുത്തിട്ടുള്ളത്, ആ ആൾക്കോ അങ്ങനെയുള്ള ആളിലൂടെ ഉടമാവകാശം സിദ്ധിക്കുന്ന ആൾക്കോ അല്ലാതെ, പൂർണ്ണമായി എൻഡോഴ്സ് ചെയ്യുന്ന ആളിൽനിന്ന് അവകാശപ്പെടാവുന്നതല്ല.

56. കൊടുക്കേണ്ട തുകയുടെ ഭാഗത്തിന് എൻഡോഴ്സ് ചെയ്യുന്നത്.—
കൈമാറാവുന്ന ഒരു പ്രമാണത്തിന്മേലുള്ള യാതൊരു ലിഖിതവും, അത്
പ്രമാണത്തിൻമേൽ കൊടുക്കേണ്ടതായി കാണുന്ന തുകയുടെ ഒരു ഭാഗം
മാത്രം കൈമാററം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെങ്കിൽ, കൈമാറുന്ന
ആവശ്യത്തിന് സാധുവായിരിക്കുന്നതല്ല; എന്നാൽ അങ്ങനെയുള്ള തുക
ഭാഗികമായി കൊടുത്തിട്ടുള്ളപ്പോൾ, ആ അർത്ഥത്തിലുള്ള ഒരു കുറിപ്പ്
ആ പ്രമാണത്തിൻമേൽ എൻഡോഴ്സ് ചെയ്യാവുന്നതും, അതിനുശേഷം
അത് ബാക്കിക്ക് കൈമാററം ചെയ്യാവുന്നതുമാണ്.

57. നിയമാനുസൃത പ്രതിനിധിക്ക് മരിച്ചുപോയ ആൾ എൻഡോഴ്സ്
ചെയ്ത പ്രമാണം ഡെലിവറിവഴിമാത്രം കൈമാററം ചെയ്യാവുന്നതല്ല.—
മരിച്ചുപോയ ഒരാളുടെ നിയമാനുസൃത പ്രതിനിധിക്ക് ആർഡർക്ക് പണം
കൊടുക്കേണ്ടതും മരിച്ചുപോയ ആൾ എൻഡോഴ്സ് ചെയ്തിട്ടുള്ളതും
എന്നാൽ ഡെലിവറി ചെയ്തിട്ടില്ലാത്തതുമായ ഒരു പ്രോനോട്ടോ, വിനിമയ
പത്രമോ, ചെക്കോ ഡെലിവറിവഴി മാത്രം കൈമാററം ചെയ്യാവുന്നതല്ല.

58. നിയമവിരുദ്ധമായ മാർഗ്ഗത്തിലൂടെയോ നിയമവിരുദ്ധമായ
പ്രതിഫലത്തിൻമേലോ നേടിയ പ്രമാണം.—ഒരു കൈമാറാവുന്ന പ്രമാണം
നഷ്ടപ്പെടുകയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും രചയിതാവിൽ
നിന്നോ പ്രതിഗൃഹീതാവിൽ നിന്നോ ധാരകനിൽ നിന്നോ ഏതെങ്കിലും
കുററമോ വഞ്ചനയോവഴിയോ, നിയമവിരുദ്ധമായ പ്രതിഫലത്തിനോ, നേടു
കയോ ചെയ്തിട്ടുള്ളപ്പോൾ പ്രമാണം കണ്ടെത്തുകയോ അപ്രകാരം നേടു
കയോ ചെയ്ത ആളിലൂടെ അവകാശപ്പെടുന്ന യാതൊരു കൈവശക്കാരനും
അല്ലെങ്കിൽ എൻഡോഴ്സിക്കും, അങ്ങനെയുള്ള രചയിതാവിൽനിന്നോ
പ്രതിഗൃഹീതാവിൽനിന്നോ ധാരകനിൽനിന്നോ അല്ലെങ്കിൽ അങ്ങനെയുള്ള
ധാരകന്റെ ഏതെങ്കിലും മുൻകക്ഷിയിൽനിന്നോ, അതിൻമേൽ കൊടു
ക്കേണ്ട തുക ലഭിക്കാൻ, അങ്ങനെയുള്ള കൈവശക്കാരനോ എൻഡോഴ്സിയോ
അതിന്റെ മുറയ്ക്കുള്ള ധാരകൻ ആയിരിക്കുകയോ, അല്ലെങ്കിൽ അയാൾ
ആരിലൂടെയാണോ അവകാശപ്പെടുന്നത്, ആ ആൾ അതിന്റെ മുറയ്ക്കുള്ള
ധാരകൻ ആയിരുന്നിരിക്കുകയോ ചെയ്യാത്തപക്ഷം, അവകാശം ഉണ്ടായി
രിക്കുന്നതല്ല.

59. അനാദരണത്തിനുശേഷമോ കാലാവധിയെത്തൽ കഴിഞ്ഞിരിക്കു
മ്പോഴോ ആർജ്ജിച്ച പ്രമാണം.—ഒരു കൈമാറാവുന്ന പ്രമാണം അനാദര
ണത്തിനുശേഷം, അത് പ്രതിഗ്രഹിക്കാത്തതുകൊണ്ടോ പണം കൊടുക്കാത്തതു
കൊണ്ടോ ആയാലും, അതിനെക്കുറിച്ചുള്ള നോട്ടീസോടുകൂടിയോ, കാലം
എത്തലിനുശേഷമോ ആർജ്ജിക്കുന്ന അതിന്റെ ധാരകന് അതിൻമേൽ മററു
കക്ഷികൾക്ക് എതിരായി തനിക്ക് കൈമാററം ചെയ്ത ആളുടെ അവ
കാശങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

സൗകര്യത്തിനുവേണ്ടിയുള്ള പ്രോനോട്ടോ വിനിമയ പത്രമോ.—എന്നാൽ
ഒരു പ്രോനോട്ടിൻമേലോ, വിനിമയ പത്രത്തിൻമേലോ പണം കടംഎടുക്കു
വാൻ അതിലെ ഏതെങ്കിലും കക്ഷിക്ക് കഴിവുണ്ടാക്കുന്നതിനുവേണ്ടി, പ്രതി
ഫലം കൂടാതെ രചിക്കപ്പെടുകയോ ഡ്രാ ചെയ്യപ്പെടുകയോ പ്രതിഗ്രഹിക്കപ്പെടു
കയോ ചെയ്തിട്ടുള്ള ആ പ്രോനോട്ടിന്റേയോ വിനിമയപത്രത്തിന്റേയോ,
കാലം എത്തലിനുശേഷം ഉത്തമവിശ്വാസപൂർവ്വവും പ്രതിഫലത്തിൻമേലും
അതിന്റെ ധാരകനായിത്തീരുന്ന ഏതെങ്കിലും ആൾക്ക് ഏതെങ്കിലും മുൻകക്ഷി
യിൽനിന്ന് പ്രോനോട്ടിലേയോ വിനിമയപത്രത്തിലേയോ തുക വസൂലാ
ക്കാവുന്നതാണ്.

### ദൃഷ്ടാന്തം

ഒരു വിനിമയ പത്രത്തിന്റെ പ്രതിഗൃഹീതാവ്, അയാൾ അത് പ്രതിഗ്രഹിച്ചപ്പോൾ ഡ്രായറുടെ പക്കൽ ചില സാമാനങ്ങൾ, വിനിമയ പത്രത്തിലെ പണം കൊടുക്കുന്നതിന് അധിക ജാമ്യമായി, കാലം എത്തുമ്പോൾ പണം കൊടുക്കുന്നില്ലെങ്കിൽ സാമാനങ്ങൾ വില്ക്കുന്നതിനും അതിലെ വരവ് വിനിമയപത്രത്തിന്റെ ബാദ്ധ്യത തീർക്കുന്നതിന് ഉപയോഗിക്കുന്നതിനും ഡ്രായർക്ക് അധികാരത്തോടുകൂടി നിക്ഷേപിച്ചിട്ടുണ്ട്. കാലം എത്തിയപ്പോൾ വിനിമയപത്രത്തിലെ പണം കൊടുക്കാതിരുന്നതിനാൽ ഡ്രായർ സാമാനങ്ങൾ വില്ക്കുകയും അതിലെ വരവു കയ്യിൽ വയ്ക്കുകയും എന്നാൽ വിനിമയപത്രം 'ക' യ്ക്ക് എൻഡോഴ്സ് ചെയ്തു കൊടുക്കുകയും ചെയ്തു. 'ക' യുടെ ഉടമാവകാശം ഡ്രായറുടെ ഉടമാവകാശത്തിനുള്ള അതേ ആക്ഷേപത്തിന് വിധേയമാണ്.

60. <u>പണം കൊടുക്കുകയോ ഇടപാട് തീർക്കുകയോ ചെയ്യുന്നതുവരെ പ്രമാണം കൈമാററം ചെയ്യാമെന്ന്.</u>—ഒരു കൈമാററാവുന്ന പ്രമാണം, അതിന്റെ രചയിതാവോ ഡ്രായിയോ പ്രതിഗൃഹീതാവോ, കാലം എത്തുമ്പോഴോ അതിനുശേഷമോ, അതിലെ പണം കൊടുക്കുകയോ ഇടപാട് തീർക്കുകയോ ചെയ്യുന്നവരേയും, എന്നാൽ അങ്ങനെ പണം കൊടുക്കുകയോ ഇടപാട് തീർക്കുകയോ ചെയ്തതിനുശേഷം അല്ലാതെയും (കാലമെത്തലിനുശേഷം, രചയിതാവിനാലോ ഡ്രായിയാലോ പ്രതിഗൃഹീതാവിനാലോ ഒഴികെ) കൈമാററം ചെയ്യപ്പെടാവുന്നതാണ്.

### അദ്ധ്യായം V

## പ്രസന്റ് ചെയ്യലിനെക്കുറിച്ച്

61. <u>പ്രതിഗ്രഹണത്തിന് പ്രസന്റ് ചെയ്യൽ.</u>—കണ്ടതിനുശേഷം പണം കൊടുക്കേണ്ട ഒരു വിനിമയപത്രം, അതിൽ പ്രസന്റ് ചെയ്യുന്നതിനുള്ള സമയമോ സ്ഥലമോ വിനിർദ്ദേശിച്ചിട്ടില്ലെങ്കിൽ, ഡ്രായിക്ക്, അയാളെ ന്യായമായ അന്വേഷണത്തിനുശേഷം കണ്ടെത്താൻ കഴിയുമെങ്കിൽ, പ്രതിഗ്രഹണം ആവശ്യപ്പെടാൻ അവകാശമുള്ള ഒരാളാൽ അത് ഡ്രാ ചെയ്തതിനുശേഷം ഡ്രായിക്ക് ന്യായമായ സമയത്തിനുള്ളിലും ഒരു ബിസിനസ്സ് ദിവസത്തിൽ ബിസിനസ്സ് മണിക്കൂറുകളിലും പ്രതിഗ്രഹണത്തിന് പ്രസന്റ് ചെയ്യപ്പെടണം. അങ്ങനെ പ്രസന്റ് ചെയ്യുന്നതിന് വീഴ്ച വരുത്തിയാൽ അങ്ങനെ വീഴ്ച വരുത്തുന്ന ആളോട് അതിലെ യാതൊരു കക്ഷിക്കും ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

ഡ്രായിയെ ന്യായമായ അന്വേഷണത്തിനുശേഷം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ വിനിമയപത്രം അനാദരിക്കപ്പെടുന്നു.

വിനിമയപത്രം ഒരു പ്രത്യേക സ്ഥലത്തുള്ള ഡ്രായിക്ക് നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിൽ, വിനിമയപത്രം ആ സ്ഥലത്തുവച്ച് പ്രസന്റ് ചെയ്യണം; പ്രസന്റ് ചെയ്യേണ്ട തീയതി ന്യായമായ അന്വേഷണത്തിനുശേഷം അയാളെ കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ, വിനിമയപത്രം അനാദരിക്കപ്പെടുന്നതും ആകുന്നു.

കരാറോ വഴക്കമോ പ്രാധികാരം നല്കിയിട്ടുള്ളിടത്ത്, രജിസ്ററർ കത്തുവഴി പോസ്ററ് ആഫീസിലൂടെ ഉള്ള പ്രസൻറ് ചെയ്യൽ മതിയാകുന്നതാണ്.

62. പ്രോനോട്ട് കാണുന്നതിനുവേണ്ടി പ്രസൻറു ചെയ്യൽ.— കണ്ടതിനുശേഷം ഒരു നിശ്ചിത കാലത്ത് പണം കൊടുക്കേണ്ട ഒരു പ്രോനോട്ട് അതിൻെറ രചയിതാവിന് (അയാളെ ന്യായമായ അന്വേഷണത്തിനുശേഷം കണ്ടെത്താൻ കഴിയുന്നെങ്കിൽ) പണം ആവശ്യപ്പെടാൻ അവകാശപ്പെട്ട ആളാൽ അത് എഴുതിക്കൊടുത്തതിനുശേഷം ന്യായമായ സമയത്തിനുള്ളിലും ഒരു ബിസിനസ്സ് ദിവസം ബിസിനസ്സ് മണിക്കൂറുകളിലും കാണുന്നതിനുവേണ്ടി പ്രസൻറു ചെയ്യപ്പെടണം. അങ്ങനെ പ്രസൻറു ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അതിലെ യാതൊരു കക്ഷിയും അങ്ങനെ വീഴ്ച വരുത്തുന്ന ആളോട് ബാദ്ധ്യതയുള്ളവൻ ആയിരിക്കുന്നതല്ല.

63. ഡ്രായിക്ക് ആലോചിക്കാൻ സമയം.— ഡ്രായിക്ക് പ്രതിഗ്രഹണത്തിന് പ്രസൻറു ചെയ്തിട്ടുള്ള ഒരു വിനിമയപത്രം പ്രതിഗ്രഹിക്കണമോ എന്ന് ആലോചിക്കാൻ ധാരകൻ, അയാൾക്ക്, അയാൾ അപ്രകാരം ആവശ്യപ്പെടുന്നുവെങ്കിൽ, (പൊതു ഒഴിവുദിവസങ്ങൾ ഒഴിച്ചുനിറുത്തി) നാല്പത്തെട്ടു മണിക്കൂർ അനുവദിക്കണം.

64. പണം കിട്ടുന്നതിനുവേണ്ടി പ്രസൻറു ചെയ്യൽ.— പ്രോനോട്ടുകളും, വിനിമയപത്രങ്ങളും, ചെക്കുകളും യഥാക്രമം അതാതിൻെറ രചയിതാവിനോ പ്രതിഗൃഹീതാവിനോ ഡ്രായിക്കോ ധാരകനാലോ അയാൾക്കുവേണ്ടിയോ പണം കിട്ടുന്നതിന്, ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം, പ്രസൻറു ചെയ്യപ്പെടണം; അങ്ങനെ പ്രസൻറു ചെയ്യാൻ വീഴ്ച വരുത്തുന്നപക്ഷം അവയിലെ മററ് കക്ഷികൾ അങ്ങനെയുള്ള ധാരകനോട് ബാദ്ധ്യതയുള്ളവർ ആയിരിക്കുന്നതല്ല.

കരാറോ വഴക്കമോ പ്രാധികാരം നല്കിയിട്ടുള്ളിടത്ത് രജിസ്ററർ കത്തുവഴി പോസ്ററ് ആഫീസിലൂടെയുള്ള പ്രസൻറ് ചെയ്യൽ മതിയാകുന്നതാണ്.

അപവാദം.— ഒരു പ്രോനോട്ട്, ആവശ്യപ്പെടുമ്പോൾ പണം കൊടുക്കേണ്ടതും വിനിർദ്ദിഷ്ടസ്ഥലത്തുവച്ച് പണം കൊടുക്കേണ്ടതല്ലാത്തതുമായിട്ടുള്ളിടത്ത്, അതിൻെറ രചയിതാവിനെ ബാദ്ധ്യസ്ഥനാക്കുവാൻ പ്രസൻറ് ചെയ്യൽ ആവശ്യമില്ല.

65. പ്രസൻറു ചെയ്യുന്നതിനുള്ള മണിക്കൂറുകൾ.— പണം കിട്ടുന്നതിന് പ്രസൻറ് ചെയ്യുന്നത് സാധാരണ ബിസിനസ്സ് മണിക്കൂറുകളിലും, ഒരു ബാങ്കറുടെ സ്ഥലത്താണെങ്കിൽ, ബാങ്കിങ്ങ് മണിക്കൂറുകളിലും ആയിരിക്കണം.

66. പ്രമാണത്തീയതിക്കുശേഷമോ കണ്ടതിനുശേഷമോ പണം കൊടുക്കേണ്ട പ്രമാണം പണം കിട്ടുന്നതിന് പ്രസൻറു ചെയ്യുന്നത്.— പ്രമാണത്തീയതിക്കോ കണ്ടതിനുശേഷം ഒരു വിനിർദ്ദിഷ്ടകാലം കഴിഞ്ഞ് പണം കൊടുക്കേണ്ടതാക്കിയിട്ടുള്ള ഒരു പ്രോനോട്ടോ വിനിമയപത്രമോ കാലാവധി എത്തുമ്പോൾ പണം കിട്ടുന്നതിന് പ്രസൻറു ചെയ്യണം.

67. തവണകളായി പണം കൊടുക്കേണ്ട പ്രോനോട്ട് പണം കിട്ടുന്നതിന് പ്രസൻറു ചെയ്യുന്നത്.— തവണകളായി പണം കൊടുക്കേണ്ട ഒരു പ്രോനോട്ട് ഓരോ തവണയും പണം കൊടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതിക്കുശേഷം മൂന്നാമത്തെ ദിവസം പണം കിട്ടുന്നതിന് പ്രസൻറു ചെയ്യണം; അങ്ങനെ

പ്രസന്റു ചെയ്യുമ്പോൾ പണം കൊടുക്കാതിരിക്കുന്നതിന്, ഒരു പ്രോനോട്ട് കാലമെത്തുമ്പോൾ പണം കൊടുക്കാതിരുന്നാലുള്ള അതേ പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

68. ഒരു വിനിർദ്ദിഷ്ട സ്ഥലത്തുവച്ചും മററവിടെയുമല്ലാതെയും പണം കൊടുക്കേണ്ട പ്രമാണം കിട്ടുന്നതിന് പ്രസന്റു ചെയ്യുന്നത്.— ഒരു വിനിർദ്ദിഷ്ടമായ സ്ഥലത്തുവച്ചും മററവിടേയുമല്ലാതേയും പണം കൊടുക്കേണ്ടതായി എഴുതിക്കൊടുക്കുകയോ, ഡ്രാ ചെയ്യുകയോ പ്രതിഗ്രഹിക്കുകയോ ചെയ്തിട്ടുള്ള ഒരു പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ, അതിലെ ഏതെങ്കിലും കക്ഷിയെ ബാദ്ധ്യസ്ഥനാക്കുന്നതിന് ആ സ്ഥലത്തുവച്ച് പണം കിട്ടുന്നതിന് പ്രസന്റു ചെയ്യണം.

69. വിനിർദ്ദിഷ്ടസ്ഥലത്തുവച്ച് പണം കൊടുക്കേണ്ട പ്രമാണം.— ഒരു വിനിർദ്ദിഷ്ട സ്ഥലത്തുവച്ച് പണം കൊടുക്കേണ്ടതായി എഴുതിക്കൊടുക്കുകയോ, ഡ്രാ ചെയ്യുകയോ, പ്രതിഗ്രഹിക്കുകയോ ചെയ്തിട്ടുള്ള പ്രോനോട്ടോ, വിനിമയപത്രമോ അത് എഴുതിക്കൊടുത്ത ആളെയോ ഡ്രായറേയോ ബാദ്ധ്യസ്ഥനാക്കുന്നതിന് ആ സ്ഥലത്തുവച്ചു പണം കിട്ടുന്നതിന് പ്രസന്റു ചെയ്യണം.

70. അനന്യമായ ഒരു സ്ഥലം വിനിർദ്ദേശിച്ചിട്ടില്ലാത്തിടത്ത് പ്രസന്റു ചെയ്യൽ.— 68-ം 69-ം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള പ്രകാരം പണം കൊടുക്കേണ്ടതാക്കിയിട്ടില്ലാത്ത ഒരു പ്രോനോട്ടോ വിനിമയപത്രമോ, അതതു സംഗതിപോലെ, അതിന്റെ രചയിതാവിന്റെയോ ഡ്രായിയുടേയോ പ്രതിഗൃഹീതാവിന്റെയോ ബിസിനസ്സ് സ്ഥലത്തോ (ഏതെങ്കിലും ഉണ്ടെങ്കിൽ) സാധാരണ താമസസ്ഥലത്തോ പണം കിട്ടുന്നതിനു പ്രസന്റ് ചെയ്യണം.

71. രചയിതാവ് മുതലായവർക്ക് അറിയപ്പെടുന്ന ബിസിനസ്സ് സ്ഥലമോ താമസസ്ഥലമോ ഇല്ലാത്തപ്പോൾ പ്രസന്റ് ചെയ്യൽ — ഒരു കൈമാറാവുന്ന പ്രമാണത്തിന്റെ രചയിതാവിനോ ഡ്രായർക്കോ പ്രതിഗൃഹീതാവിനെ അറിയപ്പെടുന്ന ബിസിനസ്സ് സ്ഥലമോ സ്ഥായിയായി താമസസ്ഥലമോ ഇല്ലാതിരിക്കുകയും, പ്രസന്റ് ചെയ്യുന്നതിനോ പ്രതിഗ്രഹിക്കുന്നതിനോ പണം കൊടുക്കുന്നതിനോ പ്രമാണത്തിൽ യാതൊരു സ്ഥലവും വിനിർദ്ദേശിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, അങ്ങനെ പ്രസന്റു ചെയ്യുന്നത്, അയാളെ കണ്ടെത്താൻ കഴിയുന്ന എവിടേയും വച്ച് ആകാവുന്നതാണ്.

72. ചെക്ക് ഡ്രായറെ ബാദ്ധ്യസ്ഥനാക്കുന്നതിന് പ്രസന്റ് ചെയ്യൽ — 84-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു ചെക്ക് ഡ്രായറെ ബാദ്ധ്യസ്ഥനാക്കുന്നതിന്, ഏതു ബാങ്കിലേയ്ക്കാണോ ഡ്രാ ചെയ്തിട്ടുള്ളത്, ആ ബാങ്കിൽ, ഡ്രായറും അയാളുടെ ബാങ്കറും തമ്മിലുള്ള ബന്ധം ഡ്രായർക്ക് പ്രതികൂലമായി മാറുന്നതിനുമുൻപ്, പ്രസന്റു ചെയ്യണം.

73. ചെക്ക് മറെറതെങ്കിലും ആളെ ബാദ്ധ്യസ്ഥനാക്കുന്നതിന് പ്രസന്റ് ചെയ്യൽ.— ഒരു ചെക്ക് ഡ്രായർ ഒഴികെയുള്ള ആരെയെങ്കിലും, ബാദ്ധ്യസ്ഥനാക്കുന്നതിന് അങ്ങനെയുള്ള ആൾ അതു ഡെലിവർ ചെയ്തതിനുശേഷം, ന്യായമായ സമയത്തിനുള്ളിൽ പ്രസന്റ് ചെയ്യണം.

74. **ആവശ്യപ്പെടുമ്പോൾ പണം കൊടുക്കേണ്ട പ്രമാണം പ്രസന്റ് ചെയ്യൽ.**— 31-ാം വകുപ്പിന്റെ വ്യവസ്ഥകൾക്കു വിധേയമായി, ആവശ്യപ്പെടുമ്പോൾ പണം കൊടുക്കേണ്ട ഒരു കൈമാറാവുന്ന പ്രമാണം ധാരകന് അത് കിട്ടിയതിനുശേഷം ന്യായമായ സമയത്തിനുള്ളിൽ പണം കിട്ടുന്നതിന് പ്രസന്റ് ചെയ്യണം.

75. **ഏജന്റ്, മരിച്ചുപോയ ആളുടെ പ്രതിനിധി, നിർദ്ധനന്റെ തീറുകാരൻ എന്ന വരോ, എന്നിവർക്കോ പ്രസന്റ് ചെയ്യൽ.**— പ്രതിഗ്രഹണത്തിനോ പണം കിട്ടുന്നതിനോ പ്രസന്റ് ചെയ്യുന്നത്, അതതുസംഗതി പോലെ, ഡ്രായിയുടേയോ, രചയിതാവിന്റേയോ അല്ലെങ്കിൽ പ്രതിഗൃഹീതാവിന്റേയോ, യഥാവിധി പ്രാധികാരം നല്കപ്പെട്ട ഏജന്റിനോ, അല്ലെങ്കിൽ ഡ്രായിയോ രചയിതാവോ പ്രതിഗ്രഹീതാവോ മരിച്ചുപോയിട്ടുണ്ടെങ്കിൽ അയാളുടെ നിയമാനുസൃതപ്രതിനിധിക്കോ, അല്ലെങ്കിൽ അയാളെ നിർദ്ധനനായി പ്രഖ്യാപിച്ചിട്ടുള്ളപ്പോൾ, അയാളുടെ തീറുകാരനോ ആകാവുന്നതാണ്.

75ക. **പ്രതിഗ്രഹണത്തിനോ പണം കിട്ടുന്നതിനോ പ്രസന്റ് ചെയ്യുന്നതിനുള്ള കാലതാമസത്തിനു മാപ്പ്.**— പ്രതിഗ്രഹണത്തിനോ പണം കിട്ടുന്നതിനോ പ്രസന്റ് ചെയ്യുന്നതിനുള്ള കാലതാമസത്തിന്, അത് ധാരകന്റെ നിയന്ത്രണത്തിനതീതമായ പരിതഃസ്ഥിതികളാൽ ഉണ്ടായിട്ടുള്ളതും, അയാളുടെ വീഴ്ചയാലോ നടപടി ദൂഷ്യത്താലോ ഉപേക്ഷയാലോ ഉണ്ടായതായി കല്പിക്കപ്പെടാവുന്നതും ആണെങ്കിൽ, മാപ്പ് കൊടുക്കുന്നതാകുന്നു. കാലതാമസത്തിനുള്ള കാരണം പ്രവർത്തനരഹിതമാകുമ്പോൾ പ്രസന്റ് ചെയ്യൽ ന്യായമായ സമയത്തിനുള്ളിൽ വേണം.

76. **പ്രസന്റു ചെയ്യൽ ആവശ്യമല്ലാത്തത് എപ്പോൾ.**— താഴെ പറയുന്ന സംഗതികളിൽ പണം കിട്ടുന്നതിന് പ്രസന്റ് ചെയ്യൽ ആവശ്യമില്ലാത്തതും, പ്രസന്റ് ചെയ്യേണ്ട തീയതിയിൽ പ്രമാണം അനാദരിക്കപ്പെടുന്നതും ആകുന്നു.

(ക) രചയിതാവോ, ഡ്രായിയോ പ്രതിഗൃഹീതാവോ പ്രമാണം പ്രസന്റ് ചെയ്യുന്നത് ഉദ്ദേശ്യപൂർവ്വം തടയുന്നുവെങ്കിൽ, അല്ലെങ്കിൽ,

പ്രമാണം തന്റെ ബിസിനസ് സ്ഥലത്തുവച്ച് പണം കൊടുക്കേണ്ട ഒന്നാകുമ്പോൾ അയാൾ അങ്ങനെയുള്ള സ്ഥലം ബിസിനസ്സ് ദിവസത്തിൽ സാധാരണ ബിസിനസ്സ് മണിക്കൂറുകളിൽ അടയ്ക്കുന്നുവെങ്കിൽ, അല്ലെങ്കിൽ,

പ്രമാണം മററുവല്ല വിനിർദ്ദിഷ്ടസ്ഥലത്തുവച്ച് പണം കൊടുക്കേണ്ട ഒന്നാകുമ്പോൾ, അയാളോ, അതിലെ പണം കൊടുക്കാൻ പ്രാധികാരം നല്കപ്പെട്ട, ഏതെങ്കിലും ആളോ സാധാരണ ബിസിനസ്സ് മണിക്കൂറുകളിൽ അങ്ങനെയുള്ള സ്ഥലത്ത് ഹാജരാകുന്നില്ലെങ്കിൽ, അല്ലെങ്കിൽ

പ്രമാണം ഏതെങ്കിലും വിനിർദ്ദിഷ്ട സ്ഥലത്തുവച്ച് പണം കൊടുക്കേണ്ട ഒന്നല്ലാത്തപ്പോൾ, മുറയ്ക്കുള്ള അന്വേഷണത്തിനുശേഷം അയാളെ കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ,

(ഖ) അതിൻമേൽ ബാദ്ധ്യസ്ഥനാകാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും കക്ഷിക്കെതിരായി; പ്രസന്റ് ചെയ്യാതിരുന്നാൽ തന്നെയും പണം കൊടുക്കാമെന്ന് അയാൾ ഏററിട്ടുണ്ടെങ്കിൽ,

(ഗ) ഏതെങ്കിലും കക്ഷിക്കെതിരായി, കാലം എത്തലിനുശേഷം പ്രസന്റ് ചെയ്തിട്ടില്ലെന്ന അറിവോടുകൂടി അയാൾ പ്രമാണത്തിൻമേൽ കൊടുക്കേണ്ടതായ തുകയിലേക്ക് ഭാഗികമായി പണം കൊടുക്കുന്നുവെങ്കിൽ, അതിൻമേൽ കൊടുക്കേണ്ട തുക മുഴുവനുമായോ ഭാഗികമായോ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുന്നുവെങ്കിൽ.

പണം കൊടുക്കുന്നതിന് പ്രസന്റ് ചെയ്യുന്നതിലുള്ള ഏതെങ്കിലും വീഴ്ചയിൽ നിന്ന് ആനുകൂല്യം നേടാനുള്ള അയാളുടെ അവകാശം ഏതുവിധത്തിൽ ഉപേക്ഷിക്കുന്നുവെങ്കിൽ,

(ഘ) ഡ്രായർക്കെതിരായി അങ്ങനെയുള്ള പ്രസന്റ് ചെയ്യൽ ഇല്ലാത്തതുകൊണ്ട്, ഡ്രായർക്ക് നഷ്ടം ഉണ്ടാകാൻ വഴിയില്ലെങ്കിൽ.

77. പണം കിട്ടുന്നതിനു പ്രസന്റ് ചെയ്തിട്ടുള്ള വിനിമയപത്രം ഉപേക്ഷാപൂർവ്വം കൈകാര്യം ചെയ്യുന്ന ബാങ്കറുടെ ബാദ്ധ്യത.— ഒരു വിനിർദ്ദിഷ്ട ബാങ്കിൽനിന്ന് പണം കൊടുക്കേണ്ടതായി പ്രതിഗ്രഹിച്ചിട്ടുള്ള ഒരു വിനിമയ പത്രം, അവിടെ പണം കിട്ടുന്നതിന് യഥാവിധി പ്രസന്റ് ചെയ്യുകയും അനാദരിക്കപ്പെടുകയും ചെയ്തിട്ടുള്ളപ്പോൾ, ബാങ്കർ അങ്ങനെയുള്ള വിനിമയ പത്രം ധാരകന് നഷ്ടമുണ്ടാകത്തക്ക വിധം ഉപേക്ഷാ പൂർവ്വമായോ അനുചിതമായോ വച്ചുകൊണ്ടിരിക്കുകയോ കൈകാര്യം ചെയ്യുകയോ തിരിച്ച് ഡെലിവർ ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള നഷ്ടത്തിന് അയാൾ ധാരകന് നഷ്ടപരിഹാരം ചെയ്യണം.

## അദ്ധ്യായം VI

## പണം കൊടുക്കുന്നതിനേയും പലിശയേയും കുറിച്ച്

78. പണം കൊടുക്കുന്നത് ആർക്കായിരിക്കണമെന്ന്.— 82-ാം വകുപ്പ് (ഗ) ഖണ്ഡത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു പ്രോനോട്ടിൻമേലോ വിനിമയപത്രത്തിൻമേലോ ചെക്കിൻമേലോ കൊടുക്കേണ്ട തുക കൊടുക്കുന്നത് രചയിതാവിനേയോ പ്രതിഗൃഹീതാവിനേയോ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നതിന്, പ്രമാണത്തിന്റെ ധാരകന് ആയിരിക്കണം.

79. നിരക്കു വിനിർദ്ദേശിച്ചിട്ടുള്ളപ്പോൾ പലിശ.-ഒരു പ്രോനോട്ടിൻമേലോ വിനിമയപത്രത്തിൻമേലോ പ്രകടമായി വിനിർദ്ദിഷ്ട നിരക്കിൽ പലിശ കൊടുക്കേണ്ടതാക്കിയിട്ടുള്ളപ്പോൾ, അതിൻമേൽ കൊടുക്കേണ്ട മുതൽ തുകയിൻമേൽ പ്രമാണത്തിന്റെ തീയതിമുതൽ ആ തുക ടെഡർ ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നതുവരേയോ, അല്ലെങ്കിൽ ആ തുക വസൂലാക്കുവാനുള്ള ഒരു വ്യവഹാരം ബോധിപ്പിച്ചതിനുശേഷം ഏതു തീയതി വരെയെന്നു കോടതി നിദേശിക്കുന്ന തീയതിവരേയോ, വിനിർദ്ദിഷ്ട നിരക്കിൽ പലിശ കണക്കാക്കപ്പെടുന്നതാകുന്നു.

80. നിരക്ക് വിനിർദ്ദേശിച്ചിട്ടില്ലാത്തപ്പോൾ പലിശ.—പ്രമാണത്തിൽ പലിശയുടെ നിരക്ക് വിനിർദ്ദേശിച്ചിട്ടില്ലാത്തപ്പോൾ, അതിൻമേൽ കൊടുക്കേണ്ട തുകയുടെ പലിശ, പ്രമാണത്തിലെ ഏതെങ്കിലും കക്ഷികൾ തമ്മിൽ പലിശ സംബന്ധിച്ച് ഏതെങ്കിലും കരാർ ഉണ്ടായിരുന്നാൽ തന്നെയും, ബാദ്ധ്യസ്ഥനാക്കപ്പെട്ടിട്ടുള്ള കക്ഷി അതു കൊടുക്കേണ്ടതായിരുന്ന തീയതി മുതൽ അതിൻമേൽ കൊടുക്കേണ്ട തുക ടെൻഡർ ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നതുവരേയോ, അല്ലെങ്കിൽ ആ തുക വസൂലാക്കുവാനുള്ള ഒരു വ്യവഹാരം ബോധിപ്പിച്ചതിനുശേഷം ഏത് തീയതി വരെയെന്ന് കോടതി നിദേശിക്കുന്ന തീയതിവരെയോ പ്രതിവർഷം ആറുശതമാനം നിരക്കിൽ കണക്കാക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—ബാദ്ധ്യസ്ഥനാക്കപ്പെട്ട കക്ഷി, പണം കൊടുക്കാതിരുന്നതുകൊണ്ട് അനാദരിക്കപ്പെട്ട ഒരു പ്രമാണത്തിന്റെ എൻഡോഴ്സർ ആകുമ്പോൾ അനാദരണത്തിന്റെ നോട്ടീസ് അയാൾക്ക് കിട്ടുന്ന സമയം മുതൽ മാത്രമേ അയാൾ പലിശകൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുകയുള്ളൂ.

81. പ്രമാണം പണം കൊടുക്കുമ്പോൾ ഡെലിവർ ചെയ്യുന്നത് അല്ലെങ്കിൽ നഷ്ടപ്പെടുന്ന സംഗതിയിൽ നഷ്ടോത്തരവാദം ചെയ്യുന്നത്.—ഒരു പ്രോനോട്ടിൻമേലോ വിനിമയപത്രത്തിൻമേലോ ചെക്കിൻമേലോ കൊടുക്കേണ്ട തുക കൊടുക്കുവാൻ ബാദ്ധ്യതയുള്ളവനും അത് കൊടുക്കുവാൻ അതിന്റെ ധാരകനാൽ ആവശ്യപ്പെട്ടവനും ആയ ഏതെങ്കിലും ആൾക്ക് പണം കൊടുക്കുന്നതിനു മുമ്പ്, പ്രമാണം കാണിക്കണമെന്ന് പറയുവാൻ അവകാശം ഉണ്ടായിരിക്കുന്നതും, പണം കൊടുക്കുമ്പോൾ പ്രമാണം തനിക്ക് ഡെലിവർ ചെയ്തു കിട്ടാനോ, അത് നഷ്ടപ്പെട്ടുപോകുകയോ ഹാജരാക്കുവാൻ കഴിയാതെ വരികയോ ചെയ്യുന്നുവെങ്കിൽ തനിക്ക് എതിരായി അതിൻമേൽ പിന്നീട് ഉണ്ടാകുന്ന ഏത് അവകാശവാദത്തിനും എതിരായി നഷ്ടോത്തരവാദം ചെയ്തു കിട്ടാനോ അവകാശം ഉണ്ടായിരിക്കുന്നതും ആകുന്നു.

## അദ്ധ്യായം VII.

## പ്രോനോട്ടുകൾ, വിനിമയപത്രങ്ങൾ ചെക്കുകൾ എന്നിവയിൻമേലുള്ള ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നതിനെക്കുറിച്ച്

82. ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കൽ.—ഒരു കൈമാറാവുന്ന പ്രമാണത്തിന്റെ യഥാക്രമം രചയിതാവോ, പ്രതിഗൃഹീതാവോ, എൻഡോഴ്സറോ—

(ക) വെട്ടിക്കളയൽവഴി.—അങ്ങനെയുള്ള പ്രതിഗൃഹീതാവിന്റേയോ എൻഡോഴ്സറുടേയോ പേര് അയാളെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടെ വെട്ടിക്കളയുന്ന അതിന്റെ ഒരു ധാരകനോടും, അങ്ങനെയുള്ള ധാരകന്റെ കീഴിൽ അവകാശപ്പെടുന്ന എല്ലാ കക്ഷികളോടും ;

(ഖ) ബാദ്ധ്യത വിടുത്തുന്നതുവഴി.— അങ്ങനെയുള്ള രചയിതാവിനേയോ പ്രതിഗൃഹീതാവിനേയോ എൻഡോഴ്സറേയോ മററു വിധത്തിൽ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്ന ഒരു ധാരകനോടും, അങ്ങനെയുള്ള ഒഴിവാക്കലിനെക്കുറിച്ചുള്ള നോട്ടീസിനുശേഷം ആ ധാരകന്റെ കീഴിൽ അവകാശം സിദ്ധിക്കുന്ന എല്ലാ കക്ഷികളോടും ;

(ഗ) പണം കൊടുക്കുന്നതുവഴി.—പ്രമാണം, ബെയറർക്ക് പണംകൊടുക്കേണ്ടതോ ബ്ലാങ്കായി എൻഡോഴ്സ് ചെയ്തതോ ആവുകയും അങ്ങനെയുള്ള രചയിതാവോ പ്രതിഗൃഹീതാവോ, എൻഡോഴ്സറോ അതിൻമേൽ കൊടുക്കേണ്ട തുക മുറപ്രകാരം കൊടുക്കുകയും ചെയ്യുകയാണെങ്കിൽ, അതിലെ എല്ലാ കക്ഷികളോടും ;

ഉള്ള ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നതാകുന്നു.

83. പ്രതിഗ്രഹിക്കാൻ ഡ്രായിക്ക് നാല്പത്തെട്ടു മണിക്കൂറിലധികം സമയം അനുവദിക്കുന്നതുവഴി ബാദ്ധ്യത ഒഴിവാക്കൽ.— ഒരു വിനിമയ പത്രത്തിന്റെ ധാരകൻ, ഡ്രായിയ്ക്ക്, അത് താൻ പ്രതിഗ്രഹിക്കണമോ എന്ന് പരിഗണിക്കാൻ പൊതു ഒഴിവുദിവസങ്ങൾ ഒഴിച്ചുനിറുത്തി നാല്പത്തെട്ടു മണിക്കൂറിലധികം സമയം അനുവദിക്കുകയാണെങ്കിൽ, അങ്ങനെ സമയം അനുവദിക്കുന്നതിന് സമ്മതിക്കാത്ത എല്ലാ മുൻകക്ഷികളും ആ ധാരകനോടുള്ള ബാദ്ധ്യതയിൽനിന്ന് അതുവഴി ഒഴിവാക്കപ്പെടുന്നതാണ്.

84. ചെക്ക് മുറയ്ക്കു പ്രസന്റ് ചെയ്യാതിരിക്കുകയും ഡ്രായർക്ക് അതുവഴി നഷ്ടം ഉണ്ടാവുകയും ചെയ്യുമ്പോൾ.—(1) ചെക്ക്, അത് എഴുതിക്കൊടുത്തതിനു ശേഷം ന്യായമായ സമയത്തിനുള്ളിൽ പണം കിട്ടുന്നതിന് പ്രസന്റ് ചെയ്യാതിരിക്കുകയും, പ്രസന്റ് ചെയ്യേണ്ടിയിരുന്ന സമയത്ത് ഡ്രായർക്കോ,

3/2625/V.

അല്ലെങ്കിൽ ആരുടെ കണക്കിലാണോ അത് ഡ്രാ ചെയ്തിട്ടുള്ളത് ആ ആൾക്കോ, അയാളും ബാങ്കറും തമ്മിലായിടത്തോളം, ചെക്കിന് പണം കിട്ടേണ്ട അവകാശം ഉണ്ടായിരുന്നിരിക്കുകയും കാലതാമസം കൊണ്ട് യഥാർത്ഥ നഷ്ടം ഉണ്ടാവുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള നഷ്ടത്തിന്റെ വ്യാപ്തിയോളം, അതായത് ആ ചെക്കിന് പണം കൊടുത്തിരുന്നെങ്കിൽ ഉള്ളതിലും എത്ര കൂടുതൽ തുകയ്ക്ക് ആ ഡ്രായറോ ആളോ ബാങ്കറുടെ ഉത്തമർണ്ണനായിരിക്കുന്നുവോ അത്രത്തോളം, അയാൾ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നതാണ്.

(2) ന്യായമായ സമയം എന്താണെന്ന് നിശ്ചയിക്കുന്നതിൽ, പ്രമാണത്തിന്റെ സ്വഭാവവും, വ്യാപാരത്തിന്റേയും ബാങ്കർമാരുടേയും വഴക്കവും ആ പ്രത്യേക സംഗതിയിലെ വസ്തുതകളും പരിഗണിക്കേണ്ടതാകുന്നു.

(3) ഏത് ചെക്ക് സംബന്ധിച്ചാണോ അങ്ങനെയുള്ള ഡ്രായറോ ആളോ അപ്രകാരം ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളത്, ആ ചെക്കിന്റെ ധാരകൻ ആ ഡ്രായർക്കോ ആൾക്കോ പകരം, അങ്ങനെയുള്ള ഒഴിവാക്കപ്പെടലിന്റെ വ്യാപ്തിയോളം, ആ ബാങ്കറുടെ ഉത്തമർണ്ണൻ ആയിരിക്കുന്നതും, അയാൾക്ക് ആ സംഖ്യ ബാങ്കറിൽനിന്ന് വസൂലാക്കാൻ അവകാശം ഉണ്ടായിരിക്കുന്നതും ആണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ക 1000 രൂപയ്ക്ക് ഒരു ചെക്ക് ഡ്രാ ചെയ്യുന്നു. ആ ചെക്ക് ബാങ്കിൽ പ്രസന്റ് ചെയ്യേണ്ട സമയത്ത് അയാൾക്ക് ബാങ്കിൽ അതിലെത്തുക കൊടുക്കാനുള്ള പണം ഉണ്ടായിരിക്കുകയും ചെയ്യുന്നു. ചെക്ക് പ്രസന്റ് ചെയ്യുന്നതിന് മുൻപ് ബാങ്ക് പൊളിയുന്നു. ഡ്രായർ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു ; എന്നാൽ ധാരകന് ചെക്കിലെ തുകയ്ക്ക് ബാങ്കിനെതിരെ അവകാശം തെളിയിക്കാവുന്നതാണ്.

(ഖ) ക അംബാലയിൽവച്ച് കൽക്കട്ടായിലെ ഒരു ബാങ്കിലേയ്ക്ക് ഒരു ചെക്ക് ഡ്രാ ചെയ്യുന്നു. സാധാരണഗതിയിൽ ചെക്ക് പ്രസന്റ് ചെയ്യാൻ കഴിയുന്നതിനു മുൻപ് ബാങ്ക് പൊളിയുന്നു. 'ക' ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല,എന്തു കൊണ്ടെന്നാൽ ചെക്ക് പ്രസന്റ് ചെയ്യുന്നതിലുള്ള ഏതെങ്കിലും കാലതാമസംകൊണ്ട് അയാൾക്ക് യഥാർത്ഥ നഷ്ടം ഉണ്ടായിട്ടില്ല.

85. <u>ആർഡർക്ക് പണം കൊടുക്കേണ്ട ചെക്ക്.</u>—(1) ആർഡർക്ക് പണം കൊടുക്കേണ്ട ഒരു ചെക്ക് ആദാതാവിനാലോ അയാൾക്കുവേണ്ടിയോ എൻഡോഴ്സ് ചെയ്യപ്പെട്ടതായി കരുതപ്പെടാവുന്നിടത്ത്, മുറപ്രകാരം പണംകൊടുക്കുന്നതുവഴി ഡ്രായി ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നതാണ്.

(2) ഒരു ചെക്ക് ബെയറർക്ക് പണം കൊടുക്കേണ്ടതായി ആദ്യമേ പ്രകടമാക്കിയിട്ടുള്ളപ്പോൾ, അതിൻമേൽ പൂർണ്ണമോ ബ്ലാങ്കോ ആയ ഏതെങ്കിലും എൻഡോഴ്സ്മെന്റ് ഉണ്ടായിരുന്നാൽ തന്നെയും, അങ്ങനെയുള്ള ഏതെങ്കിലും എൻഡോഴ്സ്മെന്റ് വീണ്ടും കൈമാററം ചെയ്യുന്നതിനെ പരിമിതിപ്പെടുത്തുകയോ ഒഴിച്ചു നിറുത്തുകയോ ചെയ്യുന്നതായി കരുതപ്പെടാവുന്നതായിരുന്നാൽ തന്നെയും, അതിന്റെ ബെയറർക്ക് മുറപ്രകാരം പണം കൊടുക്കുന്നതുവഴി ഡ്രായി ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നതാണ്.

85ക. <u>ബാങ്കിന്റെ ഒരു ശാഖയിൽ നിന്ന് മറെറാരു ശാഖയിലേയ്ക്ക് ആർഡർക്ക് പണം കൊടുക്കേണ്ടതായി ഡ്രാ ചെയ്ത ഡ്രാഫ്ററുകൾ.</u>—ആവശ്യപ്പെടുമ്പോൾ ആർഡർക്ക് പണം കൊടുക്കേണ്ടതായ ഒരു തുകയ്ക്ക് ഒരു ബാങ്കിന്റെ ഒരു ആഫീസിൽനിന്ന് അതേ ബാങ്കിന്റെ മറെറാരു ആഫീസിലേക്കു ഡ്രാ ചെയ്തിട്ടുള്ള ഏതെങ്കിലും ഡ്രാഫ്ററ്, അതായത് പണം കൊടുക്കാനുള്ള

ആർഡർ, ആദാതാവിനാലോ അയാൾക്ക് വേണ്ടിയോ എൻഡോഴ്സ് ചെയ്യപ്പെട്ടതായി കരുതപ്പെടാവുന്നിടത്ത്, മുറപ്രകാരം പണം കൊടുക്കുന്നതുവഴി ബാങ്ക് ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നതാണ്.

86. വിശേഷിതമോ പരിക്ലിപ്തമോ ആയ പ്രതിഗ്രഹണത്താൽ സമ്മതിക്കാത്ത കക്ഷികൾ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുന്നത്.—ഒരു വിനിമയപത്രത്തിന്റെ ധാരകൻ, വിശേഷിതമായതോ അല്ലെങ്കിൽ, വിനിമയപത്രത്തിൽ പറഞ്ഞ തുകയുടെ ഒരു ഭാഗത്തിന് പരിക്ലിപ്തമാക്കിയതോ അല്ലെങ്കിൽ പണം കൊടുക്കുന്നതിന് വ്യത്യസ്തമായ സ്ഥലമോ സമയമോ പകരം പറഞ്ഞിട്ടുള്ളതോ, അല്ലെങ്കിൽ ഡ്രായികൾ പങ്കാളികളല്ലാത്തപ്പോൾ, എല്ലാ ഡ്രായികളും ഒപ്പിടാത്തതോ ആയ ഒരു പ്രതിഗ്രഹണം എതിർ പറയാതെ സ്വീകരിക്കയാണെങ്കിൽ, അങ്ങനെയുള്ള പ്രതിഗ്രഹണത്തിന് ഏതു മുൻകക്ഷികളുടെ സമ്മതം നേടിയിട്ടില്ലയോ, അവരെല്ലാവരും, മുൻകക്ഷികളും, ധാരകൻ നൽകിയ നോട്ടീസിൻമേൽ അവർ അങ്ങനെയുള്ള പ്രതിഗ്രഹണത്തിന് അനുമതി നല്കുന്നില്ലെങ്കിൽ, ധാരകന്നും അയാളുടെകീഴിൽഅവകാശപ്പെടുന്നവർക്കും എതിരെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്.

വിശദീകരണം.—ഒരു പ്രതിഗ്രഹണം അത്—

(ക) പണം കൊടുക്കുന്നത്, അതിൽ പ്രസ്താവിച്ച ഒരു സംഭവം നടക്കുന്നതിനെ ആശ്രയിച്ചിരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സോപാധികമായിട്ടുള്ളിടത്തും;

(ഖ) കൊടുക്കാൻ ആർഡർ ചെയ്തിട്ടുള്ള തുകയുടെ ഭാഗംമാത്രം കൊടുക്കാൻ ഏല്ക്കുന്നിടത്തും;

(ഗ) പണംകൊടുക്കുവാനുള്ള ഒരു സ്ഥലവുംആർഡറിൽ വിനിർദേശിച്ചിട്ടില്ലാതിരിക്കെ, ഒരു വിനിർദിഷ്ട സ്ഥലത്തുവച്ചും, മററുവിധത്തിലോ മററെവിടെയെങ്കിലും വച്ചോ അല്ലാതേയും, പണം കൊടുക്കാൻ ഏല്ക്കുന്നിടത്തും, അല്ലെങ്കിൽ പണം കൊടുക്കുവാനുള്ള ഒരു സ്ഥലം ആർഡറിൽ വിനിർദേശിച്ചിരിക്കെ മററൊരു സ്ഥലത്തുവച്ചും, മററുവിധത്തിലോ മററെവിടെയെങ്കിലും, അല്ലാതെയും.പണം കൊടുക്കാൻ ഏല്ക്കുന്നിടത്തും;

(ഘ) ആർഡറിൻകീഴിൽ നിയമാനുസൃതം പണം കൊടുക്കേണ്ട സമയത്തല്ലാതെ മററൊരു സമയത്ത് പണം കൊടുക്കാൻ ഏല്ക്കുന്നിടത്തും:

വിശേഷിതമായിട്ടുള്ളതാകുന്നു.

87. സാരമായ ഭേദപ്പെടുത്തലിന്റെ പ്രഭാവം.— ഒരു കൈമാറാവുന്ന പ്രമാണത്തിന്റെ സാരമായ ഭേദപ്പെടുത്തൽ, അത് ആദ്യകക്ഷികളുടെ പ്രത്യേക ഉദ്ദേശ്യം നടപ്പിൽ കൊണ്ടുവരുവാൻ ചെയ്തിട്ടുള്ളതല്ലാത്ത പക്ഷം, അങ്ങനെയുള്ള ഭേദപ്പെടുത്തൽ വരുത്തുന്ന സമയം അതിലെ കക്ഷിയായിരിക്കുകയും അതിന് സമ്മതം നല്കാതിരിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും എതിരെ, ആ പ്രമാണം ശൂന്യമാകുന്നതും;

എൻഡോഴ്സിയാലുള്ള ഭേദപ്പെടുത്തൽ.— അങ്ങനെയുള്ള ഏതെങ്കിലും ഭേദപ്പെടുത്തൽ, അത് എൻഡോഴ്സി വരുത്തുന്നതാണെങ്കിൽ, അതിലെ പ്രതിഫലം സംബന്ധിച്ച് അയാളോടുള്ള എല്ലാ ബാദ്ധ്യതയിൽനിന്നും എൻഡോഴ്സറെ ഒഴിവാക്കുന്നതും ആകുന്നു.

ഈ വകുപ്പിലെ വ്യവസ്ഥകൾ 20, 49, 86, 125 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമാകുന്നു.

88. മുൻഭേദപ്പെടുത്തൽ ഉണ്ടായിരുന്നാൽ തന്നെയും പ്രതിഗൃഹീതാവോ എൻഡോഴ്സറോ ബദ്ധരാണെന്ന്.— ഒരു കൈമാററാവുന്ന പ്രമാണത്തിന്റെ പ്രതിഗൃഹീതാവോ എൻഡോഴ്സറോ, പ്രമാണത്തിന് മുൻഭേദപ്പെടുത്തലുണ്ടായിരുന്നാൽതന്നെയും തന്റെ പ്രതിഗ്രഹണത്താലോ എൻഡോഴ്സ്മെന്റിനാലോ ബദ്ധനാകുന്നു.

89. ഭേദപ്പെടുത്തൽ ദൃശ്യമല്ലാത്ത പ്രമാണത്തിലെ പണം കൊടുക്കൽ.— ഒരു പ്രോനോട്ടോ വിനിമയ പത്രമോ ചെക്കോ, സാരമായി ഭേദപ്പെടുത്തിയിരിക്കുകയും, എന്നാൽ അപ്രകാരം ഭേദപ്പെടുത്തിയതായി ദൃശ്യമാകാതിരിക്കുകയും ചെയ്യുന്നിടത്ത്,

അല്ലെങ്കിൽ പ്രസന്റു് ചെയ്യുന്ന സമയത്ത് ക്രാസ്സ് ചെയ്തതായോ ക്രാസിങ്ങ് ഉണ്ടായിരുന്നത് മാച്ച് കളഞ്ഞതായോ ദൃശ്യമാകാത്ത ഒരു ചെക്ക് പണം കിട്ടുന്നതിന് പ്രസന്റ് ചെയ്യുന്നിടത്ത്,

പണം കൊടുക്കുന്ന സമയത്തുള്ള അതിന്റെ പ്രത്യക്ഷത്തിലുള്ള ഉദ്ദേശ്യമനുസരിച്ചും, മററുവിധത്തിൽ മുറപ്രകാരവും അതിലെ പണം കൊടുക്കുവാൻ ബാദ്ധ്യതയുള്ള ഒരാളോ ബാങ്കറോ അതിലെ പണം കൊടുക്കുന്നത് അങ്ങനെയുള്ള ആളേയോ ബാങ്കറേയോ അതിൻമേലുള്ള എല്ലാ ബാദ്ധ്യതയിലും നിന്ന് ഒഴിവാക്കുന്നതും; പ്രമാണം ഭേദപ്പെടുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ ചെക്ക് ക്രാസ്സ് ചെയ്തിട്ടുണ്ടെന്നോ ഉള്ള കാരണത്താൽ അങ്ങനെ പണം കൊടുത്തതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

90. പ്രതിഗൃഹീതാവിന്റെ കൈയിലുള്ള വിനിമയപത്രത്തിൻമേൽ നടപടിയെടുക്കുവാനുള്ള അവകാശങ്ങൾ ഇല്ലാതാകൽ.—കൈമാററം ചെയ്തിട്ടുള്ള ഒരു വിനിമയപത്രം അതു കാലം എത്തുമ്പോഴോ കാലം എത്തിയതിനുശേഷമോ പ്രതൃഗിഹീതാവ് തന്റെ സ്വന്തം അവകാശത്തിൻമേൽ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, അതിൻമേൽ നടപടി എടുക്കുവാനുള്ള എല്ലാ അവകാശങ്ങളും ഇല്ലാതാകുന്നു.

## അദ്ധ്യായം VIII

## അനാദരണത്തിന്റെ നോട്ടീസിനെക്കുറിച്ച്

91. പ്രതിഗ്രഹിക്കാത്തതിനാലുള്ള അനാദരണം.—ഒരു വിനിമയപത്രം അത്, പ്രതിഗ്രഹിക്കണമെന്ന് മുറപ്രകാരം ആവശ്യപ്പെട്ടതിൻമേൽ ഡ്രായിയോ പങ്കാളികളല്ലാത്ത പല ഡ്രായികളിൽ ഒരാളോ പ്രതിഗ്രഹണത്തിൽ വീഴ്ച വരുത്തുമ്പോഴോ, അല്ലെങ്കിൽ പ്രസന്റ് ചെയ്യൽ ഒഴിവാക്കപ്പെട്ടിരിക്കുകയും വിനിമയപത്രം പ്രതിഗ്രഹിക്കപ്പെടാതിരിക്കുകയും ചെയ്യുന്നിടത്തോ, പ്രതിഗ്രഹിക്കാത്തതിനാൽ അനാദരിക്കപ്പെട്ടതായി പറയപ്പെടുന്നു.

ഡ്രായി, കാൺട്രാക്ററ് ചെയ്യാൻ ക്ഷമതയില്ലാത്തവനായിരിക്കുകയോ, പ്രതിഗ്രഹണം വിശേഷിതമായിരിക്കുകയോ ചെയ്യുന്നിടത്ത്, വിനിമയപത്രം അനാദരിക്കപ്പെട്ടതായി കണക്കാക്കപ്പെടാവുന്നതാണ്.

92. പണം കൊടുക്കാത്തതിനാലുള്ള അനാദരണം.—ഒരു പ്രോനോട്ടോ, വിനിമയപത്രമോ, ചെക്കോ, അതിലെ പണം കൊടുക്കുവാൻ മുറപ്രകാരം ആവശ്യപ്പെട്ടതിൻമേൽ, പ്രോനോട്ടിന്റെ രചയിതാവോ, വിനിമയപത്രത്തിന്റെ പ്രതിഗൃഹീതാവോ, ചെക്കിന്റെ ഡ്രായിയോ പണം കൊടുക്കുന്നതിൽ വീഴ്ച വരുത്തുമ്പോൾ പണം കൊടുക്കാത്തതിനാൽ അനാദരിക്കപ്പെട്ടതായി പറയപ്പെടുന്നു.

93. നോട്ടീസ് ആര്, ആർക്ക് നല്കേണ്ടതാണെന്ന്.—ഒരു പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ പ്രതിഗ്രഹിക്കാത്തതിനാലോ പണം കൊടുക്കാത്തതിനാലോ അനാദരിക്കപ്പെടുമ്പോൾ, അതിന്റെ ധാരകനോ അല്ലെങ്കിൽ അതിൻമേൽ ബാദ്ധ്യതയുള്ളവനായിരിക്കുന്ന അതിലെ വല്ല കക്ഷിയോ, അതിൻമേൽ വെവ്വേറെയായി ബാദ്ധ്യതയുള്ളവരാക്കാൻ ധാരകൻ ഉദ്ദേശിക്കുന്ന മററു എല്ലാ കക്ഷികൾക്കും, അതിൻമേൽ കൂട്ടായി ബാദ്ധ്യതയുള്ളവരാക്കാൻ അയാൾ ഉദ്ദേശിക്കുന്ന പല കക്ഷികളിൽ ആരെങ്കിലും ഒരാൾക്കും, പ്രമാണം അപ്രകാരം അനാദരിക്കപ്പെട്ടിരിക്കുന്നുവെന്ന് നോട്ടീസ് നല്കണം.

ഈ വകുപ്പിലെ യാതൊന്നും അനാദരിക്കപ്പെട്ട പ്രോനോട്ടിന്റെ രചയിതാവിനോ അല്ലെങ്കിൽ അനാദരിക്കപ്പെട്ട വിനിമയപത്രത്തിന്റേയോ ചെക്കിന്റേയോ ഡ്രായിക്കോ, പ്രതിഗ്രഹീതാവിനോ നോട്ടീസ് നല്കുന്നതും ആവശ്യമാക്കുന്നില്ല.

94. നോട്ടീസ്, നല്കാവുന്ന സമ്പ്രദായം.—അനാദരണത്തിന്റെ നോട്ടീസ്, അത് ആർക്ക് നല്കുന്നതാണോ ആവശ്യമായിട്ടുള്ളത്, അയാളുടെ മുറപ്രകാരം പ്രാധികാരം നല്കപ്പെട്ട ഏജൻറിനോ, അയാൾ മരിച്ചുപോയിട്ടുള്ളിടത്ത്, അയാളുടെ നിയമാനുസൃത പ്രതിനിധിക്കോ, അയാൾ നിർദ്ധനനായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളിടത്ത്, അയാളുടെ അസൈനിക്കോ നല്കാവുന്നതാണ്: എന്നാൽ അത് വാക്കാലോ രേഖാമൂലമോ ആകാവുന്നതാണ്; അത് രേഖാമൂലമുള്ളതാണെങ്കിൽ തപാൽ വഴി അയക്കാവുന്നതാണ്, അത് ഏത് രൂപത്തിലുമായിരിക്കാവുന്നതാണ്; എന്നാൽ അത് നല്കപ്പെടുന്ന കക്ഷിയെ പ്രകടമായ വാക്കുകളാലോ ന്യായമായ അർത്ഥദ്യോതനത്താലോ പ്രമാണം അനാദരിക്കപ്പെട്ടിരിക്കുന്നുവെന്നും അത് ഏത് വിധത്തിലാണെന്നും, അയാളെ അതിൻമേൽ ബാദ്ധ്യതയുള്ളവനാക്കുമെന്നും അറിയിക്കണം, അത് ഏത് കക്ഷിയ്ക്കാണോ ഉദ്ദേശിച്ചിട്ടുള്ളത്, അയാളുടെ ബിസിനസ്സ് സ്ഥലത്തോ (അങ്ങനെയുള്ള കക്ഷിക്ക് ബിസിനസ്സ്സ്ഥലമില്ലെങ്കിൽ) അനാദരണത്തിന് ശേഷം ന്യായമായ സമയത്തിനുള്ളിൽ നല്കുകയും വേണം.

നോട്ടീസ് ശരിയായ മേൽവിലാസത്തിൽ അയക്കുകയും കിട്ടാതെപോവുകയും ചെയ്യുകയാണെങ്കിൽ അങ്ങനെ കിട്ടാതെ പോകുന്നത് ആ നോട്ടീസിനെ അസാധുവാക്കുന്നതല്ല.

95. അനാദരണത്തിന്റെ നോട്ടീസ് ലഭിക്കുന്ന കക്ഷി നോട്ടീസ് നല്കണമെന്ന്.— അനാദരണത്തിന്റെ നോട്ടീസ് ലഭിക്കുന്ന ഏത് കക്ഷിയും, ഏതെങ്കിലും മുൻകക്ഷിയെ തന്നോട് ബാദ്ധ്യതയുള്ളവനാക്കുവാൻ, അങ്ങനെയുള്ള കക്ഷിക്ക് അയാൾക്ക് 93-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധം മുറപ്രകാരമുള്ള നോട്ടീസ് മററു വിധത്തിൽ ലഭിച്ചിട്ടില്ലാത്തപക്ഷം ന്യായമായ സമയത്തിനുള്ളിൽ അനാദരണത്തിന്റെ നോട്ടീസ് നല്കണം.

96, പ്രസൻറുചെയ്യുന്നതിനുള്ള ഏജൻറ്.— പ്രമാണം പ്രസൻറ് ചെയ്യുന്നതിനായി ഒരു ഏജൻറ്വശം നിക്ഷേപിച്ചിട്ടുള്ളപ്പോൾ ഏജൻറിന്, തന്റെ പ്രിൻസിപ്പലിന് നോട്ടീസ് നല്കാൻ, താൻ അനാദരണത്തിന്റെ നോട്ടീസ് നല്കുന്ന ധാരകൻ ആയിരുന്നാലെന്നപോലെ ഉള്ള അതേസമയത്തിന് അവകാശം ഉണ്ടായിരിക്കുന്നതും അനാദരണത്തിന്റെ നോട്ടീസ് നല്കാൻ അത്രത്തോളം തന്നെയുള്ള ഒരു കാലത്തിന് പ്രിൻസിപ്പലിനും അവകാശം ഉണ്ടായിരിക്കുന്നതും ആകുന്നു.

97. നോട്ടീസ് നല്കപ്പെട്ട കക്ഷി മരിച്ചുപോയിട്ടുള്ളപ്പോൾ.—അനാദരണത്തിന്റെ നോട്ടീസ് അയയ്ക്കപ്പെട്ടിട്ടുള്ള കക്ഷി മരിക്കുകയും എന്നാൽ നോട്ടീസ് അയയ്ക്കുന്നകക്ഷിക്ക് അയാളുടെ മരണത്തെക്കുറിച്ച് അറിവില്ലാതിരിക്കുകയും ചെയ്യുമ്പോൾ, ആ നോട്ടീസ് മതിയായിട്ടുള്ളതാകുന്നു.

98. അനാദരണത്തിന്റെ നോട്ടീസ് എപ്പോൾ അനാവശ്യമാണെന്ന്.—അനാദരണത്തിന്റെ നോട്ടീസ്:—

(ക) അതിന് അവകാശമുള്ള കക്ഷി അത് വേണ്ടെന്ന് വച്ചിട്ടുള്ളപ്പോഴും ;

(ഖ) പണം കൊടുക്കുന്നത് ഡ്രായർ വിലക്കിയിട്ടുള്ളപ്പോൾ അയാളെ ബാദ്ധ്യസ്ഥനാക്കുന്നതിനും ;

(ഗ) ബാദ്ധ്യസ്ഥനാക്കപ്പെടുന്ന കക്ഷിക്ക് നോട്ടീസില്ലാത്തതുകൊണ്ട്, നഷ്ടമുണ്ടാകാൻ വഴിയില്ലാത്തപ്പോഴും ;

(ഘ) നോട്ടീസിന് അവകാശമുള്ള കക്ഷിയെ മുറപ്രകാരമുള്ള അന്വേഷണത്തിനുശേഷം കണ്ടെത്തുവാൻ കഴിയാതിരിക്കുകയോ ; അല്ലെങ്കിൽ നോട്ടീസ് നല്കുവാൻ ബാദ്ധ്യസ്ഥനായ കക്ഷിയ്ക്ക്, മറേറതെങ്കിലും കാരണത്താൽ, തന്റെ വീഴ്ചയൊന്നുമല്ലാതെ, അത് നല്കുവാൻ കഴിയാതിരിക്കുകയോ ചെയ്യുമ്പോഴും ;

(ങ) പ്രതിഗൃഹീതാവും ഒരു ഡ്രായറായിരിക്കുമ്പോൾ ഡ്രായർമാരെ ബാദ്ധ്യസ്ഥരാക്കുന്നതിനും ;

(ച) കൈമാററം ചെയ്യാവുന്നതല്ലാത്ത ഒരു പ്രോനോട്ടിന്റെ സംഗതിയിലും ;

(ഛ) നോട്ടീസ് കിട്ടാൻ അവകാശമുള്ള കക്ഷി, വസ്തുതകൾ അറിഞ്ഞുകൊണ്ട്, പ്രമാണത്തിൻമേൽ കൊടുക്കേണ്ട തുക കൊടുക്കാമെന്ന് നിരുപാധികം വാഗ്ദാനം ചെയ്യുമ്പോഴും,

ആവശ്യമില്ലാത്തതാകുന്നു.

## അദ്ധ്യായം IX

## നോട്ട് ചെയ്യലിനേയും പ്രൊട്ടെസ്ററിനേയും കുറിച്ച്

99. നോട്ടുചെയ്യൽ.— ഒരു പ്രോനോട്ടോ വിനിമയപത്രമോ പ്രതിഗ്രഹിക്കാത്തതിനാലോ പണം കൊടുക്കാത്തതിനാലോ അനാദരിക്കപ്പെട്ടിട്ടുള്ളപ്പോൾ ധാരകന് അങ്ങനെയുള്ള അനാദരണം ഒരു നോട്ടറി പബ്ലിക്കിനെക്കൊണ്ട് പ്രമാണത്തിൻമേലോ അതോടുചേർത്ത ഒരു കടലാസിൻമേലോ അല്ലെങ്കിൽ ഭാഗികമായി ഓരോന്നിൻമേലുമോ നോട്ട് ചെയ്യാവുന്നതാണ്.

അങ്ങനെയുള്ള നോട്ട് അനാദരണത്തിനുശേഷം ന്യായമായസമയത്തിനുള്ളിൽ ചെയ്യുകയും, അതിൽ അനാദരണത്തിന്റെ തീയതിയും, അങ്ങനെയുള്ള അനാദരണത്തിന് കാരണം കാണിച്ചിട്ടുണ്ടെങ്കിൽ, അതും, അല്ലെങ്കിൽ പ്രമാണം പ്രകടമായി അനാദരിക്കപ്പെട്ടിട്ടില്ലെങ്കിൽ, എന്തു കാരണത്താലാണ് ധാരകന് അത് അനാദരിക്കപ്പെട്ടതായി കണക്കാക്കുന്നതെന്നും നോട്ടറിചാർജ്ജും വിനിർദ്ദിഷ്ടമാക്കുകയും ചെയ്യണം.

100. പ്രൊട്ടെസ്റ്റ്.—ഒരു പ്രോനോട്ടോ വിനിമയപത്രമോ, പ്രതിഗ്രഹിക്കാത്തതിനാലോ പണം കൊടുക്കാത്തതിനാലോ അനാദരിക്കപ്പെട്ടിട്ടുള്ളപ്പോൾ കൈവശക്കാരന്, ഒരു ന്യായമായ സമയത്തിനുള്ളിൽ, അങ്ങനെയുള്ള അനാദരണം ഒരു നോട്ടറി പബ്ലിക്കിനെക്കൊണ്ട് നോട്ട് ചെയ്യിക്കുകയും സർട്ടിഫൈചെയ്യിക്കുകയും ചെയ്യാവുന്നതാണ്. അങ്ങനെയുള്ള സർട്ടിഫിക്കററിന് പ്രൊട്ടെസ്റ്റ് എന്നുപേർ പറയപ്പെടുന്നു.

മെച്ചപ്പെട്ട ഈടിനുള്ള പ്രൊട്ടെസ്റ്റ്.—ഒരു വിനിമയപത്രത്തിന്റെ പ്രതിഗൃഹീതാവ് നിർദ്ധനനാവുകയോ, അല്ലെങ്കിൽ പ്രമാണത്തിന്റെ കാലമെത്തലിനുമുമ്പ് അയാളുടെ ക്രെഡിററ് പരസ്യമായി ചോദ്യം ചെയ്യപ്പെടുകയോ ചെയ്തിട്ടുള്ളപ്പോൾ ധാരകന് ന്യായമായ സമയത്തിനുള്ളിൽ ഒരു നോട്ടറി പബ്ലിക്കിനെക്കൊണ്ട് പ്രതിഗൃഹീതാവിനോട് മെച്ചപ്പെട്ട ഈട് ആവശ്യപ്പെടുവിക്കാവുന്നതും, അത് നിരസിക്കപ്പെട്ടാൽ, ന്യായമായ സമയത്തിനുള്ളിൽ മുൻപറഞ്ഞതുപോലെ, അങ്ങനെയുള്ള വസ്തുതകൾ നോട്ട് ചെയ്യുകയും സർട്ടിഫൈ ചെയ്യുകയും ചെയ്യിക്കാവുന്നതുമാണ്. അങ്ങനെയുള്ള സർട്ടിഫിക്കററിന് മെച്ചപ്പെട്ട ഈടിനുള്ള പ്രൊട്ടെസ്റ്റ് എന്നു പേർ പറയപ്പെടുന്നു.

101. പ്രൊട്ടസ്ററിലുള്ള ഉള്ളടക്കം.—100-ാം വകുപ്പിൻകീഴിലുള്ള പ്രൊട്ടെസ്ററിൽ.—

(ക) പ്രമാണം തന്നെയോ, അല്ലെങ്കിൽ പ്രമാണത്തിന്റേയും അതിൻമേൽ എഴുതപ്പെട്ടതോ അച്ചടിക്കപ്പെട്ടതോ ആയ എല്ലാററിന്റേയും ഒരു പ്രത്യക്ഷപ്പകർപ്പും;

(ഖ) പ്രമാണം പ്രൊട്ടെസ്ററ് ചെയ്തിട്ടുള്ളത് ആർക്കുവേണ്ടിയാണോ അയാളുടേയും, ആർക്ക് എതിരായാണോ അയാളുടേയും പേരും ;

(ഗ) അങ്ങനെയുള്ള ആളോട് നോട്ടറി പബ്ലിക്, അതതു സംഗതിപോലെ, പണം കൊടുക്കുന്നതിനോ പ്രതിഗ്രഹണത്തിനോ മെച്ചപ്പെട്ട ഈടിനോ ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള ഒരു പ്രസ്താവനയും, അയാളുടെ മറുപടി വല്ലതും ഉണ്ടെങ്കിൽ അതിലെ വ്യവസ്ഥകളും, അല്ലെങ്കിൽ അയാൾ മറുപടി നല്കിയിട്ടില്ലെന്നോ അയാളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നോ ഉള്ള ഒരു പ്രസ്താവനയും ;

(ഘ) പ്രോനോട്ടോ, വിനിമയപത്രമോ അനാദരിക്കപ്പെട്ടിട്ടുള്ളപ്പോൾ അനാദരണത്തിന്റെ സ്ഥലവും സമയവും, മെച്ചപ്പെട്ട ഈട് നിരസിക്കപ്പെട്ടിട്ടുള്ളപ്പോൾ നിരസനത്തിന്റെ സ്ഥലവും സമയവും ;

(ങ) പ്രൊട്ടെസ്ററ് കുറിക്കുന്ന നോട്ടറി പബ്ലിക്കിന്റെ പേരെഴുതിയുള്ള ഒപ്പും ;

(ച) ആദരണാർത്ഥപ്രതിഗ്രഹണമോ ആദരണാർത്ഥമുള്ള പണം കൊടുക്കലോ ഉണ്ടായാൽ അങ്ങനെയുള്ള പ്രതിഗ്രഹണമോ പണം കൊടുക്കലോ ആഫർ ചെയ്യുകയും ഫലത്തിൽ കൊണ്ടുവരുകയും ചെയ്തിട്ടുള്ളത് ആരാണോ, അയാളുടേയും, ആർക്ക് വേണ്ടിയാണോ അയാളുടേയും, പേരും അങ്ങനെ ആഫർ ചെയ്യുകയും ഫലത്തിൽ കൊണ്ടുവരുകയും ചെയ്തതിന്റെ രീതിയും ; അടങ്ങിയിരിക്കണം.

നോട്ടറി പബ്ലിക്കിന് ഈ വകുപ്പിലെ (ഗ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ആവശ്യപ്പെടൽ നേരിട്ടോ അയാളുടെ ക്ലാർക്ക് വഴിയോ, അല്ലെങ്കിൽ കരാറോ വഴക്കമോ, പ്രാധികാരമോ നല്കിയിട്ടുള്ളിടത്ത്, രജിസ്ററർ കത്തുവഴിയോ നടത്താവുന്നതാണ്.

102. പ്രൊട്ടെസ്റ്റിന്റെ നോട്ടീസ്.—പ്രോനോട്ടോ വിനിമയപത്രമോ പ്രൊട്ടെസ്റ്റ് ചെയ്യേണ്ടത് നിയമപ്രകാരം ആവശ്യമായിട്ടുള്ളപ്പോൾ അനാദരണത്തിന്റെ നോട്ടീസിനുപകരം, അങ്ങനെയുള്ള പ്രൊട്ടെസ്റ്റിന്റെ നോട്ടീസ് അതേരീതിയിലും അതേ ഉപാധികൾക്കു വിധേയമായും നല്കണം ; എന്നാൽ നോട്ടീസ് പ്രൊട്ടെസ്റ്റ് കുറിക്കുന്ന നോട്ടറി പബ്ലിക്കിനാൽ നല്കപ്പെടാവുന്നതാണ്.

103. പ്രതിഗ്രഹിക്കാത്തതിനാലുള്ള അനാദരണത്തിനുശേഷം പണം കൊടുക്കാത്തതിനുള്ള പ്രൊട്ടെസ്റ്റ്.—ഡ്രായിയുടെ വാസസ്ഥലമായി പറഞ്ഞ സ്ഥലമല്ലാത്ത മററുവല്ല സ്ഥലത്തും വച്ച് പണം കൊടുക്കേണ്ടതായി ഡ്രാ ചെയ്തിട്ടുള്ളവയും പ്രതിഗ്രഹിക്കാത്തതിനാൽ അനാദരിക്കപ്പെട്ടവയുമായ എല്ലാ വിനിമയപത്രങ്ങളും കാലം എത്തലിനുമുൻപോ കാലം എത്തുമ്പോഴോ, പണം കൊടുത്തിട്ടില്ലാത്തപക്ഷം, ഡ്രായിക്ക് വീണ്ടും പ്രസന്റ് ചെയ്യാതെ പണം കൊടുക്കുന്നതിന് വിനിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തുവച്ച് പണം കൊടുക്കാത്തതിന് പ്രൊട്ടെസ്റ്റ് ചെയ്യാവുന്നതാണ്.

104. വിദേശ വിനിമയ പത്രങ്ങളുടെ പ്രൊട്ടെസ്റ്റ്.—വിദേശ വിനിമയ പത്രങ്ങൾ അവ അനാദരണത്തിന് പ്രൊട്ടെസ്റ്റ് ചെയ്യേണ്ടത അവ ഡ്രാ ചെയ്ത സ്ഥലത്തെ നിയമപ്രകാരം ആവശ്യമായിട്ടുള്ളപ്പോൾ, അങ്ങനെ പ്രൊട്ടെസ്റ്റ് ചെയ്യപ്പെടേണ്ടതാകുന്നു.

104ക. നോട്ട് ചെയ്യുന്നത് എപ്പോൾ പ്രൊട്ടെസ്റ്റിനു തുല്യമാണെന്ന്.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഒരു വിനിമയ പത്രമോ ഒരു പ്രോനോട്ടോ, വിനിർദ്ദിഷ്ട സമയത്തിനുള്ളിലോ വല്ല കൂടുതൽ നടപടിയും എടുക്കുന്നതിന് മുമ്പോ പ്രൊട്ടെസ്റ്റ് ചെയ്യേണ്ടത് ആവശ്യമായിട്ടുള്ളപ്പോൾ, വിനിർദ്ദിഷ്ടസമയം അവസാനിക്കുന്നതിനോ നടപടി എടുക്കുന്നതിനോ മുമ്പ് വിനിമയപത്രം പ്രൊട്ടെസ്റ്റിനുവേണ്ടി നോട്ട് ചെയ്താൽ മതിയാകുന്നതും, ഔപചാരികമായ പ്രൊട്ടസ്റ്റ് അതിനുശേഷം ഏതെങ്കിലും സമയത്ത് നോട്ട് ചെയ്ത തീയതി ചെയ്തിരുന്നാലെന്നപോലെ കുറിക്കാവുന്നതുമാണ്.

## അദ്ധ്യായം X

## ന്യായമായ സമയത്തെക്കുറിച്ച്

105. ന്യായമായ സമയം.—പ്രതിഗ്രഹണത്തിനോ പണം കൊടുക്കുന്നതിനോ പ്രസന്റ് ചെയ്യുന്നതിനും, അനാദരണത്തിനും നോട്ടീസ് നല്കുന്നതിനും, നോട്ട് ചെയ്യുന്നതിനുമുള്ള ന്യായമായ സമയം എന്താണെന്ന് നിശ്ചയിക്കുന്നതിൽ പ്രമാണത്തിന്റെ സ്വഭാവവും, അതുപോലുള്ള പ്രമാണങ്ങൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ചുള്ള സാധാരണ ഗതിയും പരിഗണിക്കുന്നതും, അങ്ങനെയുള്ള സമയം കണക്കാക്കുന്നതിൽ, പൊതു ഒഴിവു ദിവസങ്ങൾ ഒഴിച്ചു നിറുത്തുന്നതും ആകുന്നു.

106. അനാദരണത്തിന്റെ നോട്ടീസ് നല്കുന്നതിനുള്ള ന്യായമായ സമയം.—ധാരകനും അനാദരണത്തിന്റെ നോട്ടീസ് നല്കപ്പെടുന്ന കക്ഷിയും വ്യത്യസ്ത സ്ഥലങ്ങളിൽ, അതതു സംഗതിപോലെ, ബിസിനസ്സ് ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള നോട്ടീസ് അടുത്ത പോസ്റ്റിലോ അനാദരണ ദിവസത്തിന്റെ പിറേറ ദിവസമോ അയയ്ക്കുകയാണെങ്കിൽ അത് ന്യായമായ ഒരു സമയത്തിനുള്ളിൽ നല്കിയിട്ടുള്ളതാകുന്നു.

മേല്പറഞ്ഞ കക്ഷികൾ ഒരേ സ്ഥലത്ത് ബിസിനസ്സ് ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള നോട്ടീസ് അനാദരണദിവസത്തിന്റെ പിറേറദിവസം അത് എത്തേണ്ട സ്ഥലത്ത് എത്തത്തക്ക വിധം സമയത്തിന് അയക്കുകയാണെങ്കിൽ അത് ന്യായമായ സമയത്തിനുള്ളിൽ കിട്ടിയിട്ടുള്ളതാകുന്നു.

107. അങ്ങനെയുള്ള നോട്ടീസ് അയച്ചുകൊടുക്കുന്നതിനുള്ള ന്യായമായ സമയം.—അനാദരണത്തിന്റെ നോട്ടീസ് കിട്ടുകയും ഒരു മുൻകക്ഷിക്കെതിരെ തന്റെ അവകാശം പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന ഒരു കക്ഷി ; അയാൾ ആ നോട്ടീസ്, തനിക്ക് അത് കിട്ടിയതിനുശേഷം, താൻ ധാരകൻ ആയിരുന്നുവെങ്കിൽ ഏത് സമയത്തിനുള്ളിൽ നോട്ടീസ് നല്കേണ്ടതായിരുന്നുവോ, അതേ സമയത്തിനുള്ളിൽ അയച്ചുകൊടുക്കുന്നുവെങ്കിൽ ന്യായമായ സമയത്തിനുള്ളിൽ നോട്ടീസ് അയച്ചുകൊടുത്തിട്ടുള്ളതാകുന്നു.

## അദ്ധ്യായം XI

## ആദരണാർത്ഥമുള്ള പ്രതിഗ്രഹണത്തേയും, പണം കൊടുക്കലിനേയും, ആവശ്യമായി വന്നാലുള്ള റഫറൻസിനേയും കുറിച്ച്

108. ആദരണാർത്ഥ പ്രതിഗ്രഹണം.—പ്രതിഗ്രഹിക്കാത്തതിനാലോ മെച്ചപ്പെട്ട ഈടിനോ ഒരു വിനിമയപത്രം നോട്ടുചെയ്യുകയോ പ്രൊട്ടെസ്ററ് ചെയ്യുകയോ ചെയ്തിട്ടുള്ളപ്പോൾ, അതിൻമേൽ മുമ്പേ ബാദ്ധ്യതയുള്ള ഒരു കക്ഷിയല്ലാത്ത ഏതെങ്കിലും ആൾക്ക്, ധാരകന്റെ സമ്മതത്തോടുകൂടി, വിനിമയപത്രത്തിൻമേൽ എഴുതുന്നതുവഴി, അതിന് ഏതെങ്കിലും കക്ഷിയുടെ ആദരണാർത്ഥം പ്രതിഗ്രഹിക്കാവുന്നതാണ്.

109. ആദരണാർത്ഥം പ്രതിഗ്രഹണം എങ്ങനെ ചെയ്യണമെന്ന്.—ആദരണാർത്ഥം പ്രതിഗ്രഹിക്കുവാൻ ആഗ്രഹിക്കുന്ന ഒരാൾ പ്രൊട്ടെസ്ററ് ചെയ്യപ്പെട്ട വിനിമയപത്രം ഡ്രായറുടേയോ താൻ പേരുപറയുന്ന ഒരു പ്രത്യേക എൻഡോഴ്സറുടേയോ ആദരണാർത്ഥമോ, പൊതുവായ ആദരണാർത്ഥമോ താൻ പ്രൊട്ടെസ്ററിൻ കീഴിൽ പ്രതിഗ്രഹിക്കുന്നുവെന്ന് വിനിമയപത്രത്തിൽ ഒപ്പു വച്ച് എഴുതി പ്രഖ്യാപിക്കണം.

110. ആരുടെ ആദരണാർത്ഥമാണ് ചെയ്യുന്നതെന്ന് വിനിർദ്ദേശിക്കാത്ത പ്രതിഗ്രഹണം.—പ്രതിഗ്രഹണം ആരുടെ ആദരണാർത്ഥമാണ് ചെയ്യുന്നത് എന്ന് പ്രകടമാക്കാത്തിടത്ത്, അത് ഡ്രായറുടെ ആദരണാർത്ഥം, ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

111. ആദരണാർത്ഥ പ്രതിഗൃഹീതാവിന്റെ ബാദ്ധ്യത.—ഒരു ആദരണാർത്ഥ പ്രതിഗൃഹീതാവ്, ഏതു കക്ഷിയുടെ ആദരണാർത്ഥമാണോ താൻ പ്രതിഗ്രഹിക്കുന്നത്, അയാളുടെ എല്ലാ പിൻ കക്ഷികളോടും, വിനിമയപത്രത്തിലെ പണം ഡ്രായി കൊടുക്കുന്നില്ലെങ്കിൽ കൊടുക്കുവാൻ സ്വയം ബാദ്ധ്യസ്ഥനാകുന്നു: അങ്ങനെയുള്ള കക്ഷിയും എല്ലാ മുൻ കക്ഷികളും

തങ്ങളുടെ യഥാക്രമമുള്ള നിലകളിൽ, അങ്ങനെയുള്ള പ്രതിഗ്രഹണത്തിന്റെ അനന്തരഫലമായി ആദരണാർത്ഥ പ്രതിഗൃഹീതാവിന് നേരിട്ടിട്ടുള്ള എല്ലാ നഷ്ടത്തിനും അല്ലെങ്കിൽ നാശനഷ്ടത്തിനും നഷ്ടപരിഹാരം ചെയ്യുവാൻ ബാദ്ധ്യതയുള്ളവരായിരിക്കുന്നതുമാണ്.

എന്നാൽ വിനിമയപത്രം കാലം എത്തുന്ന ദിവസത്തിന്റെ പിറേറ ദിവസത്തിനേക്കാൾ വൈകാതെ അത് പ്രസന്റ് ചെയ്യുകയോ, അല്ലെങ്കിൽ (വിനിമയ പത്രത്തിലെ പണം കൊടുക്കേണ്ട സ്ഥലമല്ലാത്ത ഒരു സ്ഥലത്തെ മേൽവിലാസം പ്രതിഗൃഹീതാവ് കൊടുത്തിട്ടുള്ള സംഗതിയിൽ) പ്രസന്റ് ചെയ്യാനായി അയയ്ക്കുകയോ ചെയ്യാത്തപക്ഷം, ആദരണാർത്ഥ പ്രതിഗൃഹീതാവ് വിനിമയപത്രത്തിന്റെ ധാരകനോട് ബാദ്ധ്യതയുള്ളവനായിരിക്കുന്നതല്ല.

112. ആദരണാർത്ഥ പ്രതിഗൃഹീതാവിനെ എപ്പോൾ ബാദ്ധ്യസ്ഥനാക്കാമെന്ന്.—വിനിമയ പത്രം കാലമെത്തുമ്പോൾ ഡ്രായിക്ക് പണം കിട്ടുന്നതിന് പ്രസന്റ് ചെയ്യുകയും അയാൾ അത് അനാദരിക്കുകയും അങ്ങനെയുള്ള അനാദരണം നോട്ടുചെയ്യുകയോ പ്രൊട്ടെസ്ററ് ചെയ്യുകയോ ചെയ്യുകയും ചെയ്തിട്ടില്ലാത്തപക്ഷം ആദരണാർത്ഥ പ്രതിഗൃഹീതാവിനെ ബാദ്ധ്യസ്ഥനാക്കാവുന്നതല്ല.

113. ആദരണാർത്ഥം പണം കൊടുക്കൽ.—പണം കൊടുക്കാത്തതിനാൽ ഒരു വിനിമയപത്രം നോട്ട് ചെയ്യുകയോ പ്രൊട്ടെസ്ററ് ചെയ്യുകയോ ചെയ്തിട്ടുള്ളപ്പോൾ പണം കൊടുക്കുവാൻ ബാദ്ധ്യതയുള്ള ഏതെങ്കിലും കക്ഷിയുടെ ആദരണാർത്ഥം ഏതെങ്കിലും ആൾക്ക് പണം കൊടുക്കാവുന്നതാകുന്നു: എന്നാൽ അതിന് അങ്ങനെ കൊടുക്കുന്ന ആളോ (അതിലേക്കുള്ള അയാളുടെ ഏജന്റോ) ഏതു കക്ഷിയുടെ ആദരണാർത്ഥമാണ് അയാൾ പണം കൊടുക്കുന്നതെന്ന്, ഒരു നോട്ടറി പബ്ലിക്കിന്റെ മുൻപിൽ മുമ്പേതന്നെ പ്രഖ്യാപിക്കുകയും ആ നോട്ടറി പബ്ലിക്ക് അങ്ങനെയുള്ള പ്രഖ്യാപനം രേഖപ്പെടുത്തുകയും ചെയ്തിരിക്കണം.

114. ആദരണാർത്ഥം പണംകൊടുക്കുന്ന ആളുടെ അവകാശം.—അങ്ങനെ പണം കൊടുക്കുന്ന ഏതെങ്കിലും ആൾക്ക്, അങ്ങനെ പണം കൊടുക്കുന്ന സമയം ധാരകന് വിനിമയപത്രം സംബന്ധിച്ച് എല്ലാ അവകാശങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതും, ഏതു കക്ഷിയുടെ ആദരണാർത്ഥമാണ് അയാൾ പണം കൊടുക്കുന്നത്, ആ കക്ഷിയിൽ നിന്ന് അങ്ങനെ കൊടുത്ത എല്ലാ തുകകളും അതിൻമേലുള്ള പലിശയോടും അങ്ങനെ പണം കൊടുക്കുന്നതിൽ ശരിയായി നേരിട്ടിട്ടുള്ള എല്ലാ ചെലവുകളോടും കൂടി വസൂലാക്കാവുന്നതുമാണ്.

115. ആവശ്യമായി വന്നാലുള്ള ഡ്രായി.—ഒരു വിനിമയപത്രത്തിലോ അതിൻമേലുള്ള വല്ല എൻഡോഴ്സ്മെന്റിലോ ആവശ്യമായി വന്നാലുള്ള ഒരു ഡ്രായിയുടെ പേർ പറഞ്ഞിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള ഡ്രായി അത് അനാദരിക്കുന്നതുവരെ വിനിമയപത്രം അനാദരിക്കപ്പെടുന്നതല്ല.

116. പ്രൊട്ടസ്ററ് കൂടാതെ പ്രതിഗ്രഹിക്കലും പണം കൊടുക്കലും.—ആവശ്യമായി വന്നാലുള്ള ഡ്രായിക്ക് മുൻപ്രൊട്ടെസ്ററ് കൂടാതെ വിനിമയ പത്രം പ്രതിഗ്രഹിക്കുകയും അതിലെ പണം കൊടുക്കുകയും ചെയ്യാവുന്നതാണ്.

## അദ്ധ്യായം XII

## നഷ്ടപരിഹാരത്തെക്കുറിച്ച്

117. നഷ്ടപരിഹാരം സംബന്ധിച്ച ചട്ടങ്ങൾ.—ഒരു പ്രോനോട്ടിന്റേയോ വിനിമയപത്രത്തിന്റേയോ ചെക്കിന്റേയോ അനാദരണത്തിന്റെ സംഗതിയിൽ ധാരകനോടോ ഏതെങ്കിലും എൻഡോഴ്സിയോടോ ബാദ്ധ്യതയുള്ള ഏതെങ്കിലും കക്ഷി കൊടുക്കേണ്ട നഷ്ടപരിഹാരം താഴെപ്പറയുന്ന ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കുന്നതാകുന്നു:—

(ക) ധാരകന് പ്രമാണത്തിൻമേൽ കിട്ടേണ്ട തുകയ്ക്കും അതോടുകൂടി അത് പ്രസന്റ് ചെയ്യുന്നതിനും, നോട്ട്ചെയ്യുന്നതിനും പ്രൊട്ടസ്റ്റ് ചെയ്യുന്നതിനും അയാൾക്ക് ന്യായമായി നേരിടുന്ന ചെലവുകൾക്കും അവകാശമുണ്ട്;

(ഖ) ബാദ്ധ്യസ്ഥനായ ആൾ പ്രമാണത്തിലെ പണം കൊടുക്കേണ്ടതായിരുന്ന സ്ഥലത്തുനിന്ന് വ്യത്യസ്തമായ ഒരു സ്ഥലത്ത് താമസിക്കുമ്പോൾ അങ്ങനെയുള്ള തുക രണ്ടുസ്ഥലവും തമ്മിൽ വിനിമയത്തിന് നിലവിലുള്ള നിരക്കിൽ തുക കിട്ടുന്നതിന് ധാരകന് അവകാശമുണ്ട്;

(ഗ) അതിൻമേൽ കൊടുക്കേണ്ട തുക കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കെ, കൊടുത്തിട്ടുള്ള എൻഡോഴ്സർക്ക് അങ്ങനെ കൊടുത്ത തുക പണം കൊടുക്കുന്ന തീയതിമുതൽ അത് ടെൻഡർ ചെയ്യുകയോ വസൂലാക്കുകയോ ചെയ്യുന്നതുവരെ പ്രതിവർഷം ആറു ശതമാനം പലിശയോടും, അനാദരിക്കപ്പെട്ടതിനാലും പണം കൊടുത്തതിനാലും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളോടുംകൂടി കിട്ടുന്നതിന് അവകാശമുണ്ട്;

(ഘ) ബാദ്ധ്യസ്ഥനായ ആളും അങ്ങനെയുള്ള എൻഡോഴ്സറും വ്യത്യസ്ത സ്ഥലങ്ങളിൽ താമസിക്കുമ്പോൾ, അങ്ങനെയുള്ള തുക രണ്ടുസ്ഥലവുംതമ്മിൽ വിനിമയത്തിന് നിലവിലുള്ള നിരക്കിൽ കിട്ടുന്നതിന് എൻഡോഴ്സർക്ക് അവകാശമുണ്ട്;

(ങ) നഷ്ടപരിഹാരത്തിനവകാശമുള്ള കക്ഷിക്ക് തനിക്ക് ശരിക്ക് നേരിട്ടിട്ടുള്ള ചെലവുകളോടുകൂടി കിട്ടേണ്ട തുകയ്ക്ക്, കാണുമ്പോഴോ ആവശ്യപ്പെടുമ്പോഴോ പണം കൊടുക്കേണ്ട ഒരു വിനിമയ പത്രം തനിക്ക് നഷ്ടപരിഹാരം ചെയ്യുവാൻ ബാദ്ധ്യതയുള്ള കക്ഷിയുടെ പേർക്ക് ഡ്രാ ചെയ്യാവുന്നതാണ്. അങ്ങനെയുള്ള വിനിമയപത്രത്തോടൊപ്പം അനാദരിക്കപ്പെട്ട പ്രമാണവും അതിൻമേലുള്ള പ്രൊട്ടസ്റ്റും (ഏതെങ്കിലും ഉണ്ടെങ്കിൽ) ഉണ്ടായിരിക്കണം. അങ്ങനെയുള്ള വിനിമയപത്രം അനാദരിക്കപ്പെടുന്നുവെങ്കിൽ, അത് അനാദരിക്കുന്ന കക്ഷി ആദ്യത്തെ വിനിമയപത്രത്തിന്റെ സംഗതിയിൽ ഏതു രീതിയിലോ അതേ രീതിയിൽ അതിനുള്ള നഷ്ടപരിഹാരം ചെയ്യുവാൻ ബാദ്ധ്യതയുള്ളവനാകുന്നു.

## അദ്ധ്യായം XIII

## വിശേഷാൽ തെളിവുചട്ടങ്ങൾ

118. കൈമാറാവുന്ന പ്രമാണങ്ങൾ സംബന്ധിച്ചുള്ള അനുമാനങ്ങൾ.—വിപരീതമായത് തെളിയിക്കപ്പെടുന്നതുവരെ, താഴെപ്പറയുന്ന അനുമാനങ്ങൾ ചെയ്യേണ്ടതാകുന്നു:

(ക) പ്രതിഫലത്തെക്കുറിച്ച്.— ഏതൊരു കൈമാറാവുന്ന പ്രമാണവും എഴുതിക്കൊടുത്തതോ ഡ്രാ ചെയ്തതോ പ്രതിഫലത്തിനാണെന്നും അങ്ങനെയുള്ള ഏതൊരു പ്രമാണവും, പ്രതിഗ്രഹിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ കൈമാറുകയോ കൈമാറ്റം ചെയ്യുകയോ ചെയ്തിട്ടുള്ളപ്പോൾ, അത് പ്രതിഗ്രഹിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ കൈമാറുകയോ കൈമാറ്റം ചെയ്യുകയോ ചെയ്തത് പ്രതിഫലത്തിനാണെന്നും;

(ഖ) തീയതി സംബന്ധിച്ച്.—ഒരു തീയതി വച്ചിട്ടുള്ള ഏതൊരു കൈമാറാവുന്ന പ്രമാണവും എഴുതിക്കൊടുത്തതോ ഡ്രാ ചെയ്തതോ ആ തീയതിയിലാണെന്ന്;

(ഗ) പ്രതിഗ്രഹണസമയം സംബന്ധിച്ച്.— പ്രതിഗ്രഹിക്കപ്പെട്ട ഏതൊരു വിനിമയപത്രവും അതിന്റെ തീയതിക്കുശേഷം ന്യായമായ സമയത്തിനുള്ളിലും അതിന്റെ കാലമെത്തലിന് മുൻപും ആണ് പ്രതിഗ്രഹിക്കപ്പെട്ടതെന്ന്;

(ഘ) കൈമാറ്റ സമയം സംബന്ധിച്ച്.—ഒരു കൈമാറാവുന്ന പ്രമാണത്തിന്റെ ഏതൊരു കൈമാറ്റവും അതിന്റെ കാലമെത്തലിനുമുൻപാണ് ചെയ്തതെന്ന്;

(ങ) എൻഡോഴ്സ് ചെയ്തിട്ടുള്ള ക്രമം സംബന്ധിച്ച്.—ഒരു കൈമാറാവുന്ന പ്രമാണത്തിൻമേൽ കാണപ്പെടുന്ന എൻഡോഴ്സ്മെന്റുകൾ അതിൻമേൽ അവ കാണപ്പെടുന്ന ക്രമത്തിലാണ് ചെയ്യപ്പെട്ടതെന്ന്;

(ച) സ്റ്റാമ്പ് സംബന്ധിച്ച്.—നഷ്ടപ്പെട്ടുപോയ ഒരു പ്രോനോട്ടോ വിനിമയപത്രമോ ചെക്കോ മുറപ്രകാരം സ്റ്റാമ്പ് ചെയ്യപ്പെട്ടതായിരുന്നുവെന്ന്;

(ഛ) ധാരകൻ മുറയ്ക്കുള്ള ധാരകനാണെന്ന്.—ഒരു കൈമാറാവുന്ന പ്രമാണത്തിന്റെ ധാരകൻ മുറയ്ക്കുള്ള ധാരകനാണെന്ന്: എന്നാൽ പ്രമാണം അതിന്റെ നിയമാനുസൃത ഉടമസ്ഥനിൽ നിന്നോ, അതിന്റെ നിയമാനുസൃത കസ്റ്റഡിയുള്ള ഏതെങ്കിലും ആളിൽനിന്നോ ഒരു കുറ്റമോ വഞ്ചനയോ വഴി ലഭിക്കുകയോ അല്ലെങ്കിൽ അതിന്റെ രചയിതാവിൽനിന്നോ പ്രതിഗൃഹീതാവിൽ നിന്നോ ഒരു കുറ്റമോ വഞ്ചനയോ വഴിയോ നിയമവിരുദ്ധമായ പ്രതിഫലത്തിനോ ലഭിക്കുകയോ ചെയ്തിട്ടുള്ളിടത്ത്, ധാരകൻ മുറയ്ക്കുള്ള ധാരകനാണെന്ന് തെളിയിക്കേണ്ട ഭാരം അയാൾക്കായിരിക്കുന്നതാണ്.

119. പ്രൊട്ടസ്റ്റ് തെളിയിച്ചാലുള്ള അനുമാനം.— അനാദരിക്കപ്പെട്ട ഒരു പ്രമാണത്തിൻമേലുള്ള വ്യവഹാരത്തിൽ, കോടതി, പ്രൊട്ടെസ്റ്റ് തെളിയിക്കപ്പെട്ടാൽ അനാദരിക്കപ്പെട്ടു എന്ന വസ്തുത, അങ്ങനെയുള്ള വസ്തുത ഇല്ലെന്ന് തെളിയിക്കാത്തപക്ഷവും തെളിയിക്കുന്നതുവരേയും അനുമാനിക്കേണ്ടതാണ്.

120. പ്രമാണത്തിന്റെ ആദ്യസാധുത്വം നിഷേധിക്കുന്നതിന് എതിരായുള്ള വാദതടസ്സം.— പ്രോനോട്ടിന്റെ രചയിതാവിനേയും, വിനിമയപത്രത്തിന്റേയോ ചെക്കിന്റേയോ ഡ്രായറേയും വിനിമയപത്രത്തിന്റെ ഡ്രായറുടെ ആദരണാർത്ഥം ഉള്ള പ്രതിഗൃഹീതാവിനേയും അതിൻമേൽ മുറയ്ക്കുള്ള ധാരകൻ കൊടുക്കുന്ന വ്യവഹാരത്തിൽ പ്രമാണത്തിന്റെ, അത് ആദ്യം എഴുതിക്കൊടുക്കുകയോ ഡ്രാ ചെയ്യുകയോ ചെയ്ത നിലയിൽ ഉള്ള സാധുത നിഷേധിക്കുവാൻ അനുവദിക്കുന്നതല്ല.

121. എൻഡോഴ്സ് ചെയ്യുവാനുള്ള ആദാതാവിൻെറ സമർത്ഥത നിഷേധിക്കുന്നതിനെതിരായുള്ള വാദതടസ്സം.— ഒരു പ്രോനോട്ടിൻെറ രചയിതാവിനേയും, ആർഡർക്കുപണം കൊടുക്കേണ്ട ഒരു വിനിമയപത്രത്തിൻെറ പ്രതിഗൃഹീതാവിനേയും, മുറയ്ക്കുള്ള ധാരകൻ കൊടുക്കുന്ന വ്യവഹാരത്തിൽ, ആ പ്രോനോട്ടിൻേറയോ വിനിമയപത്രത്തിൻേറയോ തീയതി, ആദാതാവിന് അതു എൻഡോഴ്സ് ചെയ്യാനുള്ള സമർത്ഥത നിഷേധിക്കുവാൻ അനുവദിക്കുന്നതല്ല

122. മുൻകക്ഷിയുടെ ഒപ്പോ സമർത്ഥതയോ നിഷേധിക്കുന്നതിനെതിരായുള്ള വാദതടസ്സം.— ഒരു കൈമാറാവുന്ന പ്രമാണത്തിൻെറ എൻഡോഴ്സറെ, അതിൻമേൽ ഒരു പിൻധാരകൻ കൊടുക്കുന്ന വ്യവഹാരത്തിൽ ആ പ്രമാണത്തിൻെറ ഏതെങ്കിലും മുൻകക്ഷിയുടെ ഒപ്പോ അയാൾക്കു കാൺട്രാക്റ്റ് ചെയ്യാനുള്ള സമർത്ഥതയോ നിഷേധിക്കുവാൻ അനുവദിക്കുന്നതല്ല.

## അദ്ധ്യായം XIV

## ക്രാസ്സ് ചെയ്ത ചെക്കുകളെക്കുറിച്ച്

123. സാമാന്യമായി ക്രോസ്സ് ചെയ്ത ചെക്ക്.— ഒരു ചെക്ക് അതിൻെറ മുഖഭാഗത്ത് കൂട്ടിച്ചേർത്ത വിലങ്ങനെയുള്ള രണ്ട് സമാന്തര വരകൾക്കകത്തുള്ള "ആൻഡ് കമ്പനി" എന്ന വാക്കുകളോ അല്ലെങ്കിൽ അവയുടെ വല്ല സംക്ഷിപ്ത രൂപമോ അല്ലെങ്കിൽ വിലങ്ങനെയുള്ള വെറും രണ്ട് സമാന്തരവരകളോ "കൈമാററം ചെയ്യാവുന്നതല്ല" എന്ന വാക്കുകളോടുകൂടിയോ കൂടാതേയോ വഹിക്കുന്നിടത്ത്, അങ്ങനെ കൂട്ടിച്ചേർത്ത് ഒരു ക്രാസ്സ് ചെയ്യലായി കരുതപ്പെടുന്നതും ചെക്ക് സാമാന്യമായി ക്രാസ്സ് ചെയ്തതായി കരുതപ്പെടുന്നതും ആകുന്നു.

124. വിശേഷാൽ ക്രാസ്സ് ചെയ്ത ചെക്ക്.— ഒരു ചെക്ക് അതിൻെറ മുഖഭാഗത്ത് കൂട്ടിച്ചേർത്ത ഒരു ബാങ്കറുടെ പേര് "കൈമാററം ചെയ്യാവുന്നതല്ല" എന്ന വാക്കുകളോടുകൂടിയോ കൂടാതേയോ വഹിക്കുന്നിടത്ത് അങ്ങനെ കൂട്ടിച്ചേർത്തത് ഒരു ക്രാസ്സ് ചെയ്യലായി കരുതപ്പെടുന്നതും ചെക്ക് വിശേഷാൽ ക്രാസ്സ് ചെയ്തതായും ആ ബാങ്കർക്ക് ക്രാസ്സ് ചെയ്തതായി കരുതപ്പെടുന്നതും ആകുന്നു.

125. എഴുതി കൊടുത്തതിനുശേഷം ക്രാസ്സ് ചെയ്യൽ.— ഒരു ചെക്ക് ക്രാസ്സ് ചെയ്തതല്ലാത്തിടത്ത് ധാരകന് അത് സാമാന്യമായോ വിശേഷാലോ ക്രാസ്സ് ചെയ്യാവുന്നതാണ്.

ഒരു ചെക്ക് സാമാന്യമായി ക്രാസ്സ് ചെയ്തിട്ടുള്ളിടത്ത് ധാരകന് അത് വിശേഷാൽ ക്രാസ്സ് ചെയ്യാവുന്നതാണ്.

ഒരു ചെക്ക് സാമാന്യമായോ വിശേഷാലോ ക്രാസ്സ് ചെയ്തിട്ടുള്ളിടത്ത്, ധാരകന് "കൈമാററം ചെയ്യാവുന്നതല്ല" എന്ന വാക്കുകൾ കൂട്ടിച്ചേർക്കാവുന്നതാണ്.

ഒരു ചെക്ക് വിശേഷാൽ ക്രാസ്സ് ചെയ്തിട്ടുള്ളിടത്ത് അത് ഏത് ബാങ്കർക്ക് ആണോ ക്രാസ്സ് ചെയ്തിട്ടുള്ളത്, അയാൾക്ക് തുക പിരിക്കാനുള്ള അയാളുടെ ഏജൻറായ മറെറാരു ബാങ്കർക്ക് അത് വീണ്ടും വിശേഷാൽ ക്രാസ്സ് ചെയ്യാവുന്നതാണ്.

126. സാമാന്യമായി ക്രാസ്സ് ചെയ്ത ചെക്കിൻെറ പണം കൊടുക്കൽ.— ഒരു ചെക്ക് സാമാന്യമായി ക്രാസ്സ് ചെയ്തിട്ടുള്ളിടത്ത് ഏത് ബാങ്കറുടെ പേർക്കാണോ അത് ഡ്രാ ചെയ്തിരിക്കുന്നത്, അയാൾ അതിൻെറ പണം ഒരു ബാങ്കർക്കല്ലാതെ കൊടുക്കാൻ പാടുള്ളതല്ല.

വിശേഷാൽ ക്രാസ്സ് ചെയ്ത ചെക്കിൻെറ പണം കൊടുക്കൽ.— ഒരു ചെക്ക് വിശേഷാൽ ക്രോസ്സ് ചെയ്തിട്ടുള്ളിടത്ത്, ഏത് ബാങ്കറുടെ പേർക്കാണോ അത് ഡ്രാ ചെയ്തിരിക്കുന്നത്, അയാൾ, അതിൻെറ പണം, അത് ഏത് ബാങ്കർക്കാണോ ക്രാസ്സ് ചെയ്തിട്ടുള്ളത്, ആ ബാങ്കർക്കോ അയാളുടെ പണം പിരിക്കുന്ന ഏജൻറിനോ അല്ലാതെ കൊടുക്കാൻ പാടുള്ളതല്ല.

127. ഒന്നിലധികം പ്രാവശ്യം വിശേഷാൽ ക്രാസ്സ് ചെയ്ത ചെക്കിൻെറ പണം കൊടുക്കൽ.— തുക പിരിക്കുന്നതിന് ഒരു ഏജൻറിന് ക്രാസ്സ് ചെയ്തിട്ടുള്ളപ്പോളൊഴികെ, ഒരു ചെക്ക് ഒന്നിലധികം ബാങ്കർക്ക് വിശേഷാൽ ക്രോസ്സ് ചെയ്തിട്ടുള്ളിടത്ത്, ഏതു ബാങ്കറുടെ പേർക്ക് ആണോ അത് ഡ്രാ ചെയ്തിരിക്കുന്നത് അയാൾ അതിലെ പണം കൊടുക്കാൻ പാടുള്ളതല്ല.

128. ക്രാസ്സ് ചെയ്ത ചെക്കിൻെറ മുറപ്രകാരമുള്ള പണം കൊടുക്കൽ.— ക്രാസ്സ് ചെയ്ത ഒരു ചെക്ക്, ഏത് ബാങ്കറുടെ പേർക്കാണോ ഡ്രാ ചെയ്തിട്ടുള്ളത്, അയാൾ മുറപ്രകാരം അതിൻെറ പണം കൊടുത്തിട്ടുള്ളിടത്ത്, ചെക്കിലെ തുക, അതിൻെറ യഥാർത്ഥ ഉടമസ്ഥന് കൊടുക്കുകയും അയാൾ അത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ, ചെക്കിൻെറ പണം കൊടുക്കുന്ന ബാങ്കർക്കും (ആ ചെക്ക് ആ ദാതാവിൻെറ കൈയിൽ വന്നുചേർന്നിട്ടുള്ള സംഗതിയിൽ) അതിലെ ഡ്രായർക്കും യഥാക്രമം എല്ലാക്കാര്യങ്ങളിലും, എന്ത് അവകാശങ്ങൾ ഉണ്ടാവുകയും, അവർ ഏത് നിലയിൽ സ്ഥിതി ചെയ്യുകയും ചെയ്യുമായിരുന്നുവോ അതേ അവകാശങ്ങൾക്ക് അവകാശമുണ്ടായിരിക്കുകയും അതേ നിലയിൽ സ്ഥിതി ചെയ്യുകയും ചെയ്യുന്നതാകുന്നു.

129. ക്രാസ്സ് ചെയ്ത ചെക്കിന് മുറപ്രകാരമല്ലാത്ത പണം കൊടുക്കൽ.— സാമാന്യമായി ക്രാസ്സ് ചെയ്ത ഒരു ചെക്കിൻെറ പണം ഒരു ബാങ്കർക്കല്ലാതേയോ വിശേഷാൽ ക്രാസ്സ് ചെയ്ത ഒരു ചെക്കിൻെറ പണം, അത് ഏത് ബാങ്കർക്കാണോ ക്രാസ്സ് ചെയ്തിട്ടുള്ളത്, അയാൾക്കോ അയാളുടെ പണം പിരിക്കാനുള്ള ബാങ്കറായ ഏജൻറിനോ, അല്ലാതേയോ കൊടുക്കുന്ന ഏതെങ്കിലും ബാങ്കർ, ആ ചെക്കിൻെറ പണം അപ്രകാരം കൊടുക്കുന്നതുകൊണ്ട്, ചെക്കിൻെറ യഥാർത്ഥ ഉടമസ്ഥന് നേരിടാവുന്ന ഏത് നഷ്ടത്തിനും ബാദ്ധ്യതയുള്ളവനായിരിക്കുന്നതാണ്.

130. "കൈമാററം ചെയ്യാവുന്നതല്ല" എന്ന് വഹിക്കുന്ന ചെക്ക്.— സാമാന്യമായോ വിശേഷാലോ, ക്രാസ്സ് ചെയ്തതും ഓരോ സംഗതിയിലും 'കൈമാററം ചെയ്യാവുന്നതല്ല" എന്ന വാക്കുകൾ വഹിക്കുന്നതുമായ ഒരു ചെക്ക് സ്വീകരിക്കുന്ന ഒരാൾക്ക്, അയാൾ അത് ആരിൽ നിന്നാണോ സ്വീകരിച്ചത്, അയാൾക്ക് ഉണ്ടായിരുന്നതിനേക്കാൾ മെച്ചപ്പെട്ട ഉടമാവകാശം ഉണ്ടായിരിക്കുകയോ കൈമാറുവാൻ സമർത്ഥത ഉണ്ടായിരിക്കുകയോ ചെയ്യുന്നതല്ല.

131. ചെക്കിൻെറ പണം വാങ്ങുന്ന ബാങ്കറുടെ ബാദ്ധ്യതയില്ലായ്മ.— സാമാന്യമായോ വിശേഷാലോ തനിക്കു ക്രാസ്സ് ചെയ്ത ഒരു ചെക്കിൻെറ പണം ഒരു പതിവുകാരനുവേണ്ടി ഉത്തമവിശ്വാസത്തോടും ഉപേക്ഷ കൂടാതേയും വാങ്ങിയിട്ടുള്ള ഒരു ബാങ്കർക്ക്, ചെക്കിൻെറ അവകാശത്തെളിവ് അപര്യാപ്തമാണെന്ന് തെളിയുന്നപക്ഷം, അയാൾ അങ്ങനെ പണം കൊടുക്കുന്നത് വാങ്ങിയെന്ന കാരണത്താൽമാത്രം ചെക്കിൻെറ യഥാർത്ഥ ഉടമസ്ഥനോട് യാതൊരു ബാദ്ധ്യതയും നേരിടുന്നതല്ല.

വിശദീകരണം:— ഒരു ബാങ്കർ ഒരു ക്രാസ്സ് ചെയ്ത ചെക്കിൻെറ പണം വാങ്ങുന്നതിനുമുമ്പ് തൻെറ പതിവുകാരൻെറ കണക്കിൽ അതിൻെറ തുക വരവു വെച്ചാൽ തന്നെയും, ഈ വകുപ്പിൻെറ അർത്ഥത്തിൽ അയാൾ ഒരു പതിവുകാരനുവേണ്ടി ഒരു ക്രാസ്സ് ചെയ്ത ചെക്കിൻെറ പണം വാങ്ങുന്നു.

131.ക. ഡ്രാഫ്ററുകൾക്ക് അദ്ധ്യായം ബാധകമാക്കൽ.— ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ 85 ക വകുപ്പിലെ നിർവ്വചിച്ചപ്രകാരമുള്ള ഏതെങ്കിലും ഡ്രാഫ്ററിനും, ഡ്രാഫ്ററ് ഒരു ചെക്കായിരുന്നാലെന്നപോലെ, ബാധകമാകുന്നതാണ്.

## അദ്ധ്യായം XV

## സെററുകളായ വിനിമയപത്രങ്ങളെക്കുറിച്ച്

132. വിനിമയപത്രങ്ങളുടെ സെററ്.— വിനിമയപത്രങ്ങൾ ഭാഗങ്ങളായും ഓരോ ഭാഗവും നമ്പരിട്ടും, അത് മററു ഭാഗങ്ങൾക്ക് പണം കൊടുക്കാതിരിക്കുന്നിടത്തോളം മാത്രം പണം കൊടുക്കേണ്ടതായി തുടരുമെന്ന വ്യവസ്ഥ അടങ്ങിയതായും ഡ്രാ ചെയ്യാവുന്നതാണ്. എല്ലാ ഭാഗങ്ങളും ഒന്നിച്ച് ഒരു സെററാകുന്നതാണ്; എന്നാൽ മുഴുവൻ സെററും ഏക വിനിമയപത്രം മാത്രമായിരിക്കുന്നതും, അതിൻെറ ബാദ്ധ്യതാ ഭാഗങ്ങളിൽ ഒന്ന് വേറിട്ട വിനിമയപത്രമാണെങ്കിൽ, ആ ഭാഗത്തിൻെറ ബാദ്ധ്യത ഇല്ലാതാകുമ്പോൾ ഇല്ലാതാകുന്നതും ആണ്.

അപവാദം:— ഒരാൾ ഒരു വിനിമയപത്രത്തിലെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്തരായ ആളുകളുടെ പേർക്ക് പ്രതിഗ്രഹിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ ചെയ്യുമ്പോൾ, അയാളും ഓരോ ഭാഗത്തിൻേറയും പിൻ എൻഡോഴ്സർമാരും ആ ഭാഗത്തിൻ മേൽ, അത് വേറിട്ട വിനമയപത്രം ആയിരുന്നാലെന്നപോലെ ബാദ്ധ്യതയുള്ളവരായിരിക്കുന്നതാണ്.

133. ആദ്യം ആർജ്ജിക്കപ്പെട്ട ഭാഗത്തിൻെറ ധാരകന് എല്ലാററിനും അവകാശമുണ്ടെന്ന്.—ഒരേ സെററിൻെറ വ്യത്യസ്ത ഭാഗങ്ങളുടെ മുറപ്രകാരമുള്ള ധാരകൻമാർക്കിടയിൽ, ആദ്യം തൻെറ ഭാഗത്തിൻെറ ഉടമാവകാശം ആർജ്ജിച്ച ആൾക്ക് മററു ഭാഗങ്ങൾക്കും വിനിമയപത്രം പ്രതിനിധാനം ചെയ്യുന്ന പണത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

## അന്താരാഷ്ട്ര നിയമത്തെക്കുറിച്ച്

134. വിദേശപ്രമാണത്തിന്റെ രചയിതാവിന്റേയോ പ്രതിഗൃഹീതാവിന്റേയോ എൻഡോഴ്സറുടേയോ ബാദ്ധ്യത അനുശാസിക്കുന്ന നിയമം.—വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, ഒരു വിദേശ പ്രോനോട്ടിന്റേയോ വിദേശവിനിമയപത്രത്തിന്റേയോ വിദേശ ചെക്കിന്റേയോ രചയിതാവിന്റേയോ ഡ്രായറുടേയോ ബാദ്ധ്യത, അയാൾ എവിടെവച്ചാണോ പ്രമാണം ഉണ്ടാക്കിയത്, ആ സ്ഥലത്തെ നിയമപ്രകാരവും, പ്രതിഗൃഹീതാവിന്റേയും എൻഡോഴ്സറുടേയും യഥാക്രമമുള്ള ബാദ്ധ്യതകൾ പ്രമാണത്തിലെ പണം എവിടെ ആണോ കൊടുക്കേണ്ടത് ആ സ്ഥലത്തെ നിയമപ്രകാരവും, സാരമായ എല്ലാ കാര്യങ്ങളിലും ക്രമപ്പെടുത്തപ്പെട്ടിരിക്കുന്നതാകുന്നു.

### ദൃഷ്ടാന്തം

25 ശതമാനം പലിശനിരക്ക് ഉള്ള കാലിഫോർണിയായിൽവച്ച്, ക ഒരു വിനിമയപത്രം ഡ്രാചെയ്യുകയും 6 ശതമാനം പലിശനിരക്കുള്ള വാഷിങ്ടണിൽ വച്ച് പണം കൊടുക്കേണ്ടതായി ഖ അതു പ്രതിഗ്രഹിക്കുകയും ചെയ്യുന്നു. വിനിമയപത്രം ഇൻഡ്യയിൽവച്ച് എൻഡോഴ്സ്ചെയ്യപ്പെടുകയും അനാദരിക്കപ്പെടുകയും ചെയ്യുന്നു. ഇൻഡ്യയിൽവച്ച് ഖ-യ്ക്ക് എതിരെ ആ വിനിമയപത്രത്തിൻമേൽ ഒരു വ്യവഹാരം കൊണ്ടുവരുന്നു. അയാൾ 6 ശതമാനം നിരക്കിൻ മാത്രം പലിശ കൊടുക്കാൻ ബാദ്ധ്യതയുള്ളവനാണ്; എന്നാൽ ഡ്രായറായി ക-യെ ബാദ്ധ്യസ്ഥനാക്കുന്നുവെങ്കിൽ അയാൾ 25 ശതമാനം നിരക്കിൽ പലിശ കൊടുക്കാൻ ബാദ്ധ്യതയുള്ളതാകുന്നു.

335. അനാദരണം പണം കൊടുക്കേണ്ട സ്ഥലത്തെ നിയമത്താൽ അനുശാസിക്കപ്പെടുന്നു.—ഒരു പ്രോനോട്ടോ വിനിമയപത്രമോ, ചെക്കോ അത് ഉണ്ടാക്കിക്കയോ എൻഡോഴ്സ് ചെയ്യുകയോചെയ്ത സ്ഥലത്തുനിന്ന് വ്യത്യസ്തമായ ഒരു സ്ഥലത്തുവച്ച് പണം കൊടുക്കേണ്ടതാക്കിയിട്ടുള്ളിടത്ത്, എന്താണ് അനാദരണമാകുന്നതെന്നും അനാദരണത്തിന് എങ്ങനെയുള്ള നോട്ടീസ് മതിയാകുമെന്നും നിശ്ചയിക്കുന്നത് പണം കൊടുക്കേണ്ടതാക്കിയിട്ടുള്ള സ്ഥലത്തെ നിയമമാകുന്നു.

### ദൃഷ്ടാന്തം

ഇൻഡ്യയിൽവച്ച് ഡ്രാ ചെയ്യുകയും എൻഡോഴ്സ് ചെയ്യുകയും ചെയ്തതും, എന്നാൽ ഫ്രാൻസിൽവച്ച് പണം കൊടുക്കേണ്ടതായി പ്രതിഗ്രഹിച്ചിട്ടുള്ളതുമായ ഒരു വിനിമയപത്രം അനാദരിക്കപ്പെടുന്നു. എൻഡോഴ്സി അത് അങ്ങനെയുള്ള അനാദരണത്തിന് പ്രൊട്ടെസ്ററ് ചെയ്യിക്കുകയും, വിദേശീയമല്ലാത്തവയെ സംബന്ധിച്ച് ഇതിലടങ്ങിയ ചട്ടങ്ങൾ അനുസരിച്ചല്ലെങ്കിലും, ഫ്രാൻസിലെ നിയമമനുസരിച്ച് അതിന്റെ നോട്ടീസ് കൊടുക്കുകയും ചെയ്യുന്നു. നോട്ടീസ് മതിയായതാണ്.

136. ഇൻഡ്യയ്ക്ക് വെളിയിൽ വച്ചും എന്നാൽ ഇൻഡ്യയിലെ നിയമം അനുസരിച്ചും ഉണ്ടാക്കുകയും മററും ചെയ്ത പ്രമാണം.—ഒരു കൈമാററാവുന്ന പ്രമാണം ഇൻഡ്യയ്ക്ക് വെളിയിൽ വച്ചും എന്നാൽ ഇൻഡ്യയിലെ നിയമം അനുസരിച്ചും എഴുതിക്കൊടുക്കുകയോ ഡ്രാ ചെയ്യുകയോ പ്രതിഗ്രഹിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള പ്രമാണം തെളിവായിട്ടുള്ള ഏതെങ്കിലും കരാർ, അത് ഏത് രാജ്യത്തു വച്ചാണോ ഉണ്ടായത്, അവിടത്തെ നിയമം അനുസരിച്ച് അസാധുവാണെന്ന സംഗതി ഇൻഡ്യയ്ക്കുള്ളിൽ വച്ച് അതിൻമേൽ ചെയ്ത പിന്നീടുള്ള ഏതെങ്കിലും പ്രതിഗ്രഹണത്തേയോ എൻഡോഴ്സ്മെൻറിനേയോ അസാധുവാക്കുന്നതല്ല.

137. വിദേശ നിയമത്തെക്കുറിച്ചുള്ള അനുമാനം.—പ്രോനോട്ടുകളും വിനിമയപത്രങ്ങളും, ചെക്കുകളും സംബന്ധിച്ചുള്ള ഏതെങ്കിലും വിദേശ രാജ്യത്തിലെ നിയമം, ഇൻഡ്യയുടേതുപോലെതന്നെയുള്ളതാണെന്ന്, വിപരീതമായത് തെളിയിക്കാത്തപക്ഷവും തെളിയിക്കുന്നതുവരേയും, അനുമാനിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XVII

[നോട്ടറീസ് പബ്ളിക്ക് ആക്ററ്, 1952–നാൽ റദ്ദാക്കപ്പെട്ടു]

പട്ടിക.—(റദ്ദാക്കിയ അധിനിയമങ്ങൾ) റദ്ദാക്കി.